# പ്രലോഭനങ്ങളെ
# അതിജീവിക്കുക

## ദൈനംദിന വിജയത്തിനാവശ്യമായ
## തിരുവചന തത്വങ്ങൾ

റാൽഫ് ബി. ലോയ്ഡ്

വിവർത്തനം : ഡോ.ലിസ്സി ജോർജ്

**PRALOBHANANGALE ATHIJEEVIKKUKA**

(Malayalam)

**Author : RALPH B LLOYD**

Copyright © Publisher

First English Edition : 1999

First Malayalam Edition : 2020

Copies : 10000

*No part of this publication may be reproduced or transmitted in any form or by any means, electronical, including photocopying, recording, or any information storage and retrieval system, without permission in writing from the publisher.*

*Free downloads visit:*

*overcomingtempatation.net*
*or*
*overcomingtemptation.org*

Translated by : Dr. Lissy George

Printed and Published by

**RUHA MINISTRIES**

Vyttila, Cochin - 682019
Ph : +9 19747978437

# ഉള്ളടക്കം


പേജ് നം.

A ദൈവവുമായുള്ള നിങ്ങളുടെ ബന്ധത്തെ പുനർനിർമ്മിക്കുക

1. ബഹുമാനിക്കുക (Revere) 13
2. ഏറ്റുപറയുക (Repent) 15
3. നീക്കുക (Remove) 18
4. പുതുക്കുക (Renew) 19
5. ജ്വലിപ്പിക്കുക (Rekindle) 21
6. പുനഃസമർപ്പിക്കുക (Rededicate) 23
7. വീണ്ടെടുക്കുക (Regain) 24
8. സമർപ്പിക്കുക (Recommit) 27
9. സജ്ജമാക്കുക (Ready) 28
10. ശക്തിയാർജ്ജിക്കുക (Reinforce) 30
11. തിരഞ്ഞെടുക്കുക (Recruit) 32
12. വിശ്രമിക്കുക (Rest) 33

B പ്രലോഭനങ്ങൾ വരുമ്പോൾ അതിനെ എതിർക്കുക (Resist)

1. തിരിച്ചറിയുക (Recognize) 35
2. മനസ്സിലാക്കുക (Realize) 39
3. ഓർക്കുക (Remember) 41
4. മനഃപാഠമാക്കുക (Recite) 45
5. നിരാകരിക്കുക (Refuse) 46
6. പിൻവാങ്ങുക (Retreat) 49
7. എണ്ണുക (Reckon) 51
8. അപേക്ഷിക്കുക (Request) 55
9. ദൃഢനിശ്ചയമെടുക്കുക (Resolve) 56
10. പുനഃസ്ഥാപിക്കുക (Replace) 59
11. സന്തോഷിക്കുക (Rejoice) 61
12. അപജയപ്പെടുത്തുക (Reverse) 63

ഉപസംഹാരം 70

# സമർപ്പണം

തന്റെ വിശുദ്ധിയിൽ പങ്കാളിയാകുവാനും, തന്റെ സാന്നിധ്യ ത്തിന്റെ നിറവിലാകുവാനുമായി, എന്നെ സ്നേഹിക്കുകയും, എനിക്കു വേണ്ടി മരിച്ച് അടക്കപ്പെട്ട് മൂന്നാം നാൾ ഉയർത്തെഴുന്നേറ്റവനുമായ കർത്താവായ യേശുക്രിസ്തുവിന് ഈ ലഘു ഗ്രന്ഥം സമർപ്പിക്കുന്നു.

എന്റെ മക്കൾക്കും ഭാവിയിൽ എനിക്ക് ലഭിക്കുന്ന കൊച്ചു മക്കൾക്കും, പ്രലോഭനങ്ങളെ അതിജീവിക്കുവാനും രക്ഷകനായ ക്രിസ്തുവിനു യോഗ്യമാംവണ്ണം ജീവിക്കുവാനും അവനുവേണ്ടി അധികം ഫലം കായ്ക്കുവാനുമായി ഞാൻ ഇത് സമർപ്പിക്കുന്നു.

പ്രലോഭനങ്ങളിൽ നിന്നും, പാപത്തിന്റെ അടിമത്വത്തിൽ നിന്നും വിടുതൽ ആഗ്രഹിക്കുന്ന, ലോകമെമ്പാടുമുള്ള വിശുദ്ധർക്ക് ദൈവത്തെ ആഴമായി സ്നേഹിക്കുന്നതിനും ക്രിസ്തുവിനോടുള്ള അനുസരണ ത്തിനും ഈ ഗ്രന്ഥത്തിലെ ഉത്ബോധനങ്ങൾ പ്രേരകമാകട്ടെ എന്ന് ഞാൻ ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

“അതിനു യേശു : ആമേൻ ആമേൻ ഞാൻ നിങ്ങളോടു പറ യുന്നു: പാപം ചെയ്യുന്നവൻ എല്ലാം പാപത്തിന്റെ ദാസൻ ആകുന്നു. ദാസൻ എന്നേക്കും വീട്ടിൽ വസിക്കുന്നില്ല; പുത്രനോ എന്നേക്കും വസിക്കുന്നു. പുത്രൻ നിങ്ങൾക്കു സ്വാതന്ത്ര്യം വരുത്തിയാൽ നിങ്ങൾ സാക്ഷാൽ സ്വതന്ത്രർ ആകും.” (യോഹ.8:34-36)

“ദൈവത്തിന്റെയും നമ്മുടെ കർത്തവായ യേശുവിന്റെയും പരിജ്ഞാനത്തിൽ നിങ്ങൾക്കു കൃപയും സമാധാനവും വർധിക്കുമാ റാകട്ടെ. തന്റെ മഹത്വത്താലും വീര്യത്താലും നമ്മെ വിളിച്ചവന്റെ പരി ജ്ഞാനത്താൽ അവന്റെ ദീർഘശക്തി ജീവനും ഭക്തിക്കും വേണ്ടിയ തൊക്കെയും നമുക്കു ദാനം ചെയ്തിരിക്കുന്നുവല്ലോ. അവയാൽ അവൻ നമുക്കു വിലയേറിയതും അതിമഹത്തുമായ വാഗ്ദത്തങ്ങളും നല്കിയിരിക്കുന്നു. ഇവയാൽ നിങ്ങൾ ലോകത്തിൻ മോഹത്താലുള്ള നാശം വിട്ടൊഴിഞ്ഞിട്ടു ദിവ്യസ്വഭാവത്തിനു കൂട്ടാളികളായിത്തീരുവാൻ ഇടവരുന്നു.” (2 പത്രോ.1:2-4).

“അതുകൊണ്ടു ഞങ്ങൾ അതു കേട്ട നാൾ മുതൽ നിങ്ങൾക്കു വേണ്ടി ഇടവിടാതെ പ്രാർത്ഥിക്കുന്നു. നിങ്ങൾ പൂർണ്ണപ്രസാദത്തിനായി ആത്മീകമായ സകലജ്ഞാനത്തിലും വിവേകത്തിലും അവന്റെ ഇഷ്ട ത്തിന്റെ പരിജ്ഞാനംകൊണ്ടു നിറഞ്ഞുവരേണം എന്നും സകല സൽപ്രവൃത്തിയിലും ഫലം കായിച്ചു ദൈവത്തെക്കുറിച്ചുള്ള പരിജ്ഞാ നത്തിൽ വളരേണം......” (കൊലോ.1:9-10).

# ആമുഖം

പാപത്തെയും പ്രലോഭനങ്ങളെയും അതിജീവിക്കുന്നതിനുള്ള ഒരു ക്രിസ്ത്യാനിയുടെ വിജയം ആശ്രയിച്ചിരിക്കുന്നത്, താൻ തിരുവചന സത്യങ്ങളെ പഠിക്കുന്നതിനും വിശ്വസിക്കുന്നതിനും, അനുസരിക്കുന്നതിനും ആനുപാതികമായിട്ടാണ്. പരിശുദ്ധാത്മാവിനെ നമുക്ക് നൽകപ്പെട്ടിരിക്കുന്നു. ദൈവം തന്നെ നമ്മിൽ വസിക്കുകയും അവനെ അനുസരിക്കുവാൻ നമ്മെ പ്രാപ്തരാക്കുകയും ചെയ്യുന്നു (റോമ.8:3-14). നാം ലോകത്തിൻ മോഹത്താലുള്ള നാശം വിട്ടൊഴിഞ്ഞ്, ദിവ്യസ്വഭാവത്തിനു കൂട്ടാളികളായി തീരുവാൻ വേണ്ടിയാണ് ജീവനും ഭക്തിക്കും വേണ്ടതൊക്കെയും ദൈവം നമുക്ക് ദാനം ചെയ്തിരിക്കുന്നത് (2 പത്രോ.1: 3-4). പാപത്തിന്റെ അടിമത്വത്തിൽ നിന്നും പാപരഹിതനും മഹത്വപൂർണ്ണനുമായ നമ്മുടെ കർത്താവായ യേശുക്രിസ്തുവിനാൽ നാം സ്വതന്ത്രരാക്കപ്പെട്ടിരിക്കുന്നു (യോഹ.8:31-36). (താങ്കൾ ഒരു ക്രിസ്ത്യാനിയല്ല എങ്കിൽ ദയവായി *"അക്രൈസ്തവർക്ക്"* എന്ന ഭാഗം വായിച്ചാലും.)

ഒരു ക്രിസ്ത്യാനി എന്ന നിലയിൽ വിജയകരമായ ജീവിതം നയിക്കുവാനുള്ള അറിവും പാടവവും നമുക്ക് ഉണ്ടെങ്കിൽ തന്നെയും, നാം പലപ്പോഴും പരാജയപ്പെടാറുണ്ട്. നമ്മുടെ പതനത്തിന് പല കാരണങ്ങളുമുണ്ട്. അജ്ഞത, ശീലങ്ങൾ, സ്വാർത്ഥത, പ്രതിബദ്ധത ഇല്ലായ്മ എന്നിവയെല്ലാം അതിനു കാരണങ്ങളാണ്. വിജയത്തിനായി പൂർണ്ണഹൃദയത്തോടെ ഉള്ള സമർപ്പണവും, ദൈവം നമ്മോടു കല്പിക്കുന്നത് എന്തും ചെയ്യുവാൻ മനസ്സുള്ളവരുമാണോ നമ്മൾ? അതോ, വെറും അധരചർവ്വണം കൊണ്ട് ദൈവത്തെ പുകഴ്ത്തുകയും, നമ്മുടെ നല്ല മനസ്സാക്ഷിയെ ദൈവത്തിൽ നിന്നും അകറ്റികളയുന്ന രഹസ്യപാപങ്ങൾക്ക് അടിമപ്പെടുന്നവരുമാണോ നാം? പ്രലോഭനങ്ങളെ അതിജീവിക്കുവാൻ നമുക്ക് യഥാർത്ഥത്തിൽ സാധിക്കുന്നുണ്ടോ? തീർച്ചയായും ക്രിസ്തുവിന്റെ ശക്തി നമ്മെ ജയോത്സവമായി വഴി നടത്തും. എന്നാൽ നാം അതിനായി നമ്മെത്തന്നെ ഏല്പിച്ചുകൊടുക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

ജീവനും ചൈതന്യവുമുള്ളതായ ദൈവവചനത്തിൽ പ്രലോഭനങ്ങളെ അതിജീവിക്കുവാനുള്ള താക്കോൽ ഒളിഞ്ഞുകിടപ്പുണ്ട്. ഈ ലഘു ഗ്രന്ഥത്തിലൂടെ അതിനാസ്പദമായ 24 തത്വങ്ങൾ വിശദീകരിക്കുവാൻ താല്പര്യപ്പെടുന്നു. "എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവ

ത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിന് ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യസനത്തിനും പ്രയോജനമുള്ളത് ആകുന്നു" (2 തിമൊ. 3:16,17). വേദപുസ്തകാധിഷ്ഠിതമൂല്യങ്ങൾ ശ്രദ്ധയോടും സ്ഥിരതയോടുംകൂടി പിൻതുടരുമെങ്കിൽ, ക്രിസ്തുവിൽ വിശ്വസിക്കുന്ന ഒരുവനു സ്വാതന്ത്ര്യത്തോടും, പാപത്തിന്റെ അടിമത്വത്തിൽ നിന്നും വിമോചിതനായും, ദൈവമുമ്പാകെ നിർമ്മല മനസാക്ഷിയോടെയും ആത്മാവിനാൽ നിറയപ്പെട്ട് ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്നവനായി ജീവിക്കുവാൻ സാധിക്കും. ഒരു ക്രിസ്ത്യാനിയുടെമേൽ പാപത്തിന് അധീനത്വമുണ്ടാകരുത്. സ്വാതന്ത്ര്യത്തിനായിട്ടാണ് ക്രിസ്തു നമ്മെ വിളിച്ചിരിക്കുന്നത്.

ഇത്രയധികം ഗ്രന്ഥങ്ങളും ഉപാധികളും സുലഭമായി ലഭിക്കുമ്പോൾ എന്തിനാണ് ഇപ്രകാരം ഒരു ഗ്രന്ഥം? ഈ ഗ്രന്ഥത്തിന് രണ്ടു സവിശേഷതകൾ ഉണ്ട്. ഒന്നാമതായി, പ്രലോഭനങ്ങളെ എങ്ങനെ അതിജീവിക്കാം എന്ന വിഷയത്തെ ആസ്പദമാക്കി പല ഗ്രന്ഥങ്ങളും ലഭ്യമാണെങ്കിലും, എന്റെ അഭിപ്രായത്തിൽ അവയിൽ പലതും തിരുവചനത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങി അപഗ്രഥനം നടത്തിയിട്ടില്ല. പുരുഷന്മാർക്കുവേണ്ടിയുള്ള ഒരു ബൈബിൾ പഠന ക്ലാസ്സിനുവേണ്ടി ഞാൻ തയ്യാറെടുത്തുകൊണ്ടിരുന്നപ്പോൾ പ്രലോഭനങ്ങളെ എങ്ങനെ അതിജീവിക്കാം എന്ന വിഷയത്തിനാസ്പദമായ പല തിരുവചനഭാഗങ്ങളും എന്റെ ശ്രദ്ധയിൽപ്പെട്ടു. ഇതിനു മുൻപ് ഈ വിഷയവുമായി ബന്ധപ്പെട്ട് എന്റെ ശ്രദ്ധയിൽപെടാതിരുന്ന അനേക വേദഭാഗങ്ങൾ ഞാൻ കാണുവാനിടയായി. കർത്താവുമായിട്ടുള്ള ബന്ധം വീണ്ടും പണിയപ്പെടേണ്ടതിന്റെയും അവനുമായി ചേർന്നു ജീവിക്കേണ്ടതിന്റെയും പ്രാധാന്യത്തെപ്പറ്റി ദൈവം എന്നെ ഓർമ്മപ്പെടുത്തി. പ്രലോഭിക്കപ്പെടുമ്പോൾ നാം എന്തു ചെയ്യണം എന്നറിഞ്ഞിരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. എന്നാൽ പ്രലോഭനങ്ങളിൽ അകപ്പെടാതെ എപ്രകാരം ജീവിക്കണമെന്നും, അതുപോലെതന്നെ പ്രലോഭിക്കപ്പെടുമ്പോൾ ആത്മീകമായി ശക്തിപ്രാപിച്ച് എപ്രകാരം അതിനെ അതിജീവിക്കണമെന്നും നിശ്ചയമായും നാം അറിഞ്ഞിരിക്കണം. ഇതിനുരണ്ടിനും ആവശ്യമായ അടിസ്ഥാനതത്വങ്ങൾ തിരുവചനത്തിലുണ്ട്.

ഈ രണ്ടു തത്വങ്ങളെയും കൂടുതൽ അപഗ്രഥിക്കുന്നതിനായി ഈ ലഘുഗ്രന്ഥത്തെ രണ്ടായി തിരിച്ചിരിക്കുന്നു. ആദ്യത്തെ ഭാഗം (Section A) **ദൈവവുമായുള്ള നിങ്ങളുടെ ബന്ധത്തെ പുനർനിർമ്മിക്കുക** എന്നതാണ്. ദൈവത്തിൽ കൂടുതൽ ശക്തമായി വളരുന്നതിനാവശ്യമായ തത്വ

ങ്ങളാണ് ഇതിൽ അടങ്ങിയിരിക്കുന്നത്. ഇത് ദൈവവുമായി അടുത്ത കൂട്ടായ്മ ആചരിക്കുവാൻ നമ്മെ സഹായിക്കുക മാത്രമല്ല, ദൈവത്തെ അനുസരിച്ചു നടക്കുന്നതിന്റെ പ്രയോജനങ്ങൾ എന്താണെന്നു മനസ്സിലാക്കുവാനും ഇത് നമ്മെ പ്രാപ്തരാക്കുന്നു. ദൈവവുമായിട്ടുള്ള ബന്ധം പുനർനിർമ്മിക്കുന്നതിൽ നാം പരാജയപ്പെട്ടാൽ അത് പ്രലോഭനങ്ങളിലേക്കുള്ള വാതിൽ തുറക്കുകയും, പാപത്തിൽ നിന്നും പൂർണ്ണവിടുതൽ പ്രാപിക്കുന്നതിൽ നാം പരാജയപ്പെടുകയും ചെയ്യും. രണ്ടാം ഭാഗം (Section B) "**പ്രലോഭനങ്ങൾ വരുമ്പോൾ അതിനെ എതിർക്കുക**" എന്നത് പ്രലോഭനങ്ങൾ വരുമ്പോൾ നാം അതിനെതിരെ എപ്രകാരം ചെറുത്തുനിൽക്കണം എന്നു വിശദീകരിക്കുന്നു. ഈ രണ്ടു തത്വങ്ങളും നാം പ്രായോഗികമാക്കുമ്പോൾ അത് ഫലപ്രദമായും ആത്മവിശ്വാസത്തോടെയും പ്രലോഭനങ്ങളെ പ്രതിരോധിക്കുവാൻ നമ്മെ പ്രാപ്തരാക്കും.

ഈ ലഘുഗ്രന്ഥം എഴുതുവാൻ പ്രേരകമായ രണ്ടാമത്തെ ഘടകം എന്നത്, ചുരുങ്ങിയ വാക്കുകളിൽ, ഹൃസ്വവും ലളിതവുമായി ഇതിനെ അവതരിപ്പിക്കുക എന്നതാണ്. വളരെ എളുപ്പത്തിൽ ഇതിന്റെ ഉള്ളടക്കം ഗ്രഹിച്ചുകൊണ്ട് പ്രധാനപ്പെട്ട സാരാംശങ്ങൾ മനസ്സിലാക്കുക എന്നതും പ്രാധാന്യമുള്ളതാണ്. കാരണം പലപ്പോഴും പ്രധാനപ്പെട്ട പാഠഭാഗങ്ങൾ പോലും നാം മറന്നുപോകാറുണ്ട്. പല ഗ്രന്ഥങ്ങളുടെയും പ്രാഥമിക സാരാംശങ്ങൾ എളുപ്പത്തിൽ മനസ്സിലാക്കുവാൻ നമുക്ക് സാധിക്കാറില്ല. നമ്മിൽ പലർക്കും വായനയ്ക്കായി വേണ്ടത്ര സമയം മാറ്റി വയ്ക്കുവാൻ സാധിക്കാറുമില്ല. അതിനാൽ ഈ ഹ്രസ്വഗ്രന്ഥം, വേഗത്തിൽ അപഗ്രഥിക്കുവാനും അതിന്റെ സാരാംശങ്ങളെ നമ്മുടെ ജീവിതത്തിൽ പ്രായോഗികമാക്കുന്നതിനും ഉതകുന്ന രീതിയിൽ സവിശേഷമായാണ് രൂപകല്പന ചെയ്തിരിക്കുന്നത്.

പാപപങ്കിലമായ ഈ തലമുറയിൽ, തിരുവചനത്തിലെ ഓരോ സത്യങ്ങളും പാപത്തിനെതിരെ പോരാടുവാൻ നമ്മെ പ്രാപ്തരാക്കുവാൻ നാം പരിശ്രമിച്ചേ മതിയാകൂ. നമ്മുടെ ജഢികമോഹങ്ങളെ അതിജീവിച്ച് നിർമ്മല മനഃസാക്ഷിയോടെ ദൈവീക ചിന്തകളാലും, ദൈവഹിതം ചെയ്യുന്നതിലും നമ്മെത്തന്നെ ദൈവസന്നിധിയിൽ സമർപ്പിക്കണം.

നമ്മുടെ ചിന്തകളും സ്വഭാവങ്ങളും പാപരഹിതവും ദൈവത്തിനു പ്രസാദകരവുമാകണം (2 കൊരി.5:9, എഫെ.5:7-15). ദൈവീകതത്വങ്ങളെ ആചരിക്കുകയും, അത് നമ്മുടെ ദൈനംദിന ജീവിതത്തിന്റെ ഭാഗമാക്കു

കയും ചെയ്യുമ്പോൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീക രിച്ചവരുടെ സ്വാതന്ത്ര്യവും ശക്തിയും നമ്മിൽ സ്വായത്തമാക്കുവാൻ നമുക്ക് സാധിക്കും. ഈ ഒരു ലക്ഷ്യത്തിലേക്ക് എത്തുവാൻ ഈ ലഘു ഗ്രന്ഥം നിങ്ങളെ സഹായിക്കുമാറാകട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു!

***അക്രൈസ്തവർക്കായി***

പ്രലോഭനങ്ങളെ അതിജീവിക്കുവാൻ ഒരു ക്രൈസ്തവനു സാധിക്കു ന്നതുപോലെ ഒരു അക്രൈസ്തവനു സാധിക്കുകയില്ല, കാരണം, ആ വ്യക്തിക്ക് പാപക്ഷമ (കൊലോ.1:13-14), ക്രിസ്തുവിലുള്ള പുതുജീവൻ (2 കൊരി.5:17), ആവസിക്കുന്ന പരിശുദ്ധാത്മസാന്നിധ്യം (റോമ.8:1-11) യേശു ക്രിസ്തുവിന്റെ മദ്ധ്യസ്ഥത (1യോഹ.2:1), ഇവ ലഭ്യമല്ല. യേശുക്രിസ്തു ജഡാവതാരം ചെയ്ത ദൈവമാണ് (യോഹ.1:1-18). നമ്മെ പാപത്തിന്റെ ശക്തിയിൽ നിന്നും ന്യായവിധിയിൽ നിന്നും നിത്യനരകത്തിൽ നിന്നും രക്ഷിക്കുവാനാണ് യേശു വന്നത്. താഴെ കൊടുത്തിരിക്കുന്ന സൂചകങ്ങൾ ശ്രദ്ധയോടെ ഗ്രഹിക്കാം.

**1.** ദൈവം വിശുദ്ധനും സകലത്തിലും പരിപൂർണ്ണനും ആണ്. താൻ വിശു ദ്ധൻ ആയിരിക്കുന്നതുപോലെ തന്റെ സൃഷ്ടിയും വിശുദ്ധരാകുവാനായി ദൈവം തന്റെ വിശുദ്ധിയിൽ കുറ്റമറ്റനിയമങ്ങൾ ഉണ്ടാക്കി. ആ നിയമങ്ങൾ ലംഘിക്കുന്നതിന്റെ അനന്തരഫലം എന്നത് തന്നിൽ നിന്നും എന്നെന്നേക്കും വേർപിരിയുക എന്ന നിത്യശിക്ഷാവിധിയാണ്. എല്ലാവരും പാപം ചെയ്തി രിക്കയാൽ (യേശുക്രിസ്തു ഒഴികെ) ഇത് എല്ലാവർക്കും ബാധകവുമാണ്. പാപക്ഷമ ലഭിക്കാത്ത ഏതൊരു വ്യക്തിയും കത്തുന്ന തീപൊയ്കയിൽ തള്ളിയിടപ്പെടും.

- **ആകയാൽ നിങ്ങളുടെ സ്വർഗ്ഗീയ പിതാവ് സൽഗുണപൂർണ്ണൻ ആയിരിക്കുന്നതുപോലെ നിങ്ങളും സൽഗുണപൂർണ്ണരാകുവിൻ" (മത്താ.5:48)**
- **അനീതികൊണ്ട് സത്യത്തെ തടുക്കുന്ന മനുഷ്യരുടെ സകല അഭ ക്തിക്കും അനീതിക്കും നേരെ ദൈവത്തിന്റെ കോപം സ്വർഗ്ഗത്തിൽ നിന്നു വെളിപ്പെടുന്നു" (റോമ.1:18)**
- **"എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായി ത്തീർന്നു" (റോമ.3:23)**

❖ **“ആ നാളിൽ അവൻ തന്റെ വിശുദ്ധന്മാരിൽ മഹത്വപ്പെടേണ്ടതിനും ഞങ്ങളുടെ സാക്ഷ്യം നിങ്ങൾ വിശ്വസിച്ചതുപോലെ വിശ്വസിച്ച എല്ലാവരിലും താൻ അതിശയവിഷയം ആകേണ്ടതിനും വരുമ്പോൾ സുവിശേഷം അനുസരിക്കാത്തവർ കർത്താവിന്റെ സന്നിധാനവും അവന്റെ വല്ലഭത്വത്തോടുകൂടിയ മഹത്വവും വിട്ടകന്നു നിത്യനാശം എന്ന ശിക്ഷാവിധി അനുഭവിക്കും” (2 തെസ്സ.1:7-9)**

❖ **“മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിൻ മുൻപിൽ നിൽക്കുന്നതും കണ്ടു. പുസ്തകങ്ങൾ തുറന്നു; ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്നു. പുസ്തകങ്ങളിൽ എഴുതിയിരുന്നതിന് ഒത്തവണ്ണം മരിച്ചവർക്ക് അവരുടെ പ്രവൃത്തികൾക്കടുത്ത ന്യായവിധിയുണ്ടായി ...... ജീവപുസ്തകത്തിൽ പേരെഴുതി കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും” (വെളി. 20:12,15).**

മത്താ.15:18-20; 26:41-46, റോമ.2:5-6; എഫെ.2:1-3; എബ്രാ.10:26-31, 39 ഇവ നോക്കുക.

**2.** ദൈവപുത്രനും, ദൈവത്തിന്റെ ജഡാവതാരവുമായ യേശുക്രിസ്തു കന്യകാജാതനായി ഈ ഭൂമിയിൽ വന്നതിന്റെ ഏക ഉദ്ദേശ്യം എന്നത്, മാനവകുലത്തെ വീണ്ടെടുക്കുന്നതിനും, മനുഷ്യരുടെ പാപപരിഹാരത്തിനായി ദൈവത്തിനു പ്രസാദമായി തന്നെത്തന്നെ യാഗമർപ്പിക്കുന്നതിനുമാണ്. യേശുക്രിസ്തുവിന്റെ ക്രൂശമരണത്തിനും തന്റെ രക്തം യാഗമായി അർപ്പിച്ചതിനും മാത്രമേ പാപങ്ങളെ പോക്കുവാൻ സാധിക്കൂ. അതാണ് യേശുവിന്റെ ക്രൂശുമരണത്തിന്റെ പ്രസക്തി. തന്റെ കളങ്കമില്ലാത്ത ആ രക്തം മാത്രമേ പാപപരിഹാരത്തിനായി ദൈവം അംഗീകരിക്കുകയുള്ളൂ. മറ്റൊന്നിനും അത് സാധ്യമാവുകയില്ല. യേശു പാപരഹിതനായതിനാൽ, അവൻ മരണത്തെ ജയിച്ച് മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റു. മരണത്തിന് അവന്റെമേൽ അധികാരമില്ല. ആകയാൽ യേശു മാത്രമാണ് മാനവകുലത്തിന്റെ ഏകരക്ഷകൻ.

❖ **“ആദിയിൽ വചനം ഉണ്ടായിരുന്നു. വചനം ദൈവത്തോടുകൂടെ ആയിരുന്നു. സകലവും അവൻ മുഖാന്തരം ഉളവായി. ഉളവായത് ഒന്നും അവനെ കൂടാതെ ഉളവായതല്ല... വചനം ജഡമായിത്തീർന്നു.**

കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു." (യോഹ.1:1-18)

- ❖ "ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു. ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല" (യോഹ.14:6)
- ❖ "മറ്റൊരുത്തനിലും രക്ഷ ഇല്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവും ഇല്ല" (അ.പ്ര.4:12)
- ❖ "ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നെ നമുക്കു വേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു. അവന്റെ രക്തത്താൽ നീതീകരിക്കപ്പെട്ട ശേഷമോ നാം അവനാൽ എത്ര അധികമായി കോപത്തിൽ നിന്നും രക്ഷിക്കപ്പെടും. ശത്രുക്കളായിരിക്കുമ്പോൾ തന്നെ നമുക്ക് അവന്റെ പുത്രന്റെ മരണത്താൽ ദൈവത്തോടു നിരപ്പുവന്നു എങ്കിൽ നിരന്നശേഷം നാം അവന്റെ ജീവനാൽ എത്ര അധികമായി രക്ഷിക്കപ്പെടും" (റോമ.5:8-10)
- ❖ "ദൈവം പണ്ടു ഭാഗം ഭാഗമായിട്ടും വിവിധമായിട്ടും പ്രവാചകന്മാർ മുഖാന്തരം പിതാക്കന്മാരോട് അരുളിച്ചെയ്തിട്ട് ഈ അന്ത്യകാലത്തു പുത്രൻ മുഖാന്തരം നമ്മോട് അരുളിച്ചെയ്തിരിക്കുന്നു.... പാപങ്ങൾക്കു പരിഹാരം ഉണ്ടാക്കിയശേഷം ഉയരത്തിൽ മഹിമയുടെ വലത്തുഭാഗത്ത് ഇരിക്കയും ......" (എബ്രാ.1:1-3)
- ❖ "ന്യായപ്രമാണപ്രകാരം ഏകദേശം സകലവും രക്തത്താൽ ശുദ്ധീകരിക്കപ്പെടുന്നപ്രകാരം; രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനം ഇല്ല" (എബ്രാ.9:22).
- ❖ "വ്യർഥവും പിതൃപാരമ്പര്യവുമായുള്ള നിങ്ങളുടെ നടപ്പിൽ നിന്നും നിങ്ങളെ വീണ്ടെടുത്തിരിക്കുന്നതു പൊന്ന്, വെള്ളി മുതലായ അഴിഞ്ഞുപോകുന്ന വസ്തുക്കളെക്കൊണ്ടല്ല, ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്ക്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തംകൊണ്ടത്രേ" (1 പതൊ.1:18,19)

  ഫിലി.2:5-11; എബ്രാ.1:1-14, 9:22, 27-28, 10:1-39, 1 പത്രോ.2:21-24, 3:18) ഇവ നോക്കുക.

**3.** പാപത്തിൽ നിന്നും മോചനം പ്രാപിച്ച് യേശുവിൽ പുതുജീവനെ ലഭ്യമാക്കി, വരുവാനിരിക്കുന്ന ന്യായവിധിയിൽ നിന്ന് ഒരു വ്യക്തിക്ക് എപ്രകാരം ഒഴിവാകുവാൻ സാധിക്കും? നിങ്ങൾ ഒരു പാപി ആണെന്നും, നിങ്ങളെ രക്ഷിക്കുവാനായിട്ടാണ് യേശു കാൽവരിക്രൂശിൽ മരിച്ച്, അടക്കപ്പെട്ട് മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റത് എന്നും നിങ്ങൾ വിശ്വസിക്കുമ്പോൾ നിങ്ങൾക്ക് പാപക്ഷമയും യേശുവിൽ നിത്യജീവനും അവകാശമാക്കുവാൻ സാധിക്കും. ഓരോ വ്യക്തിക്കും ദൈവം സൗജന്യമായി രക്ഷ ദാനം ചെയ്യുന്നു. അത് പണം കൊടുത്തോ, അഥവാ നമ്മുടെ നന്മ പ്രവൃത്തികൾ കൊണ്ടോ ഒന്നും നേടുവാൻ സാധിക്കുകയില്ല. ദൈവം സകലർക്കും രക്ഷ സൗജന്യമായി നൽകിയിരിക്കുന്നു. ധനവാനും ദരിദ്രനും, ചെറിയവനും വലിയവനും, അത് വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ്, മറിച്ച് മാനുഷിക പ്രവൃത്തികളുടെയോ പരിശ്രമങ്ങളുടെയോ ഫലം കൊണ്ടല്ല. നിങ്ങൾ ഒരു പാപിയാണെന്നും, യേശുക്രിസ്തുവിനു മാത്രമേ നിങ്ങളുടെ പാപങ്ങളിൽ നിന്ന് മോചനം നൽകി നിങ്ങളെ അവന്റെ മക്കളിൽ ഒരുവനാക്കുവാൻ സാധിക്കൂ എന്ന തിരിച്ചറിവോടെ കരുണയ്ക്കായും രക്ഷയ്ക്കായും അവനെ വിളിച്ചപേക്ഷിക്കുക. നിങ്ങൾ ദൈവവചനം വായിക്കുകയും അത് വിശ്വസിക്കുകയും ചെയ്ത് വാസ്തവമായി അവനെ അന്വേഷിക്കുമെങ്കിൽ കരുണാമയനായ ദൈവം ധാരാളമായി അനുഗ്രഹിക്കും.

- **"അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു" (യോഹ.1:12)**

- **"തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. ദൈവം തന്റെ പുത്രനെ ലോകത്തിൽ അയച്ചത് ലോകത്തെ വിധിപ്പാനല്ല, ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രേ അവനിൽ വിശ്വസിക്കുന്നവനു ന്യായവിധിയില്ല. വിശ്വസിക്കാത്തവനു ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ നാമത്തിൽ വിശ്വസിക്കായ്കയാൽ ന്യായവിധി വന്നുകഴിഞ്ഞു. ന്യായവിധി എന്നതോ വെളിച്ചം ലോകത്തിൽ വന്നിട്ടും മനുഷ്യരുടെ പ്രവൃത്തി ദോഷമുള്ളത് ആകയാൽ അവർ വെളിച്ചത്തെക്കാൾ ഇരുളിനെ സ്നേഹിച്ചതുതന്നെ" (യോഹ.7:16-19)**

- **"യേശു അവളോട് : ഞാൻ തന്നെ പുന:രുത്ഥാനവും ജീവനും ആകു**

ന്നു; എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരുനാളും മരിക്കയില്ല; ഇതു നീ വിശ്വസിക്കുന്നുവോ എന്നുപറഞ്ഞു" (യോഹ.11:25,26)

❖ "യജമാനന്മാരേ, രക്ഷ പ്രാപിപ്പാൻ ഞാൻ എന്ത് ചെയ്യേണം എന്ന് ചോദിച്ചു. കർത്താവായ യേശുവിൽ വിശ്വസിക്ക എന്നാൽ നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും എന്ന് അവൻ പറഞ്ഞു" (അ.പ്ര.16:30-31)

❖ "പാപത്തിന്റെ ശമ്പളം മരണം. ദൈവത്തിന്റെ കൃപാവരമോ, നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നെ'' (റോമ.6:23)

❖ "യേശുവിനെ കർത്താവ് എന്ന് വായ്കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്നു ഹൃദയംകൊണ്ട് വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയംകൊണ്ടു നീതിക്കായി വിശ്വസിക്കയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റുപറയുകയും ചെയ്യുന്നു." (റോമ.10:9,10).

❖ "പ്രവർത്തിക്കാത്തവൻ എങ്കിലും അഭക്തനെ നീതീകരിക്കുന്നവനിൽ വിശ്വസിക്കുന്നവനോ അവന്റെ വിശ്വാസം നീതിയായി കണക്കിടുന്നു." (റോമ.4:5)

❖ "വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ടു നമ്മുടെ കർത്താവായ യേശുക്രിസ്തുമൂലം നമുക്ക് ദൈവത്തോടു സമാധാനം ഉണ്ട്." (റോമ. 5:1)

❖ "കൃപയാലല്ലോ നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്. അതിനും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രേയാകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല." (എഫേ.2:8-9)

❖ "എന്നാൽ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പാൻ കഴിയുന്നതല്ല; ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ട് എന്നും തന്നെ അന്വേഷിക്കുന്നവർക്ക് പ്രതിഫലംകൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലോ" (എബ്രാ.11:6)

യോഹ.3:36; 5:24; 38-47; 6:29-40; 7:37-39; 8:23-24; 20:31, അ.പ്ര.10:38-43; 15:7-11; റോമ.3, 4; ഗലാ.2:20-3:14,22; തീത്തോ.3:4-7; 1 യോഹ.1:8, 2:2; 5:10-13. ഇവ നോക്കുക.

# പ്രലോഭനങ്ങളെ അതിജീവിക്കുക

### ദൈനംദിന വിജയത്തിനാവശ്യമായ തിരുവചന തത്വങ്ങൾ

## A ദൈവവുമായുള്ള നിങ്ങളുടെ ബന്ധത്തെ പുനർനിർമ്മിക്കുക

**പ്രലോഭനങ്ങളുടെ തീവ്രത കുറയ്ക്കുവാനാവശ്യമായ മുൻകരുതലുകൾ**

❖ *"ആകയാൽ നിങ്ങൾ ദൈവത്തിനു കീഴടങ്ങുവിൻ. പിശാചിനോട് എതിർത്തു നില്പിൻ; എന്നാൽ അവൻ നിങ്ങളെ വിട്ട് ഓടിപ്പോകും. ദൈവത്തോട് അടുത്തു ചെല്ലുവിൻ; എന്നാൽ അവൻ നിങ്ങളോട് അടുത്തുവരും." (യാക്കോ.4:7-8)*

**1. ദൈവത്തെ ബഹുമാനിക്കുക (Revere)**

❖ ***"യഹോവാഭക്തികൊണ്ട് മനുഷ്യർ ദോഷത്തെ വിട്ടകലുന്നു" (സദൃ.16:66)***

പ്രലോഭനങ്ങളെ അതിജീവിക്കുന്നതിന്റെ ആദ്യപടി എന്നത് സർവ്വവല്ലഭനായ ദൈവം ആരാണ് എന്ന തിരിച്ചറിവാണ്. അവൻ നമ്മുടെ സൃഷ്ടാവും നമ്മുടെ വാക്കുകളെയും പ്രവൃത്തികളെയും ന്യായം വിധിക്കുന്നവനുമാണ് (2 കൊരി.5:10; മത്താ.12:3). സ്നേഹിക്കുകയും ക്ഷമിക്കുകയും ചെയ്യുന്ന ഒരു പിതാവായിട്ട് ദൈവത്തെ എപ്പോഴും കാണുവാനാണ് നാം താല്പര്യപ്പെടുന്നത്. എന്നാൽ ദൈവം പരിശുദ്ധനാണെന്നും, അവന്റെ സന്നിധിയിൽ നാം ഭയത്തോടും വിറയലോടുംകൂടെ കടന്നുവരേണ്ടതാണെന്നും നാം ചിന്തിക്കാറുണ്ടോ? (യെശ.6:5; വെളി.1:17). ദൈവം നീതിയുള്ള ന്യായാധിപതി ആകുന്നു (സങ്കീ.7:11). അവൻ പാപത്തെ വെറുക്കുന്നു. നമ്മെ വിശുദ്ധീകരിക്കുവാനായി അവൻ നമ്മെ ശിക്ഷിക്കുന്നു. അവൻ ഡംഭികളോട് അകന്നിരിക്കുന്നു. ഗർവ്വമുള്ള ഏവനും യഹോവയ്ക്ക് വെറുപ്പാകുന്നു (സദൃ.16:5). യേശുവിൽ വിശ്വസിക്കാത്ത ഏവരേയും നിത്യനരകത്തിലെ കത്തുന്ന തീപ്പൊയ്കയിൽ തള്ളിയിടും (വെളി.21:8). വീണ്ടെടുക്കപ്പെട്ട ഒരു ദൈവപൈതൽ എന്ന നിലയിൽ നാം പാപബോധമുള്ളവരായിരിക്കണം (എബ്രാ.12:5-11). ദൈവം ദീർഘക്ഷമയുള്ളവനാകയാലും നമ്മിൽ പലരും ഈ പാപപ്രവൃത്തികൾ സാരമില്ല എന്നു ചിന്തിക്കുന്നതിനാലും പാപത്തോട് പൂർണ്ണമായും മുഖം തിരിക്കുവാൻ നാം വൈമനസ്യമുള്ളവരാണ്. പലപ്പോഴും ഉടനടി ദൈവം നമ്മെ ശിക്ഷിക്കാത്തതിനാൽ ഇതൊക്കെയും സാരമില്ല എന്നു കരുതി "ദൈവം നമ്മുടെ ബലഹീനത

കളെ അറിയുന്നു" എന്ന മനോഭാവത്തോടെ, പാപത്തെ നാം പൂർണ്ണമായും ത്യജിച്ചുകളയാറില്ല. എന്നാൽ നാം നമ്മെത്തന്നെ വഞ്ചിക്കുകയാണ്. യഥാർത്ഥമായ ദൈവഭയം നമ്മിലുണ്ടെങ്കിൽ, നാം പാപം വിട്ടൊഴിയുകയും നാം ചെയ്തുപോയ തെറ്റിനെക്കുറിച്ച് പശ്ചാത്തപിക്കുകയും ചെയ്യും. പ്രലോഭനങ്ങളെ അതിജീവിക്കുന്നതിലെ ആദ്യപടി, വിശ്വാസകണ്ണുകളിലൂടെ വിശുദ്ധനായ ദൈവത്തെയും നിത്യതയിലെ നമ്മുടെ ജീവിതം എപ്രകാരം ആയിരിക്കും എന്നതിനെയും കാണുക എന്നതാണ്. "നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നി"യാണ് എന്ന തിരിച്ചറിവ് നമുക്കുണ്ടാകണം (എബ്രാ.12:29).

❖ **പാപം ചെയ്യാതിരിക്കുവാൻ ദൈവത്തെ ഭയപ്പെടുക.**

പുറ:20:20; ആവ.10:12; ഇയ്യോ.1:8, 2:3, സങ്കീ.4:4-5; 33:18; 34:7-9; 130:3-4; സദൃ.8:13; 14:27; 16:6; 19:23; യിരെ.32:39-40; എബ്രാ.4:1; 1 പത്രോ.1:17-19.

❖ **യഹോവയെ പ്രകോപിപ്പിച്ച് അവൻ നിങ്ങളെ പരീക്ഷിക്കുവാൻ ഇടയാക്കരുത്.**

ആവ.28:58-59; സങ്കീ.7:12; 76:7; 78: 17-33; 90:7-11; 99:8; മത്താ.7:4; അ.പ്ര.5:9.

❖ **ദൈവസന്നിധിയിൽ നിങ്ങളെത്തന്നെ താഴ്ത്തുക.**

സദൃ.3:7-8; 11:2; 14:16; 16:18; 18:12, 29:23; യെശ.66:2; ദാനി. 4:37; ഫിലി. 2:12-13; യാക്കോ.4:6,10; 1 പത്രോ.5:6.

❖ **നിങ്ങളിലെ നിഗളത്തെ തിരിച്ചറിയുക. ദൈവം നിഗളികളോട് എതിർത്തു നില്ക്കുന്നു.**

സദൃ.3:7-8; 15:33; 16:5, 18; 22:4; 1പത്രോ.5:5-7.

❖ **ദൈവം നമ്മുടെ വാക്കുകളും പ്രവൃത്തികളും ചിന്തനങ്ങളും അറിയുകയും അവയെ ന്യായം വിധിക്കുകയും ചെയ്യും.**

സങ്കീ.90:8; സഭാ.12:13-14; യിരെ.17:10; മർ.4:22; റോമ.2:16

❖ **നിങ്ങളെ വിശുദ്ധീകരിക്കേണ്ടതിന് ദൈവം നിങ്ങൾക്ക് ബാലശിക്ഷ നൽകും.**

സങ്കീ.39:11; സദൃ. 16:5; ഗലാ.6:7-8; എബ്രാ.2:2; 12:5-11; വെളി.3:19.

❖ **അധികാരികൾക്കും ദൈവത്തിനും കീഴ്പ്പെട്ടിരിക്കുക.**

റോമ.13:1–7; കൊലോ.3:18–4; 1 യാക്കോ.4:7; 1 പത്രോ.2:13–3:7; 5:5

- **ജ്ഞാനം ലഭിക്കേണ്ടതിന് യഹോവയെ ഭയപ്പെടുക.**

  സദൃ.1:7

- **മനുഷ്യനിൽ ആശ്രയിക്കരുത്, അവരെ ഭയപ്പെടരുത്.**

  1 ശമു.15:24; സദൃ.29:25; യെശ.51:7–8; 12–13; യിരെ.17:5–8; മത്താ.10:28.

- **നിങ്ങളിൽതന്നെ ആശ്രയിക്കരുത്.**

  സദൃ.3:5–6; 16:25; 28:26

## 2. നിങ്ങളുടെ പാപങ്ങളെ ദൈവത്തോട് ഏറ്റു പറയുക. (Repent)

***"തന്റെ ലംഘനങ്ങളെ മറയ്ക്കുന്നവനു ശുഭം വരികയില്ല. അവയെ ഏറ്റു പറഞ്ഞ് ഉപേക്ഷിക്കുന്നവനോ കരുണ ലഭിക്കും." (സദൃ.28:12)***

പാപങ്ങളെ ഓർത്ത് പശ്ചാത്തപിക്കുകയും അവയെ ഏറ്റുപറയുകയും ചെയ്യുന്നത് പ്രലോഭനങ്ങളെ അതിജീവിക്കുന്നതിൽ നിർണ്ണായകമായ ഘട കങ്ങളാണ്. ദൈവം കല്പിച്ചിരിക്കുന്നത്, നാം ദൈവത്തോടും മനുഷ്യ രോടും നമ്മുടെ പാപങ്ങളെ ഏറ്റുപറയണം എന്നാണ് (1യോഹ.1:6–10; യാക്കോ.5:16). നാം മാനസാന്തരപ്പെടണം (വെളി.3:19). നമ്മിൽ പാപമില്ല എന്നു നാം പറയുമ്പോൾ, ദൈവം കള്ളനാണെന്ന് നാം സ്ഥാപിക്കുകയാ ണ്. പാപങ്ങളെ ഏറ്റുപറയുമ്പോൾ നാം നമ്മെത്തന്നെ എളിമപ്പെടുത്തു കയും നമ്മുടെ പാപങ്ങൾ എത്രക്രൂരമായിരുന്നു എന്ന് നമുക്ക് ബോധ്യം വരികയും ചെയ്യും. ദൈവം നമ്മുടെ സകല പാപങ്ങളെയും അറിയുന്നു എന്നുവരികിലും പലപ്പോഴും അവയെ ദൈവമുമ്പാകെ മുഴുവാനായി ഏറ്റു പറയുവാനും പാപക്ഷമ പ്രാപിക്കുവാനും നാം ബദ്ധപ്പെടാറുണ്ട്. നിഗളവും സ്വയനീതീകരണവും നമ്മിൽ ഉണ്ടെങ്കിൽ നാം പലവിധ ഒഴിവുകഴിവുകളും പറഞ്ഞ് നമ്മുടെ പാപത്തെ ന്യായീകരിക്കുകയും അവ ഏറ്റുറയുന്നതിൽ വിമുഖത കാട്ടുകയും ചെയ്യും. ചില സമയങ്ങളിൽ നാം പാപം ചെയ്താൽ അത് അറിയുകപോലുമില്ല. ഒരുപക്ഷേ നമ്മുടെ പാപത്തെക്കുറിച്ചുള്ള അജ്ഞതയോ, വചനം എന്തു പറയുന്നു എന്നത് നാം അറിയാതിരിക്കു കയോ ആകാം കാരണം. കാരണങ്ങൾ എന്തൊക്കെ ആയിരുന്നാലും, നമ്മുടെ പാപങ്ങളെ ദൈവമുമ്പാകെ ഏറ്റുപറഞ്ഞ് പാപക്ഷമ പ്രാപിച്ചില്ലാ യെങ്കിൽ നാം ദൈവത്തോട് അടുക്കുന്നതിന് അത് തടസ്സമായി മാറും

(യെശ.59:2). ഏറ്റുപറച്ചിലിനു സമാനമായ മാനസാന്തരം എന്നത്, പാപ സ്വഭാവത്തെ വിട്ടുതിരിഞ്ഞ് ദൈവീക കല്പനകളെ പിൻപറ്റന്നതിനുള്ള ഒരു തീരുമാനം ആണ്. ഏറ്റുപറച്ചിൽ എന്നത് ഒരിക്കലായി ചെയ്യുന്നതാണെങ്കിൽ പശ്ചാത്താപം അഥവാ മാനസാന്തരം എന്നത് ഭാവിയിലും നാം പാപത്തിൽ നിന്നും അകന്നു നില്ക്കുവാൻ നമ്മെ സഹായിക്കുന്ന ഘടകമാണ്. ഇത് എപ്രകാരം നമുക്ക് സ്വായത്തമാക്കാം എന്നത് ഈ ലഘുഗ്രന്ഥത്തിലുടനീളം വ്യക്തമാക്കിയിട്ടുണ്ട്. പാപം ഏറ്റുപറയുന്നതിലെ മറ്റൊരു സുപ്രധാന ഘടകം, നാം ആരോടാണോ തെറ്റുചെയ്തത് അവരോട് പാപക്ഷമ ചോദിക്കുക എന്നതാണ്. അത് സത്യസന്ധതയോടും മറ്റേ വ്യക്തിയുടെ മേൽ  പഴിചാരാതെയും ആയിരിക്കണം. ദൈവത്തോടു നിരപ്പുപ്രാപിക്കുന്നതിനും പ്രലോഭനങ്ങളെ അതിജീവിക്കുന്നതിനുമുള്ള അടുത്തപടി എന്നത്, നമ്മുടെ പാപങ്ങളെ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുക എന്നതാണ്.

❖ **വേഗത്തിൽ ദൈവത്തോട് പാപങ്ങളെ ഏറ്റുപറയുക. അതിനെ ന്യായീകരിക്കുവാനോ ഒഴിവുകഴിവു പറയുവാനോ ശ്രമിക്കരുത്.**

സങ്കീ.25:7, 11, 18; 32:5; 51:1–19; 79:8–9; സദൃ.20:9; 28:13; 1 യോഹ.1:8–10; വെളി.2:4–5; 3:3, 19

❖ **നമ്മോട് സഹതാപം കാണിക്കുന്ന ഒരു കർത്താവ് നമുക്കുണ്ട്.**

എബ്രാ.2:17–18; 4:15–16; 9:14; 1 യോഹ.2:1–2; വെളി.3:19–20

❖ **ദൈവത്തിന്റെ ശിക്ഷണം സ്വീകരിക്കുക. അതിനായി നന്ദി പറയുക.**

സങ്കീ.94:12; 119:75; സദൃ.3:11–12; യിരെ.5:3; 10:24; എബ്രാ.12:5–11

❖ **ദൈവം നിങ്ങളുടെ പാപം അറിയുന്നു. പാപം ഏറ്റുപറയുക, പശ്ചാത്തപിക്കുക, മറ്റുള്ളവരോട് ക്ഷമിക്കുക എന്നിവമൂലം നിങ്ങൾക്ക് ദൈവീക അനുഗ്രഹങ്ങൾ സ്വായത്തമാക്കാം.**

സദൃ.28:13; യെശ.30:5; യിരെ.3:11–14; മത്താ.6:12–15; 18:21–35; 1 യോഹ.1:8–10.

❖ **മറ്റുള്ളവരോട് രഹസ്യമായി പാപങ്ങളെ ഏറ്റുപറയുക.**

അ.പ്ര.19:18; യാക്കോ.5:16

❖ **ദൈവം പാപത്തെ വെറുക്കുന്നതുപോലെ നാമും പാപത്തെ വെറുക്കുക.**

സങ്കീ.51:3-4; 97:10; 119:104, 128, 163, സദൃ.6:16-19; 16:5 ആമോസ് 5:14-15; വെളി.2:6

- **അഹങ്കാരം, സ്വാർത്ഥത പിറുപിറുപ്പ്, ഹൃദയകാഠിന്യം ഇവയെ ഏറ്റു പറയുക.**

  1 ശമു.15:23; സങ്കീ.78:7-38; സദൃ.8:13; യിരെ.4:4; ലൂക്കോ.18:9-14; 1 കൊരി.8:1-3; 10:9-12

- **മദ്യപാനം, മുഢത, ഭോഷ്ക്, സമയം നഷ്ടമാക്കിയത് ഇവ ഏറ്റു പറയുക.**

  സങ്കീ.90:12; സദൃ.14:16, 23:29-35; എഫെ.4:29; 5:4; 14-18

- **വ്യഭിചാരം, തെറ്റായ ചിന്തകൾ ഇവ ഏറ്റുപറയുക.**

  മത്താ.5:28; 1 കൊരി.6:9-11; 18-20; 10:6-8; എഫെ.5:3; കൊലോ. 3:5-6

- **ധനമോഹം, അത്യാഗ്രഹം, ലോകത്തിലുള്ളതിനോടുള്ള സ്നേഹം ഇവ ഏറ്റുപറയുക.**

  പുറ.20:17; മർ.8:34-38; ലൂക്കോ.12:15; കൊലോ.3:5; 1 തിമോ.6:9-11; എബ്രാ. 13:5; 1 യോഹ. 2:15-17

- **കോപം, ഭയം, ആശങ്ക, കളവ് പറയുക, ദുശ്ചിന്ത എന്നിവ ഏറ്റുപറയുക.**

  പുറ.20:1-17; സദൃ.16:32; മത്താ.5:22; എഫെ.4:25-32; കൊലോ.3:8-10

- **സ്വന്തം പ്രവൃത്തികളുടെ ഉത്തരവാദിത്വം ഏറ്റെടുക്കുക. നിങ്ങളുടെ പാപത്തിന് ദൈവത്തെയോ മറ്റുള്ളവരെയോ കുറ്റപ്പെടുത്താതിരിക്കുക.**

  ഇയ്യോ.42:1-6; 1 കൊരി.10:13; യാക്കോ.1:13-16; 2 പത്രോ.1:3

- **നിങ്ങൾ പാപം ചെയ്യുമ്പോൾ അത് ദൈവത്തിനെതിരെ ആണെന്ന് തിരിച്ചറിയുക.**

  സങ്കീ.51:4

### 3. നിങ്ങളുടെ വീഴ്ചയ്ക്കു കാരണമായേക്കാവുന്ന എല്ലാം നിങ്ങളുടെ ചുറ്റുവട്ടത്തുനിന്നും നീക്കുക. (Remove).

***"കർത്താവായ യേശുക്രിസ്തുവിനെ തന്നെ ധരിച്ചുകൊൾവിൻ. മോഹങ്ങൾ ജനിക്കുമാറു ജഡത്തിനായി ചിന്തിക്കരുത്" (റോമ.13:14)***

നമ്മുടെ വീഴ്ചയ്ക്ക് കാരണമായേക്കാവുന്ന വ്യക്തികളുടെയോ വസ്തുക്കളുടെയോ സമീപത്തു നിന്ന് നാം അകന്നു നിൽക്കണം. നമ്മെ പ്രലോഭിപ്പിക്കുന്ന കാര്യങ്ങളിൽ നിന്നും നാം അകലേണ്ടതാണ്. നമ്മുടെ കാഴ്ചയിൽ മറഞ്ഞിരിക്കുന്നതെങ്കിലും, നമ്മെ ജഡീകമായ പാപത്തിലേക്ക് നയിക്കുവാനിടയുള്ള എല്ലാത്തിനോടും നമുക്ക് അഭിനിവേശം ഉണ്ടെങ്കിൽ, ഉയരത്തിലുള്ളതു ചിന്തിക്കുവാൻ നമുക്ക് കഴിയുകയില്ല. വിശേഷിച്ചും, മദ്യം, മയക്കുമരുന്ന്, ലഹരിവസ്തുക്കൾ, പാപസ്വഭാവങ്ങൾ എന്നിവയോട് നമ്മുടെ ശരീരത്തിനുള്ള ആസക്തിയുടെ കാര്യത്തിൽ ഇത് ശരിയാണ്. ഏതെങ്കിലും വിധത്തിൽ നമ്മെ പഴയ പാപജീവിതത്തിലേക്ക് നയിക്കാനിടയുള്ള എല്ലാത്തിൽ നിന്നും നാം മനഃപൂർവ്വമായി അകന്നു നിൽക്കണം. സിനിമ, പുസ്തകങ്ങൾ, മാസികകൾ മുഖാന്തരം അശ്ലീല ചിത്രങ്ങളോടുള്ള ആസക്തിയിൽ നിന്ന് നാം മുക്തി നേടണം. ഇന്റർനെറ്റിലൂടെ അശ്ലീല ചിത്രങ്ങൾ കാണുന്നത് ഒഴിവാക്കണം. നിങ്ങളുടെ മനഃസാക്ഷിക്കു യോജിക്കാത്ത എന്തെങ്കിലും സാധനങ്ങൾ നിങ്ങളുടെ ഭവനത്തിലുണ്ടെങ്കിൽ അവയും ഒഴിവാക്കണം. അവ എത്ര വിലപിടിപ്പുള്ളവ ആയാലും, പാപത്തിലേക്ക് നയിക്കാൻ ഉതകുന്ന ഏതൊരു വസ്തുവും നിങ്ങൾ വലിച്ചെറിയണം. നിങ്ങളെ പാപത്തിലേക്ക് നയിക്കുവാൻ പ്രലോഭിപ്പിക്കുന്ന വ്യക്തികളോട് സുവിശേഷം പങ്കുവയ്ക്കുക. അവരുമായി സഹവസിക്കുന്നത് നിർത്തുക. "വഞ്ചിക്കപ്പെടരുത്, ദുർഭാഷണത്താൽ സദാചാരം കെട്ടുപോകുന്നു." (1 കൊരി.15:33). നിങ്ങളുടെ ആത്മീക വളർച്ചക്ക് സഹായകമാകുന്ന ആത്മീകമായ വ്യക്തികളുമായി സഹകരിക്കുക. ഹവ്വ പാപം ചെയ്തത്, തന്നെ പ്രലോഭിപ്പിക്കത്തക്കവണ്ണം ആ മരത്തിലേക്ക് ഉറ്റുനോക്കിയതിനാലാണ്. ആ മരത്തിനടുത്തേക്കു പോകുകയോ, അതിന്റെ ഫലം സൂക്ഷിച്ചുനോക്കുകയോ ചെയ്യാതിരിക്കുക.

❖ **ആ മരത്തിൽ നിന്നും അകന്നിരിക്കുക! അതിന്റെ ഫലം മോഹിക്കരുത്. പ്രലോഭനവാതിലിനടുത്ത് പോകരുത്.**

ഉല്പ.3:6; സദൃ.5:8; 7:7-9; 25; 23:29-35

- ❖ **നിങ്ങളുടെ കൈയിൽ ഉള്ള മദ്യം, മയക്കുമരുന്ന്, മാസികകൾ, അഥവാ നിങ്ങളെ പ്രലോഭിപ്പിക്കുന്ന മറ്റു വസ്തുക്കൾ എല്ലാം തന്നെ മാറ്റുക.**

  യെശ.30:22; മത്താ.5:29–30; അ.പ്ര.19:19

- ❖ **പാപത്തിന് അതിർവരമ്പു വയ്ക്കുക. പാപവഴിയിൽ സഞ്ചരിക്കാതിരിക്കുക. ജഡീകമോഹങ്ങളെ താലോലിക്കരുത്.**

  സങ്കീ.141:3–4; യിരെ.4:1; റോമ.13:14

- ❖ **സിനിമ, ടി.വി. മുതലായവ ഓഫ് ചെയ്യുക. നിങ്ങളുടെ കൺമുൻപിൽ നിന്ന് അർത്ഥശൂന്യമായതെല്ലാം മാറ്റുക.**

  സങ്കീ.1; സദൃ.5:3–6; 7:10–23; 1 കൊരി.15:33; എഫെ.5:6–17; 1 പത്രോ. 2:11–12; 4:3–4

- ❖ **പ്രലോഭനങ്ങൾ നേരിടാവുന്ന സമയം, സാഹചര്യം ഇവ മനസ്സിലാക്കി അവയിൽ നിന്നും ഒഴിഞ്ഞുമാറുക.**

  സദൃ.27:12

## 4. ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ മനസ്സു പുതുക്കുക (Renew)

***"എന്റെ വചനത്തിൽ നില നില്ക്കുന്നു എങ്കിൽ നിങ്ങൾ വാസ്തവമായി എന്റെ ശിഷ്യന്മാരായി സത്യം അറികയും സത്യം നിങ്ങളെ സ്വതന്ത്രന്മാരാക്കുകയും ചെയ്യും" (യോഹ.8:31–32)***

ദൈവവുമായുള്ള നമ്മുടെ ബന്ധം ശക്തിപ്പെടുത്തുന്നതിനും പ്രലോഭനങ്ങളെ അതിജീവിക്കുന്നതിനും ഏറ്റവും നല്ല മാർഗ്ഗം എന്നത് ദൈവവചനം വായിക്കുന്നതിനും, ധ്യാനിക്കുന്നതിനും, പഠിക്കുന്നതിനുമായി ധാരാളം സമയം കണ്ടെത്തുക എന്നതാണ്. ഇപ്രകാരം ചെയ്യുന്നതിൽ നിങ്ങൾ പ്രമോദിക്കുമെങ്കിൽ, നിങ്ങളുടെ വിശ്വാസജീവിതം അഭിവൃദ്ധിപ്പെടുവാനും, തദ്വാരാ പ്രലോഭനങ്ങളെ അകറ്റി നിർത്തുവാനും സാധിക്കും (യോഹ.15:1–7). നാം അവനിലും അവൻ നമ്മിലും വസിക്കുമെങ്കിൽ നാം ചോദിക്കുന്നതൊക്കെയും കർത്താവ് സാധ്യമാക്കിത്തരും (യോഹ.15:7). യേശു പറഞ്ഞത്, തന്നിലും തന്റെ വചനത്തിലും വസിക്കുന്നവരാണ് യഥാർത്ഥ ശിഷ്യന്മാർ എന്നാണ്. അപ്രകാരമുള്ളവർ സത്യത്തെ അറിയുകയും സത്യം അവരെ സ്വതന്ത്രരാക്കുകയും ചെയ്യും. നമുക്കുവേണ്ടിയുള്ള

സുപ്രധാനമായ പല ദൈവീക വാഗ്ദത്തങ്ങളും ദൈവവചനം രാവും പകലും ധ്യാനിക്കുന്നതിനെ ആശ്രയിച്ചാണിരിക്കുന്നത് (സങ്കീ.1). ദൈവ വചനമായിരിക്കണം നാം നിരന്തരമായി ആഗ്രഹിക്കേണ്ടത്. സമയമില്ല എന്നുള്ള മുടന്തൻ ന്യായങ്ങൾ അസ്ഥാനത്താണ് (T.V.കാണുന്നതിനും മറ്റുമായി നാം എത്ര സമയമാണ് ചെലവഴിക്കുന്നത്?). ദൈവവുമായി സമയം ചെലവഴിക്കുന്നത് നമ്മുടെ ഒരു ദിനചര്യയായി മാറണം. ദൈവ ത്തോടു സമയം ചെലവഴിക്കുക എന്നത് നമ്മുടെ ഏറ്റവും വലിയ ആഗ്ര ഹവും ദിനചര്യയുമായി തീർന്നാൽ അത്രമേൽ സന്തോഷം മറ്റൊന്നുമില്ല. തിരുവചനത്തോട് നിങ്ങൾക്കു മടുപ്പുതോന്നുന്നുണ്ടെങ്കിൽ നിങ്ങൾക്ക് എന്താണ് നഷ്ടമാകുന്നത് എന്നതിനെപ്പറ്റിയുള്ള അജ്ഞത മൂലമോ, ലോക ത്തിന്റെ താല്ക്കാലിക സുഖങ്ങളോടുള്ള നിങ്ങളുടെ അടങ്ങാത്ത ആഗ്ര ഹമോ ആകാം കാരണം. ദിവസേന ദൈവവചനധ്യാനത്തിനും പഠനത്തി നുമായി സമയം കണ്ടെത്തണം. അപ്രകാരം ചെയ്യാത്തവർക്ക് പ്രലോഭന ങ്ങളെ അതിജീവിക്കണമെന്ന ആഗ്രഹം ഉണ്ടാവുകയില്ല. നിങ്ങൾ വചന ധ്യാനത്തിനു സമയം കണ്ടെത്തുമ്പോൾ ദൈവം നിങ്ങളെ അനുഗ്രഹിക്കു കയും, നിങ്ങളുടെ മനസ്സ് പ്രലോഭനങ്ങൾക്ക് അടിമപ്പെടാതെ അതിനെ പരാ ജയപ്പെടുത്തുവാൻ സജ്ജമാവുകയും ചെയ്യും.

❖ **ദിവസം മുഴുവനും ദൈവവചനം ധ്യാനിക്കുക, അതിനെ നിങ്ങ ളുടെ പ്രമോദമാക്കുക, മറ്റെല്ലാ സമ്പത്തിനേക്കാളുമുപരി അതിനെ സ്നേഹിക്കുക.**

യോശു.1:8; സങ്കീ.1:1-3; 63:6; റോമ.12:1-2; എഫെ.4:23; കൊലോ.3:16

❖ **ദൈവചനത്തിനായി കാംക്ഷിക്കുക, അതിനായി ദാഹിക്കുക.**

സങ്കീ.1:2; 19:7-11; 119:14, 16, 24, 47-48, 72, 92, 97, 127, 143, 174, സദൃ. 16:20; 1 പത്രോ.2:2

❖ **വചനം പഠിക്കുക, പാപം എന്ന് ദൈവം പറഞ്ഞിട്ടുള്ള സകല ത്തെയും വിട്ടൊഴിയുക.**

പുറ.20:3-17; 1 ശമു.15:22-23; മത്താ.6:21 7:27; ഗലാ.5:19-21; എഫെ. 4:25; 6:9; 2 തിമൊ.3:16-17

❖ **പാപത്തെ ഒഴിവാക്കുവാനായി വചനം മനഃപാഠമാക്കുക.**

സങ്കീ.119:9-11; സദൃ.6:23-24; മത്താ.5:22-28; 6:24-25; 15:18-19;

എഫെ. 4:25-32; 5:15-18; 1 തെസ്സ.4:3-7; 1 തിമൊ.6:10, 17; യാക്കോ.3:16; 4:1-4; 1 യോഹ.2:15-17

❖ **ജ്ഞാനവും, വിവേകവും, വകതിരിവും, ദൈവഹിതം തിരിച്ചറിയേണ്ടതിനുമായി വചനം ധ്യാനിക്കുക.**

സദൃ.1:7; 2:1-5; 2:3; ഫിലി.1:9-11; കൊലോ.1:9-12

❖ **ദൈവത്തിലും അവന്റെ വചനത്തിലും വിശ്വസിക്കുക.**

സദൃ.3:5-6; 16:20, 30:5; മർ.11:22-24; യോഹ.14:1; എബ്രാ.10:38; 11:6.

### 5. ദൈവത്തോട് തീഷ്ണമായ സ്നേഹം ജ്വലിപ്പിക്കുക. (Rekindle)

***"യേശു അവനോട് നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണ ഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണ മനസ്സോടുംകൂടെ സ്നേഹിക്കേണം. ഇതാകുന്നു വലിയതും ഒന്നാമത്തേതുമായ കല്പന." (മത്താ. 22:37-38)***

പ്രലോഭനങ്ങളെ അതിജീവിക്കുന്നതിന്റെ പരമപ്രധാനലക്ഷ്യം എന്നത് ദൈവസ്നേഹം നമ്മെ പ്രലോഭനങ്ങളിൽ വീഴാതെ സൂക്ഷിക്കുന്നു എന്നതാണ്. മറിച്ച്, നാം പിടിക്കപ്പെട്ടാൽ ശിക്ഷിക്കപ്പെടും എന്ന ഭയം അല്ല. നമ്മുടെ ദൈവമായ കർത്താവിനെ, പൂർണ്ണ ഹൃദയത്തോടും പൂർണ്ണ മനസ്സോടും പൂർണ്ണ ശക്തിയോടും സ്നേഹിക്കേണം എന്നതാണ് പ്രധാനപ്പെട്ട കല്പന. ദൈവസ്നേഹം നമ്മിൽ വർദ്ധിക്കുമ്പോൾ, ലോകത്തോടും അതിന്റെ മോഹങ്ങളോടുമുള്ള നമ്മുടെ താല്പര്യം കുറഞ്ഞു കുറഞ്ഞു വരും. നമ്മുടെ പാപപ്രവൃത്തികൾ നിമിത്തം ദൈവനാമം ദുഷിക്കപ്പെടുവാൻ അനുവദിക്കാതെ ദൈവവേല ചെയ്യുന്നതിൽ നാം ഉത്സുകരാകും. നമ്മുടെ അയല്ക്കാരെ നമ്മെപ്പോലെ സ്നേഹിക്കുക എന്ന ദൈവകല്പന നാം നിവർത്തിക്കുമ്പോൾ, അവരോട് നാം പാപം ചെയ്യുകയില്ല. നാം ആരെയെങ്കിലും സ്നേഹിക്കുമ്പോൾ അവരോട് കോപിക്കുവാൻ നമുക്ക് സാധിക്കുമോ? ഒരുവന്റെ നിത്യതയെക്കുറിച്ച് നമുക്ക് മനോഭാരം ഉണ്ടാകുമ്പോൾ അവരെ പല ലാക്കോടുകൂടി വീക്ഷിക്കുവാൻ നമുക്ക് സാധിക്കുമോ? സ്നേഹത്തിന്റെ വിപരീതമാണ് ഭോഗം എന്നത്. സ്വയതല്പരതയിൽ നിന്നുമാണ് അത് ഉത്ഭവിക്കുന്നത്. നമ്മെ സൃഷ്ടിച്ചവനെ പ്രസാദിപ്പിക്കുവാൻ നാം ശ്രമിക്കുമ്പോൾ, സ്വാഭാവികമായും നാം പാപത്തോട് അകന്നിരി

ക്കും. നമ്മുടെ അയല്ക്കാരെ നമ്മെപ്പോലെ സ്നേഹിക്കുക വഴി നാം പാപത്തോട് പോരാടുന്നതിൽ ജയാളികളാകും.

❖ **നിങ്ങളുടെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടുംകൂടെ സ്നേഹിക്കുക.**

ആവ.6:5; സങ്കീ.31:23; മത്താ.22:35-40

❖ **യഹോവയിൽതന്നെ രസിച്ചുകൊൾക. ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള വ്യക്തിയായി മാറുക.**

1 ശമു.13:14; സങ്കീ.37:4; 42:1-2; യോഹ.8:29; അ.പ്ര.13:22; 2 കൊരി.5:9; എഫെ.5:10; കൊലോ.1:9-10; 1 യോഹ.3:22.

❖ **ഹൃദയത്തെ ശുദ്ധീകരിക്കുക. ഇരുഹൃദയം ഉള്ളവരാകരുത്. ധനമോഹവും ലോകത്തോടുള്ള മോഹവും വെടിയുക.**

സദൃ.23:4-5; 28:22; മത്താ.6:19-24; 1 തിമൊ.6:9-19; എബ്രാ.13:5; യാക്കോ.1:5-8; 4:4; 8-10; 1 യോഹ.2:15-17.

❖ **നിങ്ങളുടെ പ്രത്യാശ യേശുക്രിസ്തുവിലും അവന്റെ രണ്ടാമത്തെ പ്രത്യക്ഷതയിങ്കലും ആകണം.**

1 തിമോ.6:17-19; 2 തിമോ.4:8; എബ്രാ.12:1-2; 1 പത്രോ.1:13; 1 യോഹ.3:3

❖ **ദൈവത്തെ അന്വേഷിക്കുന്നതിന് ഹൃദയത്തെ ഒരുക്കുക.**

ആവ.4:29-32; 2 ദിന.12:14; സങ്കീ.27:8; 34:10; 119:2; യെശ.55:6

❖ **ദൈവവചനത്തെ അനുസരിച്ച് ദൈവസ്നേഹം പ്രകടമാക്കുക. ആദ്യസ്നേഹം ഉപേക്ഷിക്കരുത്.**

ആവ.10:12-13; 11:1; 30:15-16; 1 ശമു.15:22-23; യോഹ.14:15; 21, 23; 1 യോഹ.2:4-6; 3:22-24; വെളി.2:4

❖ **സഹവിശ്വാസികളെ സ്നേഹിക്കുക വഴി ദൈവസ്നേഹം പ്രകടമാക്കുക**

യോഹ.15:12; 1 യോഹ.3:10-18; 23, 4:7; 19-21

## 6. ജീവനുള്ള യാഗമായി ദൈവമുമ്പാകെ പുനഃസമർപ്പിക്കുക (Rededicate)

***"സഹോദരന്മാരേ, ഞാൻ ദൈവത്തിന്റെ മനസ്സലിവ് ഓർപ്പിച്ച് നിങ്ങളെ പ്രബോധിപ്പിക്കുന്നത്, നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദ വുമുള്ള യാഗമായി സമർപ്പിപ്പിൻ" (റോമ.12:1)***

നാം സ്വയം നമ്മുടെ നിയന്ത്രണം ഏറ്റെടുക്കുമ്പോഴാണ് ചില ഘട്ട ങ്ങളിൽ നാം പാപം ചെയ്യുന്നത്. നാം പൂർണ്ണമായി ദൈവത്തിനു വിധേയ പ്പെടാതെ, നമുക്ക് തോന്നുന്നതുപോലെ കാര്യങ്ങൾ ചെയ്യുമ്പോൾ നാം പാപത്തിൽ വീഴുന്നു. ജീവനും വിശുദ്ധിയുമുള്ള യാഗമായി നമ്മെത്തന്നെ ദൈവമുമ്പാകെ സമർപ്പിക്കണം എന്നാണ് ദൈവം ആഗ്രഹിക്കുന്നത്. ഇതിന്റെ അർത്ഥം നമ്മുടെ പദ്ധതികളും ഉദ്ദേശ്യങ്ങളും ആഗ്രഹങ്ങളും ദൈവസന്നിധിയിൽ സമർപ്പിക്കുക. സ്വാർത്ഥതാല്പര്യങ്ങൾ നമ്മെ തിന്മ യിലേക്ക് നയിക്കും (യാക്കോ.3:13-16). നാം ദൈവസന്നിധിയൽ സത്യസ ന്ധതയുള്ളവരാണെങ്കിൽ നാം ചെയ്യുന്ന ഓരോ കാര്യങ്ങളുടെയും ഉദ്ദേ ശശുദ്ധി അവലോകനം ചെയ്യുമ്പോൾ പലതും സ്വാർത്ഥ താല്പര്യങ്ങ ളിൽ നിന്നും ഉടലെടുത്തവയാണെന്ന് നമുക്ക് മനസ്സിലാക്കുവാൻ സാധി ക്കും. പ്രലോഭനങ്ങളെ അതിജീവിക്കുന്നതിന്റെ അടുത്തപടി എന്നത് സ്വന്ത താല്പര്യങ്ങളെയും ലക്ഷ്യങ്ങളെയും മരിപ്പിച്ച്, തന്നത്താൻ ത്യജിച്ച് തന്റെ ക്രൂശ് എടുത്ത് അനുദിനം യേശുവിനെ അനുഗമിക്കുക എന്നതാണ്. അവന്റെ ശബ്ദത്തിനായി കാതോർത്ത്, അവൻ പറയുന്നത് അനുസരി ക്കുക. നാം സ്വതന്ത്രരല്ല, ഒന്നുകിൽ പാപത്തിന് അടിമപ്പെട്ടവർ; അല്ലെ ങ്കിൽ നീതിക്ക് അടിമപ്പെട്ടവർ (റോമ.6:16-20). നിങ്ങളുടെ ജീവിതത്തെ ക്രിസ്തുവിനെ സേവിക്കേണ്ടതിനായി പുനഃസമർപ്പിക്കുക. നിങ്ങളുടെ സകല ആഗ്രഹങ്ങളും, ലക്ഷ്യങ്ങളും അവന്റെ സന്നിധിയിൽ സമർപ്പിക്കു ക. അവനെ ശ്രവിക്കുവാനും തല്പരനാകുക. ഇത് സ്വാർത്ഥ താല്പര്യങ്ങ ളിൽ നിന്നും ഉടലെടുക്കാവുന്ന പല പാപസ്വഭാവങ്ങളിൽ നിന്നും നിങ്ങളെ വിടുവിക്കും. ക്രിസ്തു ആകണം നിങ്ങളുടെ സകലവും.

❖ **നിങ്ങളുടെ അവയവങ്ങളെ നീതിയുടെ ആയുധങ്ങളായി സമർപ്പി ക്കുക.**

റോമ.6:12-14; 12:1-2

- **നിങ്ങളെ ക്രിസ്തുവിന്റെ അടിമയായി കണക്കാക്കി നിങ്ങൾക്ക് ഇഷ്ടമുള്ളത് ചെയ്യുവാൻ അനുവദിക്കാതിരിക്കുക.**

  റോമ.6:15-20; ഗലാ.5:17

- **ദൈവഹിതം എന്തെന്ന് അറിയുവാനും അതു ചെയ്യുവാനും നിങ്ങളെ പൂർണ്ണമായും സമർപ്പിക്കുക.**

  സങ്കീ.40:8; എബ്രാ.10:7, 36; യാക്കോ.4:7-8; 1 പത്രോ.2:15

- **നിങ്ങളുടെ താല്പര്യങ്ങൾക്കു മുകളിലായി ക്രിസ്തുവിന്റെ ഇഷ്ടത്തെ മാനിക്കുക.**

  ഫിലി.2:20-21

- **മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിക്കുക.**

  മത്താ.24: 45-51; യോഹ.8:29; 2 കൊരി.5:9-10; കൊലോ.1:10; 1 യോഹ. 3:22

- **ദൈവരാജ്യത്തിനുകൊള്ളാവുന്നവരായി നിങ്ങളെ കണക്കാക്കുക. നല്ലപോരാട്ടം പോരാടുക.**

  2 തിമോ.4:6-7

## 7. ആത്മാവിന്റെ പൂർണ്ണത വീണ്ടെടുക്കുക (Regain)

***''വീഞ്ഞു കുടിച്ചു മത്തരാകരുത്; അതിനാൽ ദുർന്നടപ്പ് ഉണ്ടാകുമല്ലോ'' (എഫെ.5:18)***

എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴികയില്ലെന്ന് യേശു പറഞ്ഞു (യോഹ.15:5). നാം പലപ്പോഴും പാപം ചെയ്യുന്നതിന്റെ കാരണം, നമ്മുടെ സ്വന്ത ബലത്തിലും സ്വന്ത വഴിയിലും ആശ്രയിച്ച് നാം കാര്യങ്ങൾ ചെയ്യുന്നതിനാലാണ്. പഴയ നിയമ വിശ്വാസികൾക്ക് പ്രാപ്യമല്ലാതിരുന്ന, ആവസിക്കുന്ന പരിശുദ്ധാത്മ സാന്നിധ്യത്തെ ഓരോ പുതിയ നിയമ വിശ്വാസിക്കും ക്രിസ്തുയേശുവിൽ കൂടിയുള്ള രക്ഷയുടെ ഭാഗമായി നൽകുവാൻ പിതാവായ ദൈവത്തിന് ഇഷ്ടം തോന്നി. ദൈവത്തോ

ടുചേർന്നു നടക്കുവാനും, അവന്റെ ഹിതം ഇന്നതെന്ന് തിരിച്ചറിഞ്ഞ് അതിനെ അനുസരിക്കുവാനുമുള്ള അവിശ്വസനീയമായ വസ്തുതകളെ നമുക്ക് ദൈവം ദാനമായി നൽകി. പഴയ നിയമത്തിൽ പാപം ചെയ്ത ചില വ്യക്തികളെ നോക്കി, അവർ ഇപ്രകാരമൊക്കെ ചെയ്തിരുന്നെങ്കിൽ അവർക്കിത് സംഭവിക്കയില്ലായിരുന്നു എന്നു നാം പറഞ്ഞേക്കാം. എന്നാൽ ഇന്ന് നമുക്ക് അതിലും ശ്രേഷ്ഠമായ വെളിപ്പാടുകളും സത്യവും പുതിയ നിയമത്തിൽ ലഭ്യമാണ്. എന്നിരുന്നാലും, നാമും പലതിലും വീണുപോകാറുണ്ട്. കൂടുതൽ വചനവും, സാക്ഷികളുടെ വലിയ സമൂഹവും അതിലുപരി, പരിശുദ്ധാത്മസാന്നിധ്യവുമുള്ള നാം വീണുപോയാൽ ഒരുപക്ഷേ നമുക്കുള്ള ശിക്ഷാവിധി കൂടുതലാണ് എന്നു ചിന്തിക്കുന്നതിൽ തെറ്റില്ല. പ്രലോഭനങ്ങളെ അതിജീവിക്കുന്നതിൽ നമുക്ക് ഒരു ഒഴികഴിവും പറയുവാനില്ല. നാം പൂർണ്ണമായും ക്രിസ്തുവിനായി ജീവിക്കുവാൻ വിളിക്കപ്പെട്ടവരാണ്. നമുക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾക്കായി നമ്മുടെ സ്വന്ത ബലത്തിലും വിവേകത്തിലും ആശ്രയിക്കാതെ പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിനു വിധേയരാകേണ്ടത് വളരെ അത്യന്താപേക്ഷിതമാണ്. നാം ആത്മാവിനാൽ നിറയുമ്പോൾ, നമുക്ക് പാപം ചെയ്യുവാൻ സാധിക്കുകയില്ല. നാം പാപം ചെയ്യുന്നത് മനഃപൂർവ്വമായി തിരഞ്ഞെടുക്കുമ്പോൾ അത് പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുന്നു. അവന്റെ കൂട്ടായ്മയിൽ സന്തോഷിക്കുവാൻ നമുക്ക് കഴിയുകയില്ല. ഓരോ ദിവസവും ദൈവസാന്നിധ്യം പൂർണ്ണമായി നിങ്ങളിൽ വസിക്കുവാനായി പ്രാർത്ഥിക്കുക. "ആത്മാവിനെ അനുസരിച്ചു നടപ്പിൻ. എന്നാൽ നിങ്ങൾ ജഡത്തിന്റെ മോഹം നിവർത്തിക്കയില്ല" (ഗലാ.5:16). ആവസിക്കുന്ന പരിശുദ്ധാത്മ സാന്നിധ്യം നമ്മെ പാപത്തിന്മേൽ ജയം നേടുന്നതിന് സഹായിക്കും.

❖ **ക്രിസ്തുവിലും പരുശുദ്ധാത്മാവിലും നിങ്ങളുടെ നിക്ഷേപം എന്തെന്ന് അറിയുക.**

റോമ.8:1-11; 2 പത്രോ.1:3-4

❖ **ക്രിസ്തുവിൽ വസിക്കുക.**

യോഹ.15:1–8; 1 യോഹ.2:6; 28; 3:6, 23–24; 4: 11–16

❖ **ക്രിസ്തുവിനു യോഗ്യമാംവണ്ണം നടക്കുക. ആത്മാവിനെ അനുസരിക്കുമ്പോൾ നിങ്ങൾ ജഡപ്രകാരം നടക്കുകയില്ല.**

ഗലാ.5:16–26; എഫെ.4:1–3; 5:18; കൊലോ.1:9–10

❖ **ക്രിസ്തുവിൽ സന്തോഷിക്കുക, നന്ദിയുള്ളവരായിരിക്കുക, നിങ്ങളുടെ ദീർഘക്ഷമ മറ്റുള്ളവർ കാണട്ടെ.**

ഫിലി.4:4–5; കൊലോ.3:15–17

❖ **സകലത്തിലും പൂർണ്ണതയും ക്രിസ്തുവിന്റെ ഭാവവും അന്വേഷിക്കുക. നിങ്ങളുടെ സ്വഭാവം വിശുദ്ധമാകട്ടെ.**

മത്താ.5:48; എഫെ.5:1; കൊലോ.1:28; 1 പത്രോ.1:14–16

❖ **ദിനംതോറും പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞ് പുതിയ മനുഷ്യനെ ധരിക്കുക.**

റോമ.13:14; 2 കൊരി.5:17; ഗലാ.5:24; എഫെ.4:22–24; കൊലോ.3:9–10

❖ **യൗവ്വനമോഹങ്ങളിൽ നിന്നും ദിനം തോറും നിങ്ങളെ ശുദ്ധീകരിക്കുക.**

2 കൊരി.7:1; 2 തിമോ.2:21–22; യാക്കോ.4:8; 1 പത്രോ.2:11

❖ **കോപത്തെ നിയന്ത്രിക്കുക.**

സദൃ.14:29; 16:32; 19:11; എഫെ.4:26–27; യാക്കോ.1:19–20

❖ **പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത്.**

എഫെ.4:30; 1 തെസ്സ.5:19

❖ **അജ്ഞാനികളാകാതെ, ദൈവഹിതം തിരിച്ചറിയുക.**

എഫെ.5:17; 1 തെസ്സ.5:6–8

## 8. ദൈവത്തെ പൂർണ്ണമായി അനുസരിക്കുന്നതിനും സേവിക്കുന്നതിനുമായി പുനഃസമർപ്പിക്കുക (Recommit)

*"നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും" (യോഹ.14:15)*

നാം ദൈവസന്നിധിയിൽ നമ്മെ വീണ്ടും സമർപ്പിക്കുകയും പരിശുദ്ധാത്മാവിനാൽ നിറയപ്പെടുകയും ചെയ്താൽ ദൈവവേലയ്ക്കായി നമ്മെത്തന്നെ സമർപ്പിക്കുവാൻ സാധിക്കും. ദൈവവേലയിൽ നാം വ്യാപൃതരാകുമ്പോൾ നമ്മുടെ പരിമിതികൾക്കും സാഹചര്യങ്ങൾക്കും അപ്പുറമായി നമുക്ക് ലക്ഷ്യബോധമുണ്ടാവുകയും അതിനായി ദൈവം നമ്മെ ഒരുക്കുകയും ചെയ്യും. നമ്മുടെ സ്വന്ത ആവശ്യങ്ങളിൽനിന്നും താല്പര്യങ്ങളിൽ നിന്നും നമ്മുടെ ശ്രദ്ധ പാപത്തിൽ നിന്നും സ്വയചിന്തകളിൽ നിന്നും മുക്തി നേടുന്നതിലാകും. "അലസ മനസ്സ് പിശാചിന്റെ കളിത്തട്ട്" ആണെന്ന പഴഞ്ചൊല്ല് നാം മറക്കരുത്. നാം ദൈവവേല ചെയ്യുന്നതിനായി കൂടുതൽ സമയം മാറ്റി വയ്ക്കുമ്പോൾ, ദൈവരാജ്യത്തിൽ നമുക്ക് നിശ്ചയമായും പ്രതിഫലം ലഭിക്കും എന്നതുമാത്രമല്ല, പാപസംബന്ധമായ കാര്യങ്ങളിൽ ഏർപ്പെടുവാൻ നമുക്ക് സമയം ലഭിക്കുകയുമില്ല. നാം മറ്റുള്ളവരോട് സുവിശേഷം അറിയിക്കുകയും പ്രസംഗിക്കുകയും ചെയ്യുമ്പോൾ തന്നെ, നമ്മുടെ ജീവിതവും പ്രവൃത്തിയുംകൊണ്ട് ദൈവനാമം ദുഷിക്കപ്പെടാതെ, അവന്റെ ഉത്തമ സാക്ഷികളായി ജീവിക്കേണ്ടത് അത്യന്താപേക്ഷിതമാണ് (1 കൊരി. 9:27). നാം ആത്മാവിൽ ജാഗരിച്ച്, ദിനംതോറും മനസ്സു പുതുക്കി രൂപാന്തരം പ്രാപിച്ചവരായി ക്രിസ്തുവിൽ ജീവിച്ചെങ്കിൽ മാത്രമേ അത് ഫലപ്രദമാകൂ. ക്രിസ്തുവിനെ ജഡീകമായി സേവിച്ചാൽ അത് നിലനിൽക്കുകയില്ല. നാം എന്തിനായി വിളിക്കപ്പെട്ടുവോ, യഥാർത്ഥ ലക്ഷ്യബോധത്തോടും ആത്മശക്തിയോടും അത് ചെയ്യുമെങ്കിൽ പ്രലോഭനങ്ങളുടെമേൽ ദിനംതോറും നമുക്ക് ജയമെടുക്കുവാൻ സാധിക്കും.

❖ **അധികം ഫലം കായ്ച്ച് പിതാവിനെ മഹത്വപ്പെടുത്തുക.**

മർ.4:20; യോഹ.15:8; കൊലോ.1:10

- **നശിച്ചുപോകുന്ന ആത്മാക്കളോട് സുവിശേഷം പങ്കുവയ്ക്കുക.**

  സദൃ.3:6; 11:30; എഫെ.6:15; കൊലോ.4:36; 1 പത്രോ.3:15-16

- **ശുശ്രൂഷിക്കപ്പെടുകയല്ല, ശുശ്രൂഷിക്കുക.**

  മത്താ.20:25-28; മർ.10:45; എബ്രാ.10:24-25

- **വചനം കേൾക്കുക മാത്രമല്ല, അതു ചെയ്യുക.**

  മത്താ.7:24-27; യാക്കോ.1:22-25; 1 യോഹ.2:4-6; 3:18

- **തന്നെത്താൻ ത്യജിച്ച് ദിനംതോറും തന്റെ ക്രൂശ് എടുക്കുക.**

  മർ.8:34-38; യോഹ.12:24-26; ഗലാ.2:20

- **സമയം തക്കത്തിൽ ഉപയോഗിക്കുക.**

  സങ്കീ.90:12; എഫെ.5:15-17

- **വാക്കിലും പ്രവൃത്തിയിലും സഹോദരങ്ങളെ (സഹവിശ്വാസികളെ) സ്നേഹിക്കുക.**

  ലൂക്കോ.10:25-37; റോമർ.12:9-13; യാക്കോ.1:26-27; 1 പത്രോ.4:8; 1 യോഹ.3:10-18

- **നിങ്ങളുടെ താലന്തുകൾ ദൈവസഭയുടെ ശുശ്രൂഷയിൽ ഉതകട്ടെ. നന്മ ചെയ്യുന്നതിൽ മടുത്തുപോകരുത്.**

  റോമ.12:3-8; തീത്തോ.2:11-14, 3:8; എബ്രാ.6:11-12; 1 പത്രോ.3:13; 4:10-11

## 9. പ്രലോനങ്ങൾക്കെതിരെ നിങ്ങളെ സജ്ജമാക്കുക (Ready)

***"മറ്റുള്ളവരോട് പ്രസംഗിച്ച ശേഷം ഞാൻ തന്നെ കൊള്ളരുതാത്തവനായി പോകാതിരിക്കേണ്ടതിന് എന്റെ ശരീരത്തെ ദണ്ഡിപ്പിച്ച് അടിമയാക്കുകയത്രേ ചെയ്യുന്നത്." (1 കൊരി.9:27)***

പ്രലോഭനങ്ങൾ ആകസ്മികങ്ങളായി വരാറില്ല. നാം അവയെ പ്രതീക്ഷിക്കണം. ദിനംതോറും ആത്മീക യുദ്ധത്തിനായി നാം തയ്യാറെടുക്കണം. നാം തിന്മയോട് തോറ്റ് അതിന്റെ ശിക്ഷ ഏൽക്കാതെ, പ്രലോഭനങ്ങളിൽ നിന്നും അകന്നു മാറണം (സദൃ.22:3). ഉദാഹരണമായി നിങ്ങളുടെ ചിന്തകൾ തെറ്റായ കാര്യങ്ങൾക്ക് പ്രലോഭനമാകുമെങ്കിൽ മ്ലേച്ഛമായ സിനിമയോ, അശ്ലീല ചിത്രങ്ങളോ കാണുവാൻ അവസരം ഉണ്ടാക്കരുത്. ഇത്തരം

ചിത്രങ്ങൾ ദിവസങ്ങളോളം നിങ്ങളുടെ മനസ്സിൽ മായാതെ കിടക്കുകയും അത് നിങ്ങളെ പ്രലോഭിപ്പിക്കുകയും ചെയ്യും. അശ്ലീല ചിത്രങ്ങൾ കാണുമ്പോൾ ഇതാണ് സംഭവിക്കുക. അത്തരം രംഗങ്ങൾ ദിവസങ്ങളോ മാസങ്ങളോ നമ്മുടെ മനസ്സിൽ തങ്ങിനിൽക്കും. ഇത്തരം ചിത്രങ്ങൾ നമ്മുടെ ഹൃദയത്തിൽ പതിയാതിരിക്കണമെങ്കിൽ നാം അവയെ നോക്കാൻ ശ്രമിക്കരുത്. ടെലിവിഷനിലോ സിനിമയിലോ അത്തരം രംഗങ്ങൾ ഉണ്ടെങ്കിൽ അവ ഒഴിവാക്കണം. മദ്യമോ മയക്കുമരുന്നോ നിങ്ങളെ പ്രലോഭിപ്പിക്കുന്നെങ്കിൽ അവ ലഭ്യമാകുന്ന സ്ഥലങ്ങൾ സന്ദർശിക്കാതിരിക്കുക. പുരുഷന്മാർക്ക് ചില സ്ത്രീകളെ കാണുമ്പോഴോ, ചില പത്രമാസികകളിലെ പരസ്യം കാണുമ്പോഴോ ഒക്കെ ലൈംഗീക പ്രലോഭനങ്ങൾ ഉണ്ടാകാറുണ്ട്. നിങ്ങളുടെ ഹൃദയത്തെയും കണ്ണുകളെയും അത്തരം പ്രലോനങ്ങളിൽ നിന്നും കാത്തുരക്ഷിക്കുക. "സകല ജാഗ്രതയോടുംകൂടെ നിന്റെ ഹൃദയത്തെ കാത്തുകൊൾക." ജീവന്റെ ഉദ്ഭവം അതിൽ നിന്നല്ലോ ആകുന്നത്" (സദൃ.4:23)

❖ **ദിനംപ്രതി ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ച് യുദ്ധത്തിനായി ഒരുക്കുക.**

എഫെ.6:10-17; റോമ.13:12

❖ **സകല ജാഗ്രതയോടും നിന്റെ ഹൃദയത്തെ കാത്തുകൊൾക. ജീവന്റെ ഉദ്ഭവം അതിൽ നിന്നല്ലോ ആകുന്നത്.**

സദൃ.4:23

❖ **മനസ്സിനും ശരീരത്തിനും ശിക്ഷണം നൽകുക. ജയിക്കാനായി ഓടുക.**

1 കൊരി.9:24-27

❖ **പ്രലോഭനങ്ങൾ വരുമെന്നറിഞ്ഞ് സൂക്ഷിക്കുക. പ്രലോഭനങ്ങളെ അതിജീവിക്കുവാൻ കരുതലെടുക്കുക**

മത്താ.6:13; എഫെ.6:18; 1 പത്രോ.5:8

❖ **പ്രലോഭനങ്ങളെ അതിജീവിക്കുവാൻ ആവശ്യമായ മുൻകരുതൽ എടുക്കുക. ക്രിസ്തുവിന്റെ ഭാവം നിങ്ങളിൽ വളർത്തുക.**

ഇയ്യോ.31:1; സങ്കീ.7:3; 39:1; സങ്കീ.50:14; 76:11; 119:57-59; ദാനി.1:8

❖ **പാപത്തെ ഒഴിവാക്കുവാൻ ശരീരത്തെ ദണ്ഡിപ്പിക്കുക.**

ഇയ്യോ.13:15; എബ്രാ.12:4; 1 പത്രോ.4:1-2

## 10. പ്രാർത്ഥനയാൽ ശക്തിയാർജ്ജിക്കുക (Reinforce)

*"ഞങ്ങളെ പരീക്ഷയിൽ കടത്താതെ ദുഷ്ടങ്കൽ നിന്നു ഞങ്ങളെ വിടുവിക്കേണമേ." (മത്താ.6:13)*

പരീക്ഷയിൽ പ്രവേശിപ്പിക്കാതെ ദുഷ്ടങ്കൽ നിന്നു നമ്മെ വിടുവിക്കുവാൻ പ്രാർത്ഥിക്കുവാനായി യേശു നമ്മെ പഠിപ്പിക്കുന്നു. എല്ലായ്പ്പോഴും പ്രാർത്ഥിക്കുവാനും, മടുത്തുപോകാതെ പ്രാർത്ഥിക്കുവാനും യേശു നമ്മോട് കല്പിക്കുന്നു (ലൂക്കോ.18:1). നമ്മുടെ ദൈനംദിന ജീവിതത്തിൽ പാപത്തോട് പോരാടി അതിനെ അതിജീവിക്കുന്നതിനാവശ്യമായ അടുത്ത പടിയാണ് ഇത്. നമ്മെ പാപത്തിൽ വീഴാതെ സൂക്ഷിക്കുവാനായി എല്ലാ ദിവസവും നാം പ്രാർത്ഥിക്കണം. രാവിലെയും, ദിവസം മുഴുവനും ദൈവത്തോട് ജ്ഞാനത്തിനായും, മറ്റുള്ളവരെയും ദൈവത്തെയും സ്നേഹിക്കേണ്ടതിനായും നന്മ ചെയ്യുന്നതിന് ഏൽപ്പിച്ചുകൊടുക്കേണ്ടതിനും, തെറ്റുകുറ്റങ്ങളിൽ നിന്നും മരണകരമായ സംഭവങ്ങളിൽ നിന്നും നാം ഒഴിഞ്ഞിക്കേണ്ടതിനുമായി പ്രാർത്ഥിക്കണം. ഓരോ പ്രഭാതത്തിന്റെ ആരംഭത്തിലും, സന്തോഷം, സമാധാനം, പാപത്തിൽ നിന്നു വിടുതൽ, ആത്മാവിനെ അനുസരിച്ച് നടക്കുക ഇവയ്ക്കായി നാം ദൈവത്തോട് അപേക്ഷിക്കണം. ദൈവം നമ്മുടെ ഈ അപേക്ഷ കേട്ട് നമുക്കു ചുറ്റും അവന്റെ സംരക്ഷണ വലയംതീർത്ത് പാപത്തിൽ നിന്നും പ്രലോഭനങ്ങളിൽ നിന്നും നമ്മെ പൂർണ്ണമായും വിടുവിക്കും. ദിനംതോറും നാം വിടുതലിനായി പ്രാർത്ഥിക്കുമെങ്കിലും, ഒരുപക്ഷേ നാം അപ്പോഴും പ്രലോഭിപ്പിക്കപ്പെട്ടേക്കാം, എന്നാൽ വളരെ വേഗം നിങ്ങൾക്കതിനെ അതിജീവിക്കുവാൻ സാധിക്കും. ദൈവകൃപയിൽ നാം പാപത്തോടു പോരാടുന്നതിൽ അന്തിമ വിജയം വരിക്കുകതന്നെ ചെയ്യും. പ്രലോഭനങ്ങൾ നേരിടുമ്പോഴെല്ലാം, ദൈവീക ശക്തിയിലും അവന്റെ അമിത ബലത്തിലും ആശ്രയിച്ച് അവയെ എതിർത്തു നില്ക്കുവാൻ നാം സജ്ജരാകും.

❖ **ദിനംതോറും പ്രലോഭനങ്ങളിൽ നിന്ന് സംരക്ഷിക്കപ്പെടുവാനായി പ്രാർത്ഥിക്കുക.**

സങ്കീ.17:6-9; 32:6-8; 119:10; 133; 145-147; 141:8-10; മത്താ.6:13, 26:41

- **വാക്കിനാലോ പ്രവൃത്തിയാലോ പാപം ചെയ്യാതിരിക്കുവാൻ ദൈവീക സംരക്ഷണത്തിനായി പ്രാർത്ഥിക്കുക.**

  സങ്കീ.141:3-4

- **നിങ്ങളുടെ പാപം എന്തെന്ന് തിരിച്ചറിയേണ്ടതിനായി പ്രാർത്ഥിക്കുക.**

  സങ്കീ.19:12-13; 139:23-24

- **പ്രലോഭനങ്ങളിൽ നിന്ന് പൂർണ്ണജയം നേടുന്നതിനായി പ്രാർത്ഥിക്കുക. ദൈവവചനത്തെ സൂക്ഷ്മതയോടെ അനുസരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജഡീകമോഹങ്ങളെ അതിജീവിക്കുന്നതിനാവശ്യമായ ദൈവകൃപയ്ക്കായി പ്രാർത്ഥിക്കുക.**

  സങ്കീ.119:4; 29 36-37; 58; മത്താ.7:7-11; 1 കൊരി.10:13; 1 പത്രോ.2:3-11

- **മറ്റുള്ളവർ സംരക്ഷിക്കപ്പെടേണ്ടതിനായി പ്രാർത്ഥിയ്ക്കുക.**

  എഫെ.6:18; കൊലോ.4:2; 1 പത്രോ.5:8-9

- **എന്തെങ്കിലും നടപടി എടുക്കുന്നതിനുമുമ്പായി ദൈവാലോചന എന്തെന്നറിയുക.**

  സദൃ.19:2, 21:5

- **ദൈവഹിതപ്രകാരം പ്രാർത്ഥിക്കുക.**

  മത്താ.6:10; 26:39-42; 1 യോഹ.5:14-15

- **വിശ്വാസത്തോടെ പ്രാർത്ഥിക്കുക. ദൈവം അത് നിവർത്തിക്കും എന്ന് വിശ്വസിക്കുക.**

  സങ്കീ.37:5; സദൃ.3:5-6; മത്താ.17:20; 18:19; 21:21-22; മർ.11:22-24; ഫിലി. 4:6-7; യാക്കോ.1:5-8; 5:15

- **യേശുവിന്റെ നാമത്തിൽ പ്രാർത്ഥിക്കുക.**

  യോഹ.14:13-16; 16:23-24

- **പ്രാർത്ഥിക്കുന്നത് ഒരു സ്വഭാവമാക്കുക.**

  ലൂക്കോ.18:1-8; 11:5-10; എഫെ.6:18; 1 തെസ്സ.5:17

## 11. ഉത്തരവാദിത്വബോധമുള്ള ഒരു പങ്കാളിയെ തിരഞ്ഞെടുക്കുക (Recruit)

*"ഇരുമ്പ് ഇരുമ്പിനു മൂർച്ചകൂട്ടുന്നു; മനുഷ്യൻ മനുഷ്യന് മൂർച്ച കൂട്ടുന്നു" (സദൃ.27:17)*

ഉത്തരവാദിത്വബോധമുള്ള പങ്കാളി എന്നത്, ഒരേ ലിംഗത്തിൽപെട്ട വരും, പതിവായി പ്രാർത്ഥനയ്ക്കായും പരസ്പര ആവശ്യങ്ങൾ പങ്കുവയ്ക്കുന്നതിനുമായി ഒത്തുകൂടാൻ കഴിവുള്ള വ്യക്തിയുമായിരിക്കണം. ഈ വ്യക്തി നമ്മോട് കഠിനമായ ചോദ്യങ്ങൾ ചോദിക്കുന്നതിനോ, നമ്മിലെ പാപത്തെ ചൂണ്ടിക്കാണിക്കുന്നതിനോ വിമുഖത ഇല്ലാത്ത ആളായിരിക്കണം. പുരുഷന്മാർക്ക് പൊതുവേ ഉത്തരവാദിത്വമുള്ള ഒരു പുരുഷ പങ്കാളിയെ ആവശ്യമാണ്. വളരെ ആത്മീക പക്വതയും, വിശ്വസ്തനും, സമാന ചിന്താഗതിക്കാരനുമായ ഒരു വ്യക്തിയായിരിക്കണം അത്. പതിവായി പരസ്പരം കാണുവാനും കാര്യങ്ങൾ പങ്കുവയ്ക്കുവാനും പ്രാർത്ഥിക്കുവാനും സാധിക്കണം. ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള പങ്കാളിത്വം സൗകര്യപ്രദമാണെങ്കിലും നിങ്ങളുടെ ബദ്ധപ്പാടുകൾ അവർക്ക് വേദനാജനകവും, നിങ്ങളുടെ ചില പ്രശ്നങ്ങളെ തുറന്ന സമീപനത്തോട് കാണുവാൻ ബുദ്ധിമുട്ടും ആയിരിക്കും. ഇത്തരം കൂടികാഴ്ചകളിൽ പങ്കുവയ്ക്കുന്ന വ്യക്തിപരമായ വിഷയങ്ങൾ രഹസ്യമാക്കി വയ്ക്കേണ്ടതാണ്. ഏതെങ്കിലും തരത്തിൽ നിങ്ങളിലുള്ള വിശ്വാസ്യത നഷ്ടപ്പെടുത്തുവാൻ ഇടയാക്കരുത്. ആദ്യമായി, ഉത്തരവാദിത്വം ബോധമുള്ള ഈ പങ്കാളി, നമ്മുടെ വിഷമഘട്ടങ്ങളിൽ നമുക്കുവേണ്ടി പ്രാർത്ഥിക്കുന്ന വ്യക്തി ആയിരിക്കണം. ഈ ഒരൊറ്റ കാരണത്താൽ, ഇപ്രകാരം ഒരു വ്യക്തിയുമായി തുടർമാനമായി കണ്ടുമുട്ടി പ്രാർത്ഥിക്കുവാനും കൂട്ടായ്മ ആചരിക്കുവാനും നമുക്ക് സാധിക്കണം. രണ്ടാമതായി, ഈ പങ്കാളി നമ്മെപ്പറ്റി ചോദിച്ചറിയുകയും, വിശേഷിച്ചും നമ്മുടെ പാപസംബന്ധമായ ബലഹീനതകളെക്കുറിച്ചും നമ്മുടെ പരാജയങ്ങൾ തുറന്നുപറയുമ്പോഴും അത് നമ്മിൽ നാണക്കേടുണ്ടാക്കുകയും പാപത്തിൽ വീഴാതിരിക്കുവാൻ അത് നമുക്ക് പ്രചോദനമാവുകയും ചെയ്യും. അങ്ങനെ നാം പ്രലോഭനങ്ങളിൽ അകപ്പെടാതെ നമ്മെത്തന്നെ സൂക്ഷിക്കും. അവർ നമുക്കാവശ്യമായ നല്ല ആലോചനകളും ഉപദേശങ്ങളും നൽകുകയും ചെയ്യും. അപ്രകാരം ഉത്തരവാദിത്വമുള്ള ഒരു പങ്കാളിയെ കണ്ടെത്തി പതിവായി ഒരുമിച്ച് കാണുവാനും പ്രാർത്ഥിക്കുവാനും സാഹചര്യം ഒരുക്കുക. എത്രമാത്രം സമയം നിങ്ങൾ ഒരുമിച്ച് പ്രാർത്ഥന

യിൽ ചെലവഴിക്കുന്നുവോ, അത്രമാത്രം അത് നിങ്ങളുടെ വിജയകരമായ ക്രിസ്തീയ ജീവിതത്തിന് നെടുംതൂണായി മാറും.

- ❖ **അന്യോന്യം പാപങ്ങളെ ഏറ്റുപറഞ്ഞ് പ്രാർത്ഥിക്കുക.**

  യാക്കോ.5:16

- ❖ **മറ്റുള്ളവരെ ധൈര്യപ്പെടുത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.**

  സദൃ.27:17; കൊലോ.3:16

- ❖ **ശാസനയെ തുറന്ന മനസ്സോടെ സ്വീകരിക്കുക.**

  സങ്കീ.141;5; സദൃ.27:6; 28:23

- ❖ **മറ്റു വിശ്വാസികളിൽ നിന്നും നിങ്ങളെത്തന്നെ ഒറ്റപ്പെടുത്തരുത്**

  എബ്രാ.3:13; 10:24–25

- ❖ **വീണുപോയവരെ വീണ്ടെടുക്കുക.**

  സങ്കീ.32:8; സദൃ.4:1–22; 5:12–14; 11:14; 12:15; 13:10; 15:22; 19:20–21; 24:6; 27–9

- ❖ **പരീക്ഷയിൽ വീണുപോകാതെ നിങ്ങളെത്തന്നെ സൂക്ഷിക്കുക.**

  ഗലാ.6:1

## 12. ദൈവത്തിൽ വിശ്രമിക്കുക; അവനിൽ പൂർണ്ണമായി ആശ്രയിക്കുക; അവനായി ക്ഷമയോടെ കാത്തിരിക്കുക (REST)

***"നിന്റെ വഴി യഹോവയെ ഭരമേല്പിക്കുക. അവനിൽ തന്നെ ആശ്രയിക്കുക. യഹോവയുടെ മുമ്പാകെ മിണ്ടാതെയിരുന്ന് അവനായി പ്രത്യാശിക്ക." (സങ്കീ.37:5,7)***

നമ്മുടെ അക്ഷമകൊണ്ടോ, എന്തെങ്കിലും മാറ്റം ആഗ്രഹിക്കുന്നതുകൊണ്ടോ, നാം ആഗ്രഹിച്ച ചിലതു നടക്കാത്തതുമൂലമോ എത്രയോ പ്രാവശ്യം നാം പാപം ചെയ്തിട്ടുണ്ട്. നാം ആഗ്രഹിക്കുന്നത്, ആഗ്രഹിക്കുന്ന സമയത്തു തന്നെകിട്ടണം എന്ന മനോഭാവം പലപ്പോഴും നമ്മെ പാപത്തിലേക്ക് നയിച്ചിട്ടുണ്ട്. ശമുവേലിനു വേണ്ടി കാത്തിരിക്കുവാൻ ശൗലിനു ക്ഷമയില്ലാഞ്ഞതിനാലാണ് തനിക്ക് രാജ്യം നഷ്ടമായത് (1 ശമു. 13:1–14). നമ്മുടെ ബലഹീനതയിൽ ദൈവശക്തിയിൽ ആശ്രയിക്കുവാനാണ് ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നത്, നമ്മുടെ അക്ഷമ എന്ന പ്രചോദ

നത്തെ നാം അതിജീവിക്കണം. നമ്മുടെ ഇഷ്ടപ്രകാരം മറ്റുള്ളവരെക്കൊണ്ട് നിർബന്ധിപ്പിച്ച് ചെയ്യുന്നത് നാം നിർത്തണം. നമ്മുടെ സാഹചര്യങ്ങളെയോ മറ്റുള്ളവരുടെ തിരഞ്ഞെടുപ്പിനെയോ എപ്പോഴും നിയന്ത്രിക്കുവാൻ നമുക്ക് കഴിഞ്ഞെന്ന് വരികയില്ല. നാം പൂർണ്ണമായും കർത്താവിന്റെ അനുസരണത്തിൻ കീഴിൽ ആകുമ്പോൾ മാത്രമേ യഥാർത്ഥ സന്തോഷം നമുക്ക് അനുഭവിക്കുവാൻ കഴിയുകയുള്ളൂ. ദൈവപ്രവൃത്തിയുടെ ശക്തി നാം മനസ്സിലാക്കുമ്പോൾ, അത് നമ്മിലും നമുക്ക് ചുറ്റുമുള്ളവരിലും വരുത്തുന്ന മാറ്റങ്ങൾ അനുഭവിച്ചറിയുവാൻ ഇടയാകും. ദൈവത്തിൽ വിശ്രമിക്കുക. പ്രയാസഘട്ടങ്ങളിലും എല്ലാ വേളയിലും അവനിൽ ആശ്രയിക്കുക. അവന്റെ സമയത്തിനായി കാത്തിരുന്ന് നിങ്ങളുടെ ആവശ്യങ്ങളെ നിറവേറ്റുവാൻ അവനിൽ ആശ്രയിക്കുക. നാം ജീവിതകാലം മുഴുവനും ആകുലചിന്തകളാൽ സാഹചര്യങ്ങളുടേമേൽ നമ്മുടെ ഇഷ്ടത്തെ അടിച്ചേൽപ്പിച്ച് പാപത്തിൽ വീഴുന്നതിനേക്കാൾ ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസവും ആശ്രയവും അവന്റെ കൂട്ടായ്മയും നമ്മെ ബലപ്പെടുത്തുകയും ആത്മീക പക്വതയിലേക്ക് നയിക്കുകയും ചെയ്യും.

❖ **എല്ലാ ഭാരങ്ങളും, സങ്കടങ്ങളും, നിരാശയും, വെറുപ്പും ദൈവത്തിൽ ഭരമേല്പിക്കുക.**

ഇയ്യോ.13:15; സങ്കീ.25:15; 46:10; യെശ.30:15; മത്താ.11:28-30; 1 പത്രോ. 5:6-7

❖ **ദൈവത്തിന്റെ സമയത്തിനായി കാത്തിരിക്കുക.**

സങ്കീ.27:14; 37:5-7; 40:1-2; 62:5; 130:5-6; 147:11; സദൃ.3:5-6; യെശ.40:31

❖ **ആകുലപ്പെടുകയോ മുഷിഞ്ഞുപോകയോ അരുത്.**

സങ്കീ.37:7-8; 42:5-11; മത്താ.6:25-34; ഫിലി.4:6-7

❖ **നിങ്ങളുടെ ബലഹീനതയിൽ തികഞ്ഞ ദൈവശക്തി വെളിപ്പെടട്ടെ.**

1 കൊരി.1:25; 2 കൊരി.12:7-10

❖ **നിങ്ങളുടെ പ്രയാസഘട്ടങ്ങളിൽ ദൈവം നിങ്ങളെ പഠിപ്പിക്കുന്നതോർത്ത് സന്തോഷിക്കുക.**

ഫിലി.4:4; 12-13; യാക്കോ.1:12; 1 പത്രോ.1:6-9

❖ **ദൈവത്തിൽ പ്രശംസിക്കുക, അവനിൽ ആശ്രയിക്കുക.**

1 ശമു.17:37; 45:47; സങ്കീ.20:5-7; 34:1-3; 44:8; 46:1; സദൃ.3:5-6; യിരെ.9:23-24

❖ **പ്രതികാരം ചെയ്യരുത്.**

സദൃ.20:22; 24:29; റോമ.12:17-21

# പ്രലോഭനങ്ങളെ അതിജീവിക്കുക

## ദൈനംദിന വിജയത്തിനാവശ്യമായ തിരുവചന തത്വങ്ങൾ

## B. പ്രലോഭനങ്ങൾ വരുമ്പോൾ അതിനെ എതിർക്കുക (Resist)

പ്രലോഭനങ്ങളെയും പാപത്തെയും പരാജയപ്പെടുത്തുവാൻ പെട്ടെന്ന് പ്രതികരിക്കുക.

*"ആകയാൽ നിങ്ങൾ ദൈവത്തിനു കീഴടങ്ങുവിൻ; പിശാചിനോട് എതിർത്തു നില്പിൻ; എന്നാൽ അവൻ നിങ്ങളെ വിട്ട് ഓടിപ്പോകും. ദൈവത്തോട് അടുത്തു ചെല്ലുവിൻ; എന്നാൽ അവൻ നിങ്ങളോട് അടുത്തുവരും. പാപികളേ, കൈകളെ വെടിപ്പാക്കുവിൻ; ഇരുമനസ്സുള്ളവരേ, ഹൃദയങ്ങളെ ശുദ്ധീകരിപ്പിൻ" (യാക്കോ.4:7-8)*

**1. പ്രലോഭനങ്ങളെ തിരിച്ചറിയുക: (Recognize) പാപത്തെക്കുറിച്ച് നിങ്ങൾ അജ്ഞരാകരുത്.**

*"വഞ്ചനപ്പെടാതിരിപ്പിൻ; ദൈവത്തെ പരിഹസിച്ചുകൂടാ. മനുഷ്യൻ വിതയ്ക്കുന്നതുതന്നെ കൊയ്യും." (ഗലാ.6:7)*

നാം വളരെ ശ്രദ്ധയോടെ പരിശീലിക്കുമെങ്കിൽ വീണ്ടും പണിയപ്പെടുവാനുള്ള പടികൾതന്നെ ദൈവുമായുള്ള നമ്മുടെ നടപ്പിനെ ബലപ്പെടുത്തുകയും പ്രലോഭനങ്ങളെ അതിജീവിക്കുവാൻ നമ്മെ പ്രാപ്തരാക്കുകയും ചെയ്യും. വളരെ അധികം മുൻകരുതൽ എടുത്തവർപോലും പ്രലോഭിപ്പിക്കപ്പെടാം. അതിനാൽ അടുത്ത 12 പടികൾ വളരെ പ്രാധാന്യമുള്ളവയാണ്. പ്രലോഭനങ്ങളെ അതിജീവിക്കുന്നതിൽ ആദ്യപടി എന്നത് എപ്പോഴാണ് നാം പ്രലോഭിപ്പിക്കപ്പെടുന്നത് എന്നും, പ്രലോഭിക്കപ്പെട്ടാൽ നാം ചെയ്തേക്കാനിടയുള്ള പാപം എന്താണ് എന്ന് തിരിച്ചറിയുന്നതുമാണ്.

പല ക്രിസ്ത്യാനികളും പാപം ചെയ്യുമ്പോൾ, അവർ ചെയ്യുന്നത് പാപം ആണെന്ന ബോധ്യംപോലും അവർക്കില്ലാതെയാകുന്നു. പാപം ചെയ്യുക എന്നത് അവരുടെ സ്വഭാവത്തിന്റെ ഒരു ഭാഗം തന്നെ ആയിത്തീരുന്നു. ഒരുപക്ഷേ, "എല്ലാവരും ഇത് ചെയ്യുന്നുണ്ടല്ലോ", "എനിക്ക് എന്നെത്തന്നെ നിയന്ത്രിക്കാൻ കഴിയുന്നില്ല." "ദൈവം എല്ലാം അറിയുന്നു", "ഞാൻ ആരെയും വേദനിപ്പിക്കുന്നില്ലല്ലോ," തുടങ്ങിയ ചിന്തകളാൽ നാം നമ്മെത്തന്നെ ചതിക്കുകയാണ് ചെയ്യുന്നത്. നമ്മുടെ അശ്രദ്ധാപൂർവ്വമായ

വാക്കുകൾ ഉൾപ്പെടെ നമ്മുടെ എല്ലാ പാപങ്ങളെയും ദൈവം ന്യായം വിധിക്കും (മത്താ.12:36; 2 കൊരി.5:10). നമ്മുടെ പാപമയമായ എല്ലാ സ്വഭാവങ്ങളെയും വേരോടെ പിഴുതുമാറ്റുവാൻ നാം തയ്യാറാകണം. അതേ, ദൈവം സ്നേഹമാണ്, എന്നാൽ ദൈവം നമ്മെ വിളിച്ചിരിക്കുന്നത് വിശുദ്ധജീവിതം നയിക്കുവാനും, സ്വർഗ്ഗീയ പിതാവിനെപ്പോലെ സൽഗുണപൂർണ്ണനാകുവാനുമാണ് (മത്താ.5:48). നാം മനോവിഭ്രാന്തിയോടെ കാര്യങ്ങൾ ചെയ്യുവാനല്ല, മറിച്ച് നമ്മുടെ ജീവിതത്തിൽ അവന്റെ വിശുദ്ധി വെളിപ്പെടുവാനായി നാം കാംക്ഷിക്കണം. “ഭയത്തോടും വിറയലോടും നമ്മുടെ രക്ഷയ്ക്കായി പ്രവർത്തിക്കണം” (ഫിലി.2:12-13).

എപ്പോൾ എങ്ങനെയെല്ലാമാണ് പാപം ചെയ്യുവാൻ പ്രലോഭിപ്പിക്കപ്പെടുന്നതെന്ന് നാം വ്യക്തമായി അറിഞ്ഞിരിക്കണം. നമുക്ക് ദേഷ്യം ഉണ്ടാകുന്നത് ഇതിനൊരു ഉദാഹരണമാണ്. നാം പലപ്പോഴും വളരെ അപ്രസക്തമായ കാര്യങ്ങൾക്കുപോലും ഈർഷ്യയും ദേഷ്യവും ഉള്ളവരാകാം. നാം മുറിവേൽക്കപ്പെട്ടവരും, പറയാൻ പാടില്ലാത്ത പലതും സംസാരിക്കുന്നവരുമായി തീരും. പരിശുദ്ധാത്മാവ് നമ്മിൽ വസിക്കുന്നു എന്ന വസ്തുത തന്നെ നാം മറന്നുപോകാറുണ്ട് അത്തരം സന്ദർഭങ്ങളിൽ നാം പലപ്പോഴും മുറുമുറുക്കുകയും നന്ദിയില്ലാത്തവരായി മാറുകയും ചെയ്യും. യഥാർത്ഥത്തിൽ നമുക്ക് ചിന്തിക്കാവുന്നതിനപ്പുറമായി അനുഗ്രഹിക്കപ്പെട്ടവരാണെന്ന വസ്തുത നാം മറന്നുപോകാറുണ്ട് (1 തെസ്സ.5:16-18). നമ്മുടെ കോപത്തെ നിയന്ത്രിക്കാതിരിക്കുകയും നന്ദിയില്ലാത്തവരായിതീരുകയും ചെയ്യുന്നത് നാം വേരോടെ പിഴുതുമാറ്റേണ്ട പാപങ്ങൾ തന്നെയാണ്.

മറ്റുള്ളവരുടെ ജീവിതത്തിൽ നമ്മുടെ വാക്കുകളുടെയും പ്രവൃത്തികളുടെയും അനന്തരഫലം എന്താണെന്നുള്ളത് നാം തിരിച്ചറിയണം. വിശേഷിച്ചും ചെറുപ്പക്കാരും ഉറച്ചവിശ്വാസമില്ലാത്ത വ്യക്തികളും.

നാം ‘രഹസ്യമായി’ ചെയ്തുവന്നിരുന്ന ചില പാപങ്ങൾ ഏതെങ്കിലും സമയത്ത് പുറത്തുവരുന്നത് സാധാരണമാണ്. നമ്മുടെ രഹസ്യപാപങ്ങൾ ആരെങ്കിലും മറനീക്കി പുറത്തുകൊണ്ടുവരും എന്നബോധ്യം നമുക്കുണ്ടായിരിക്കണം. നമ്മുടെ ചിന്തകളും വാക്കുകളും പ്രവൃത്തികളും നാം സൂക്ഷ്മമായി വിലയിരുത്തേണ്ടതാണ്. പ്രലോഭനങ്ങളെ എങ്ങനെ അതിജീവിക്കാം എന്നതിന്റെ ആദ്യപടി എന്നത്, പാപം എന്താണെന്നും, എപ്പോഴാണ് പാപം ചെയ്യുവാൻ നാം പ്രലോഭിപ്പിക്കപ്പെടുന്നത് എന്നും തിരിച്ചറിയുകയാണ്.

❖ **ദൈവം എന്തിനെയെല്ലാം പാപം എന്നു കരുതുന്നുവോ, അവയെ തിരിച്ചറിയുക.**

പുറ:20:1–17; 1 ശമു.15:22–23; മത്താ.5:21–7:27; 15:18–20; റോമ.12–13; 1 കൊരി.10:6–14; 15:34; ഗലാ.5:19–21; 26 എഫെ.4:25–5:18; കൊലോ.3:5–25; 1 തെസ്സ.4:3–8; 5:14–20; യാക്കോ.1:19–22; 3:6–4:17; 1 പത്രോ.2:11–3:7; 4:1–16; 1 യോഹ.2:4–6;

❖ **സാത്താന്റെ തന്ത്രങ്ങളെയോ അവന്റെ സേവകന്മാരുടെ ചതിവു വാക്കുകളെയോപറ്റി അജ്ഞരാകരുത്.**

1 കൊരി.15:33; 2 കൊരി.2:11; 11:14–15; എഫെ.2:1–3; 5:5–10

❖ **സകലവും സൂക്ഷ്മമായി പരിശോധിക്കുക; നിങ്ങളുടെ പ്രവൃത്തി കളെക്കുറിച്ച് കഠിന ചോദ്യങ്ങൾ ചോദിക്കുക.**

1 തെസ്സ.5:21–22

❖ **ഞാൻ പ്രചോദനം ഉൾക്കൊള്ളുന്നത് അസൂയമൂലമോ, സ്വാർത്ഥ താല്പര്യങ്ങൾക്കുവേണ്ടിയോ എന്ന് സ്വയം ചോദിക്കുക. അത് വഴക്കിൽ പര്യവസാനിക്കാറുണ്ടോ? അതിന്റെ അനന്തരഫലവും പ്രയോജനവും എന്ത്?**

കൊലോ.3:11–14; യാക്കോ.3:13 – 4:4

❖ **ഞാൻ ലോകത്തിന്റെ മോഹത്താലോ, ജഢമോഹത്താലോ, കൺമോഹത്താലോ പ്രലോഭിക്കപ്പെട്ടുവോ?**

1 യോഹ.2:15–17

❖ **എന്റെ അയൽക്കാരനെയോ, സ്നേഹിതന്മാരിൽ ചെറിയവരെയോ ഇടറിവീഴിക്കുവാൻ ഞാൻ കാരണക്കാരൻ ആയിട്ടുണ്ടോ?**

മത്താ.18:6–7; റോമ.14:13–21; 1 കൊരി.8:7–13

❖ **ഇത് ആത്മീക വർദ്ധന വരുത്തുന്നതോ, പ്രയോജനപ്രദമോ ആണോ?**

1 കൊരി.6:12; 10:23–24; യാക്കോ.1:25–27

❖ **ഇത് എന്നെ നിയന്ത്രിക്കുവാൻ പര്യാപ്തമോ?**

1 കൊരി.6:12; 9:24–27

- **ഞാൻ സമയം തക്കത്തിൽ ഉപയോഗിക്കുന്നുണ്ടോ? ഞാൻ ദൈവ ഹിതം നിറവേറ്റുന്നുണ്ടോ?**

  എഫെ.5:15-17; കൊലോ.1:9-10

- **ഞാൻ ഇത് ചെയ്യുന്നത് വിശ്വാസത്താലോ, അതോ ഭയത്താലോ? വിശ്വാസം ഇല്ലാത്തത് പാപം തന്നെ.**

  റോമ.14:23; 1 യോഹ.4:18

- **ഞാൻ ഇത് ചെയ്യുമ്പോൾ ആത്മാവിന്റെ ഫലങ്ങൾ എന്നിൽ ദർശിക്കുവാൻ കഴിയുമോ? ഇല്ലെങ്കിൽ എന്തുകൊണ്ട്?**

  ഗലാ.5:22,23

- **ഞാൻ ഇതു ചെയ്യുന്നത് ദൈവത്തെയും മറ്റുള്ളവരെയും സ്നേഹിക്കുന്നതിനാലാണോ?**

  മത്താ.22:36-40; യോഹ.15:11-12; റോമ.14:15; 1 കൊരി.13:1-8; എഫെ. 5:1-2; കൊലോ.3:12-14; യാക്കോ.2:8; 1 പത്രോ.1:22; 1 യോഹ.4:7-12

- **ഇത് തിടുക്കത്താലോ, കോപത്താലോ പറഞ്ഞതാണോ? എന്തെങ്കിലും പറയുന്നതിനുമുൻപ് ദീർഘമായി ആലോചിച്ചിട്ടുമാത്രം മറുപടി പറയുക. നിങ്ങളുടെ കോപത്തെ നിയന്ത്രിക്കുക.**

  സദൃ.10:19; 16:32; 17:27-28; എഫെ.4:26-27; യാക്കോ.1:19

- **നിങ്ങൾ ഇതു ചെയ്യുകയോ പറയുകയോ ചെയ്യുമ്പോൾ മന:സാക്ഷി നിങ്ങളെ കുറ്റപ്പെടുത്താറുണ്ടോ? അങ്ങനെയെങ്കിൽ അത് നിർത്തുക. ദൈവീക നടത്തിപ്പിനായി കാത്തിരിക്കുക.**

  അ.പ്ര.24:16; റോമ.2:14-16; 8:14; ഗലൈ. 5:16-18; 25; 1 തിമോ.1:5; 18-19; എബ്രാ.13:18; 1 പത്രോ.3:16

- **നിങ്ങളുടെകൂടെ യേശുവോ നിങ്ങളുടെ സ്നേഹിതരോ ഉണ്ടെങ്കിൽ ഇപ്രകാരം നിങ്ങൾ ചെയ്യുമോ? മറ്റുള്ളവർ നിങ്ങൾ ചെയ്തവ എല്ലാം അറിയുന്നതിൽ നിങ്ങൾ സന്തുഷ്ടരാണോ?**

  മത്താ.10:26; മർ.4:21-23; 9:33-3

- **ഇത് യേശു ചെയ്യുകയോ പറയുകയോ ചെയ്യുന്നതായി നിങ്ങൾക്കു സങ്കല്പിക്കുവാൻ കഴിയുമോ? അതെ കഴിയുമെങ്കിൽ നിങ്ങളും ഇവ ചെയ്യുന്നത് നിർത്തുക. യേശുക്രിസ്തുവിന്റെ ശ്രേഷ്ഠമായ**

**കാഴചപ്പാടിനനുസരിച്ച് നിങ്ങളുടെ പ്രവർത്തനങ്ങളെ വിലയിരുത്തുക.**

മത്താ.5:48; 1 കൊരി.11:1; ഫിലി.4: 8-9

**2. പ്രലോഭനങ്ങളുടെ പരിണതഫലങ്ങളും അവസരങ്ങളും മനസ്സിലാക്കുക (Realize)**

***"ജഡത്തിൽ വിതയക്കുന്നവൻ ജഡത്തിൽ നിന്നു നാശം കൊയ്യും. ആത്മാവിൽ വിതയ്ക്കുന്നവൻ ആത്മാവിൽ നിന്നും നിത്യജീവനെ കൊയ്യും" (ഗലാ.6:8)***

പ്രലോഭനങ്ങൾക്ക് വശംവദരാകുന്നവർക്ക് അത് വിപരീതഫലങ്ങളും അതിനെ ചെറുത്തുനിൽക്കുന്നവർക്ക് അനുഗ്രഹവുമാണ് ലഭിക്കാറ്. നമ്മുടെ ജീവിതത്തിലെ ഏറ്റവും വിലപ്പെട്ട കാര്യങ്ങളെപ്പോലും പാപത്തിന്റെ അനന്തരഫലങ്ങൾ പ്രതികൂലമായി ബാധിക്കാറുണ്ട്. നാം പാപം ചെയ്യുമ്പോൾ ദൈവീക വഴികളെയും ദൈവകല്പനകളെയും തിരസ്കരിക്കുകയും, ദൈവമുമ്പാകെയുള്ള നമ്മുടെ നിർമ്മല മനഃസാക്ഷിക്ക് കോട്ടം വരികയും, നമ്മുടെ പ്രാർത്ഥനയ്ക്ക് തടസ്സം നേരിടുകയും ചെയ്യും. ക്രിസ്ത്യാനികൾ പാപം ചെയ്യുന്നത് തിരഞ്ഞെടുക്കുമ്പോൾ, സാത്താൻ അവരെ പാപത്തിന്റെ അടിമകളാക്കുന്നു. പ്രലോഭനങ്ങളെ എതിർത്ത് ദൈവകല്പനകൾ നാം അനുസരിക്കുമ്പോൾ അത് നമുക്ക് സ്വാതന്ത്ര്യവും, അനുഗ്രഹവും സമൃദ്ധിയായ ജീവനും പ്രദാനം ചെയ്യുന്നു. യോസേഫിനെയും ഇയ്യോബിനെയും പോലെയുള്ളവർ ആയിരത്തിലധികം വർഷങ്ങൾക്കപ്പുറം വിശ്വസ്തരായി ജീവിച്ചതിനാൽ, അതിന്റെ ഫലമായുള്ള അനുഗ്രഹങ്ങളും തലമുറ തലമുറയായി അവർ പ്രാപിച്ചതും നമുക്കറിയാം. ഓരോ തവണയും നാം പ്രലോഭിപ്പിക്കപ്പെടുമ്പോൾ, നമ്മുടെ മുൻപിൽ പണിയുവാനും, നശിപ്പിക്കുവാനും, സ്വർഗ്ഗത്തിലും ഭൂമിയിലും അനുഗ്രഹങ്ങൾ കൂട്ടിവയ്ക്കുവാനും, അഥവാ സ്വർഗ്ഗത്തിലും ഭൂമിയിലും നഷ്ടം സഹിക്കുവാനുമുള്ള ഒരു തിരഞ്ഞെടുപ്പിനെകൂടിയാണ് നാം അഭിമുഖീകരിക്കുന്നത്. തീരുമാനം നമ്മുടേതാണ്. പ്രലോഭനങ്ങളെ അതിജീവിക്കുന്നതിന്റെ രണ്ടാമത്തെ പടി എന്നത്, പ്രലോഭനങ്ങളിൽ അകപ്പെട്ടുപോകുന്നതിന്റെ അനന്തരഫലങ്ങളും, അകപ്പെടാതെ അതിനെ അതിജീവിച്ച് ദൈവത്തെ അനുസരിച്ചാൽ ലഭിക്കുന്ന വിജയവും എന്താണെന്ന് തിരിച്ചറിയുകയാണ്.

❖ **പാപം ചെയ്യുമ്പോൾ നിങ്ങൾ പാപത്തിന് അടിമ ആയിത്തീരുന്നു. നിങ്ങളുടെ നിയന്ത്രണം നഷ്ടമാകുന്നു.**

സങ്കീ.119:133; മത്താ.6:24; യോഹ.8:34; റോമ.6:16–20; ഗലാ.5:17

❖ **പാപത്തിന്റെ അനന്തരഫലങ്ങൾ നിങ്ങൾ പ്രതീക്ഷിക്കുന്നതിലും ഭയാനകമാണെന്ന് തിരിച്ചറിയുക. ഒരുപക്ഷേ നിങ്ങൾക്കു വളരെ വിലപിടിപ്പുള്ള പലതും നഷ്ടമാക്കേണ്ടിവന്നേക്കാം.**

1 ശമു.15:22–28; 2 ശമു.12:9–14; സങ്കീ.39:7–11; ഗലാ.6:7–8; വെളി.2:5

❖ **നിങ്ങൾ പാപം തിരഞ്ഞെടുക്കുമ്പോൾ, ദൈവത്തിന്റെ അനുഗ്രഹങ്ങളും, പ്രതിഫലങ്ങളും നിങ്ങൾ നഷ്ടമാക്കുകയും നിങ്ങളുടെ പ്രാർത്ഥനയ്ക്ക് ഭംഗം വരികയും ചെയ്യുമെന്ന് തിരിച്ചറിയുക.**

സങ്കീ.16:11; റോമ. 2:6–7; 10; 1 കൊരി.3:10–15; 2 കൊരി.5:10; 1 പത്രോ. 3:7; വെളി.2:7, 10; 17; 25–28; 3:5; 12; 20–21

❖ **നിങ്ങൾ പാപം തിരഞ്ഞെടുക്കുമ്പോൾ യേശുക്രിസ്തുവിന്റെ രക്തത്തേയും തന്റെ നാമത്തെയും തുച്ഛീകരിക്കുകയും, ദൈവത്തെ പരിഹസിക്കുകയും, തന്റെ ക്ഷമയെ പരീക്ഷിക്കുകയുമാണെന്ന് തിരിച്ചറിയുക. നിങ്ങൾ സത്യത്തെ മൂടിവയ്ക്കുകയും അനീതിക്ക് കൂട്ടുനിൽക്കുകയുമാണെന്ന് തിരിച്ചറിയുക.**

മത്താ.4:7; ലൂക്കോ.4:12; അ.പ്ര.5:9; റോമ.1:18; എബ്രാ.6:1–9; 10:27–29

❖ **നിങ്ങൾ പാപം ചെയ്യുമ്പോൾ ഈ ചെറിയവനിൽ ഒരുത്തന് ഇടർച്ച വരുത്തുകയും, നിങ്ങളുടെ പ്രിയപ്പെട്ടവർക്ക് ബാധ ആകുവാൻ സാത്താന് അനുവാദം നൽകുകയുമാണ്. നിങ്ങളുടെ പരിപാലനത്തിൻ കീഴിലുള്ള പലരേയും സാത്താനിൽ നിന്ന് സംരക്ഷിക്കേണ്ടത് നിങ്ങളുടെ ചുമതലയാണ്. നിങ്ങളുടെ അനുസരണവും അനുസരണക്കേടും നിങ്ങളുടെ ചുമതലയിൻ കീഴിലുള്ള പലരേയും നെഗറ്റീവായും പോസിറ്റീവായും ബാധിക്കാം എന്നത് തിരിച്ചറിയുക.**

പുറ.20:4–6; 2 ശമു.12:14; ഇയ്യോ.31:9–12; സദൃ.5:7–14; മത്താ.18:6–10

❖ **നിങ്ങൾ പാപം തിരഞ്ഞെടുത്താൽ ദൈവത്തിന്റെ ശത്രുക്കൾ ദൈവത്തെ പരിഹസിക്കുന്നതിനും കുറ്റം ചുമത്തുന്നതിനും**

**നിങ്ങളെ ഒരു ആയുധമാക്കും എന്ന് തിരിച്ചറിയുക.**

ഇയ്യോ.1:9-11; 2:3-6; 2 ശമു.12:14; റോമ.2:17-24

❖ **നിങ്ങൾ വിജയകരമായി പ്രലോഭനങ്ങളെ അതിജീവിക്കുമ്പോൾ നിങ്ങൾ യേശു കർത്താവിനെ സ്നേഹിക്കുകയും അവനെ ആത്മാർത്ഥമായി പിൻതുടരുകയും ചെയ്യുന്നു എന്ന് തെളിയിക്കുകയാണ്. നശിച്ചുപോകുന്ന ജനത്തെപ്പോലെ നിങ്ങൾ പെരുമാറരുത്.**

മത്താ.7:15-27; 25:41-46; യോഹ.14:15, 21, റോമ.2:25-29; 1 കൊരി.6:9-10; ഗലാ.5:19-21; 1 യോഹ.3:7-10; വെളി.21:8; 22:15

❖ **പ്രലോഭനങ്ങൾ നിങ്ങളെ പരീക്ഷിക്കുവാനും, നിങ്ങൾ വിശ്വസ്തരാണോ എന്ന് അറിയുവാനും, അതിലൂടെ ദൈവം നിങ്ങളെ കൂടുതലായി അനുഗ്രഹിച്ച് കൂടുതൽ ഉത്തരവാദിത്വങ്ങൾ ഏല്പിക്കേണ്ടതിനുമാണെന്ന് തിരിച്ചറിയുക. യോസേഫിന്റെയും ഇയ്യോബിന്റെയും ഉദാഹരണങ്ങളിൽ ക്രിസ്തുവിൽ കൂടുതൽ ശക്തിയോടെ വളരുന്നതിനും ദൈവമഹത്വം നിങ്ങളിലൂടെ പ്രതിഫലിപ്പിക്കുന്നതിനുമുള്ള അവസരമായി പ്രലോഭനങ്ങളെ കണക്കാക്കുക (നിങ്ങൾ തീർച്ചയായും പ്രലോഭനങ്ങളെ തേടി പോകരുത്).**

ഉല്പ.39:41; പുറ.20:4-6; ഇയ്യോ.1:8-12; 2:3-6; 42:10-17; റോമ.5:3-5; ഇയ്യോ.1:8-12; 2:3-6; 42:10-17; റോമ.5:3-5; ഗലാ.6:7-8; 1 പത്രോ.1:6-7; 2 പത്രോ.1:9-11.

## 3. പാപത്തിന്റെ ഫലമായുണ്ടാകുന്ന വേദനയും, നാശവും, കോപവും, ന്യായവിധിയും ഓർക്കുക (Remember)

***"നിങ്ങൾക്ക് അന്ന് എന്തൊരു ഫലം ഉണ്ടായിരുന്നു? ഇപ്പോൾ നിങ്ങൾക്കു ലജ്ജ തോന്നുന്നതുതന്നെ." (റോമ.6:21)***

എല്ലാ പാപവും അനുസരണക്കേടും ദൈവം വെറുക്കുന്നു (എബ്രാ. 2:2). പാപത്തെ ദൈവം വെറുക്കുന്നതിന്റെയും അതിന്റെ ആത്യന്തികമായ പരിണതഫലത്തിന്റെയും ഉദാഹരണമാണ് നരകം. കൃപയാൽ തന്റെ പാപം മോചിക്കപ്പെട്ടവനായ ഒരു ക്രിസ്ത്യാനിക്ക് നമ്മുടെ രക്ഷകൻ ക്രൂശിൽ വഹിച്ച പീഡകൾ പാപത്തിൽ നിന്നും തന്നെ പിന്തിരിപ്പിക്കുന്നതിന്

എപ്പോഴും ഒരു മുന്നറിയിപ്പായി തുടരണം. ചെറുതും വലുതുമായ സകല പാപത്തെയും വളരെ ശക്തമായി നാം പിൻതള്ളുകയും, ദൈവത്തിന്റെ ന്യായവിധി എത്ര ഭയാനകമെന്നത് നാം ഓർത്തിരിക്കേണ്ടതുമാണ്. നാമോ, നമുക്ക് പരിചയമുള്ള മറ്റു വ്യക്തികളോ പാപം ചെയ്തപ്പോൾ എത്ര ഭയാനകമായ അനന്തര ഫലങ്ങളാണ് അനുഭവിക്കേണ്ടിവന്നത്. അതുകൂടാതെ വചനത്തിൽ തന്നെ നമുക്ക് ധാരാളം ദൃഷ്ടാന്തങ്ങൾ കാണുവാൻ സാധിക്കും. പാപംമൂലം നാം ദൈവീക കല്പനകൾ ലംഘിച്ചപ്പോൾ തങ്ങൾ അനുഭവിച്ച വേദന, നാശനഷ്ടങ്ങൾ എന്നിവ തങ്ങൾക്കുമാത്രമല്ല തങ്ങളുടെ കുടുംബാംഗങ്ങളും പ്രിയപ്പെട്ടവരും അനുഭവിക്കേണ്ടതായി വന്നത് നമുക്ക് കാണുവാൻ സാധിക്കും.

പാപം ചെയ്തവരുടെ ദൃഷ്ടാന്തങ്ങൾ വരച്ചുകാട്ടുന്നതിനു പുറമെ (1 കൊരി.10:11), വചനത്തിൽ നിന്നും ചില ഉപമകളും ഇതിനനുബന്ധമായി നമുക്ക് കാണുവാൻ കഴിയും. നായ് വീണ്ടും ഛർദിച്ചതിലേക്ക് തിരിയുക മുതലായവ (സദൃ.20:17). നമ്മെ പ്രലോഭിപ്പിക്കുന്ന കാര്യങ്ങളിൽ നിന്നും നമ്മുടെ ശ്രദ്ധ തിരിക്കുവാനുള്ള ഫലപ്രദമായ ഒരു വിദ്യ എന്നത്, എന്താണോ നമ്മെ കൂടുതലായി പ്രലോഭിപ്പിക്കുന്നത്, അതോടുചേർന്ന് നാം വെറുക്കുന്നതും അറയ്ക്കുന്നതും നമുക്ക് വേദനയുളവാക്കുന്നതുമായ കാര്യങ്ങൾ ഓർമ്മിക്കുക എന്നതാണ്. ഉദാഹരണത്തിന്, നമ്മുടെ പാപങ്ങൾക്കുവേണ്ടി നമ്മുടെ രക്ഷകനായ ക്രിസ്തു കാരിരുമ്പാണികളാൽ തറയ്ക്കപ്പെട്ട രംഗമോ, നായ് ഛർദ്ദിച്ചത് ഭക്ഷിക്കുന്നതോ, ശവശരീരങ്ങളിൽ കൂടി പുഴുക്കളും ഈച്ചയും ഇഴഞ്ഞു നടക്കുന്നതോ ഒക്കെ സങ്കല്പിക്കുക. അപ്രകാരം നിങ്ങൾ ചിന്തിക്കുമ്പോൾ ആ പ്രലോഭനത്തിൽ നിന്നും തീർച്ചയായും നിങ്ങൾക്ക് പിന്മാറുവാൻ സാധിക്കും. ഇത് ഒരു പക്ഷേ വിചിത്രമായി തോന്നിയേക്കാം. എന്നാൽ നാം പലപ്പോഴും പാപത്തിന്റെ തീവ്രത മനസ്സിലാക്കാറില്ല. അത് ദൈവത്തെ എത്രമാത്രം വേദനിപ്പിക്കുന്നുവെന്നും, അതിന്റെ ക്രൂരത മറ്റുള്ളവർക്ക് എത്ര ദോഷകരമാണെന്നും നാം ചിന്തിക്കാറില്ല. ഇത് ആളുകൾ തീപിടുത്തത്തിൽ വെന്തുമരിച്ചുകൊണ്ടിരിക്കുമ്പോൾ അവരെ രക്ഷിക്കാതെ അഗ്നിശമനസേന തങ്ങളുടെ ഉച്ചഭക്ഷണത്തിനായി ഒരു മണിക്കൂർ സമയമെടുക്കുന്നതുപോലെയാണ്. പാപത്തിന്റെ പരിണതഫലമായി ജനങ്ങൾ നിത്യനരകാഗ്നിയിൽ വെന്തുരുകുവാൻ നിങ്ങൾ കാരണക്കാരാകുമോ? നാം പ്രലോഭിപ്പിക്കപ്പെടുമ്പോൾ ഇത്തരം കാര്യങ്ങൾ കൂടെ നമ്മുടെ ചിന്താധാരയിലേക്ക് കടത്തിവിട്ടാൽ അത് ഒരു

പരിധിവരെ പാപത്തിന്റെ തീവ്രതയിൽ നിന്നും നമ്മെ പിന്തിരിപ്പിക്കുവാൻ സഹായകമാകും. നമ്മുടെ പ്രധാനപ്രശ്നം എന്താണെന്നുവച്ചാൽ, പലപ്പോഴും പ്രലോഭനങ്ങളെ നാം താലോലിക്കുകയാണ് ചെയ്യാറുള്ളത്. മറിച്ച് അതിന്റെ ഭയാനകമായ പരിണതഫലങ്ങളെ കുറിച്ച് നാം ബോധവാന്മാരാകേണ്ട സമയം അതിക്രമിച്ചു കഴിഞ്ഞു. സാത്താൻ നമ്മുടെ മനസ്സിനെയും ചിന്തകളെയും സ്വാധീനിക്കുവാൻ ശ്രമിച്ചാൽ, നമ്മുടെ സങ്കല്പശക്തികളെത്തന്നെ ഉപയോഗിച്ച് നമുക്ക് അതിനെ അതിജീവിക്കുവാൻ കഴിയണം. ദൈവം എപ്രകാരം പ്രലോഭനങ്ങളെ കാണുന്നുവോ, അപ്രകാരം തന്നെ നാമും പ്രലോഭനങ്ങളെ കാണണം. പ്രലോഭിപ്പിക്കപ്പെടുമ്പോൾ അതിന്റെ ആത്യന്തികമായ പരിണതഫലങ്ങളെ നമ്മുടെ ദൃഷ്ടിപഥത്തിൽ കൊണ്ടുവരണം. പാപം ഒരിക്കലും വിലപ്പെട്ടതല്ല.

❖ **ദൈവം എത്രമാത്രം പാപത്തെ വെറുക്കുന്നു എന്ന് ഓർക്കുക; ക്രിസ്തുവിന്റെ ക്രൂശിനെ ഓർക്കുക. പാപത്തിന്റെ ഫലമായി ദൈവത്തിന്റെ ന്യായവിധിയും നരകവുമാണ് ലഭ്യമാകുക എന്ന സത്യം ഓർക്കുക.**

മത്താ.26:57–27:54; റോമ.1:18; 2:1–10; എഫെ.5:6; കൊലോ.3:5–6; 1 പത്രോ.2:8; വെളി.20:11–15; 21:8; 22:15

❖ **എന്തൊക്കെയാണ് പാപത്തിന്റെ ഉപയോഗങ്ങൾ എന്ന് ഓർക്കുക. നാണക്കേട്, വേദന, നഷ്ടം, കുറ്റബോധം, നാശം, മരണം.**

ഇയ്യോ.31:9–12; സദൃ.5:7–14; 6:26–35; 7: 22–23; റോമ.2:5–9; 6:21–23; 8:6–8; യാക്കോ.1:15

❖ **സകലപാപവും വെളിച്ചത്തു കൊണ്ടുവരികയും അതിന്മേൽ ന്യായവിധി നടപ്പാക്കുകയും ചെയ്യും. ഒന്ന് ഓർക്കുക; ദൈവം സകല വാക്കുകളും പ്രവൃത്തിയും കേൾക്കുകയും കാണുകയും ചെയ്യുന്നു.**

2ശമു.12:11–12; ഇയ്യോ.31:4; സങ്കീ.44:20–21; 90:8; 119:168; 139:1–6; സഭാ. 12:13–14; യിരെ.16:17–18; മത്താ.10:26; 12:36; റോമ.2:1–11; 1 കൊരി.3:12 –15; എബ്രാ.4:13

❖ **ദൈവീകശിക്ഷണത്തിന്റെ വേദന എത്രമാത്രമെന്ന് ഓർക്കുക (ദൈവീക ശിക്ഷണം നല്ലതാണെങ്കിൽതന്നെയും!) നമ്മെ വിശുദ്ധരാ**

**ക്കേണ്ടതിന് നമ്മുടെ അനുസരണക്കേടിനെ ദൈവം ശിക്ഷിക്കും.**

സങ്കീ.7:12, 39:11; യിരെ.17:10; എബ്രാ.2:2; 12:5-11

❖ **പാപത്തിൽനിന്നു ലഭിക്കുന്ന ആനന്ദം താല്ക്കാലികമാണ് എന്ന് ഓർക്കുക. അതിന്റെ വേദന നിലനിൽക്കുന്നതും അതിന്റെ അനന്തരഫലങ്ങൾ സ്ഥിരവുമാണ്.**

2ശമു.12:10-12; സദൃ.7:23-27; എബ്രാ.11:25

❖ **നിങ്ങളുടെ പാപം നിമിത്തം നിങ്ങളുടെ കുടുംബാംഗങ്ങളും മറ്റു ക്രിസ്തീയ വിശ്വാസികളും അനുഭവിക്കേണ്ടിവരുന്ന നിന്ദയും പരിഹാസവും വേദനയും ഓർക്കുക.**

സങ്കീ.69:6; 1 കൊരി.12:26

❖ **നിങ്ങൾ പാപം തിരഞ്ഞെടുക്കുമ്പോൾ, അന്ധകാരശക്തികൾക്കെതിരെ നിങ്ങൾക്ക് യുദ്ധം ചെയ്യുവാൻ സാധിക്കുകയില്ല എന്ന് ഓർക്കുക. പ്രാർത്ഥനയിൽ പോരാടുവാൻ നിങ്ങൾക്ക് കഴിയാതാകുകയും തന്മൂലം സാത്താന് തന്റെ ദുഷ്ടപദ്ധതികളുമായി മുന്നേറുവാൻ നിങ്ങൾ അവസരം സൃഷ്ടിക്കുകയുമാണെന്ന് ഓർക്കുക.**

1 യോഹ.3:19-22

❖ **നമുക്ക് ദൃഷ്ടാന്തമായി, പ്രലോഭനങ്ങളിൽ അകപ്പെട്ടിട്ടുള്ളവരെക്കുറിച്ച് തിരുവചനത്തിൽ കൊടുത്തിരിക്കുന്ന ഉദാഹരണങ്ങൾ ഓർക്കുക.**

ഉല്പ.3:1-21 (ആദാമും ഹവ്വായും); 4:1-15 (കയീൻ) 19:1-38 (സോദോമും ലോത്തും); പുറ.15:12-17:7; 32:1-33; 7; സംഖ്യ.11:1-14; 45; 16:1-17; 13; 25:1-18; ന്യായാ.1-21; 1കൊരി.10:1-13; (യിസ്രായേൽ ജനത); 1 ശമു.2:12-4; 22 (ഏലിയും പുത്രന്മാരും); 1 ശമു.13-16; 22, 28 (ശൗൽ), 2 ശമു.11-12 (ദാവീദ്); 1 രാജാ.11 (ശലോമോൻ); 1 രാജാ. 12; 2 ദിനവൃത്താന്തം (യിസ്രായേലിലെയും യഹൂദായിലെയും രാജാക്കന്മാർ); മത്താ.16:21-23; 26:69-75; ഗലാ.2:11-14 (പത്രോസ്); അ.പ്ര.5:1-11 (അനന്യാസും സഫീരയും); വെളി.2-3 ( 7 സഭകൾ).

- ❖ **പാപത്തെ തിരുവചനം ഉപമിച്ചിരിക്കുന്നത് ഓർക്കുക. ഉദാ. "കാഞ്ഞിരം പോലെ കയ്പ്", "ഇരുവായ്ത്തലയുള്ള വാളുപോലെ മൂർച്ചയുള്ളത്", "നെഞ്ചിലെ നെരിപ്പോട്", "നായ ഛർദ്ദിയിലേക്ക് തിരിയുന്നതുപോലെ" - പാപപ്രേരകങ്ങളായ ചിന്തകൾ വരുമ്പോൾ അവയ്ക്ക് പകരമായി ഇവ സങ്കൽപ്പിച്ചു നോക്കുക.**

  സദൃ.5:4; 6:27; 20:17; 25:14;18, 19, 26, 28, 26:11; 13-14; 17-21; 2 പത്രോ. 2:22

**4. തിരുവചനം മനഃപാഠമാക്കുക (Recite). യേശുവിന്റെ നാമത്തിൽ പിശാചിനെ ശാസിക്കുക.**

***"യേശു അവനോട് : സാത്താനേ, എന്നെ വിട്ടുപോ, നിന്റെ ദൈവമായ കർത്താവിനെ നമസ്ക്കരിച്ച് അവനെ മാത്രമേ ആരാധിക്കാവൂ" എന്ന് എഴുതിയിരിക്കുന്നുവല്ലോ എന്നു പറഞ്ഞു. (മത്താ.4:10)***

യേശു മരുഭൂമിയിൽ പിശാചിനാൽ പരീക്ഷിക്കപ്പെട്ടപ്പോൾ, ആവർത്തനപുസ്തകത്തിൽ എഴുതിയിരിക്കുന്ന തിരുവചന ഭാഗങ്ങൾ ഉദ്ധരിച്ചുകൊണ്ടാണ് പിശാചിന്റെ ഓരോ ചോദ്യത്തിനും ഉത്തരം നൽകിയത്. ഇത് വളരെ ലളിതവും, എന്നാൽ പ്രലോഭനങ്ങളെ അതിജീവിക്കുവാൻ ശക്തിയേറിയ ആയുധവുമാണ്. നാം പ്രലോഭിപ്പിക്കപ്പെടുവാനിടയുള്ള പാപങ്ങളോട് എതിർക്കുവാനുതകുന്ന തിരുവചനഭാഗങ്ങൾ നാം മനഃപാഠമാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഉദാഹരണത്തിന്, നിങ്ങൾ, കോപത്താൽ പ്രലോഭിപ്പിക്കപ്പെട്ടാൽ മത്താ.5:21-22 അല്ലെങ്കിൽ 5:27-30 മനഃപാഠമാക്കുക. ഏതു സമയത്തും ഈ വാക്യങ്ങൾ നിങ്ങളുടെ ഓർമ്മയിൽ ഓടിയെത്തത്തക്ക വിധത്തിൽ അവ ഹൃദിസ്ഥമാക്കിയിരിക്കണം. അവ്യക്തമായി തിരുവചനം പഠിക്കുന്നത് പ്രയോജനപ്പെടുകയില്ല. അവസാന പരീക്ഷയും ജയിച്ചതിനുശേഷം, യേശു സാത്താനോട് "എന്നെ വിട്ടുപോ" എന്നു കല്പിച്ചു. ഇത് പ്രലോഭനങ്ങളെ അതിജീവിക്കുന്നതിൽ ശക്തമായ ഒരു ആയുധമാണ്.

- ❖ **പ്രലോഭനങ്ങളെ അതിജീവിക്കുന്നതിനാസ്പദമായ തിരുവചനഭാഗങ്ങൾ മനഃപാഠമാക്കുക.**

  സങ്കീ.119:9-11; മത്താ.4:1-11; ലൂക്കോ.4:1-13

- ❖ **എന്തിനാണ് പ്രലോഭനങ്ങളെ എതിർക്കുന്നതെന്ന് വ്യക്തമാക്കുക.**

ഉല്പ.39:7-9; മത്താ.16:23.

- **പ്രലോഭനങ്ങൾക്കു പിന്നിലുള്ള പൈശാചിക സ്വാധീനത്തെ തിരിച്ചറിഞ്ഞ് അതിനെ ശാസിക്കുക.**

  മത്താ.4:10; 16;23; മർ.16:17; അ.പ്ര.16:18; യൂദാ.9

- **ആകുലചിന്തകൾ വർദ്ധിക്കുമ്പോൾ ദൈവ വചനം ധ്യാനിക്കുക.**

  സങ്കീ.94:19

## 5. പ്രലോഭനങ്ങളെ തുടർമാനമായി നിരാകരിക്കുക (Refuse)

***"ആകയാൽ പാപം നിങ്ങളുടെ മർത്യശരീരത്തിൽ അതിന്റെ മോഹങ്ങളെ അനുസരിക്കുമാറ് ഇനി വാഴരുത്; നിങ്ങളുടെ അവയവങ്ങളെ അനീതിയുടെ ആയുധങ്ങളായി പാപത്തിനു സമർപ്പിക്കുകയും അരുത്." (റോമ.6:12-13)***

പ്രലോഭനങ്ങളെ വളരെ വേഗം തടുക്കുന്നതിനായി, നാം വേഗത്തിൽ പ്രതികരിക്കണം. താല്ക്കാലികമായോ അനിശ്ചതമായോ അതിനോട് പ്രതികരിച്ചാൽ, അതിനുള്ള വാതിലുകൾ നാം തുറന്നിടുകയും പ്രലോഭനങ്ങൾ നമ്മെ തേടിയെത്തി പരാജയപ്പെടുത്തുകയും ചെയ്യും. പെരുവെള്ളങ്ങൾ ഒരു വീടിനുനേരെ ഇരച്ചുകയറുന്നതുപോലെ, പ്രലോഭനങ്ങളും തുറന്നിരിക്കുന്നു. ഏതെങ്കിലും ചെറിയ വിള്ളലിൽ കൂടെ പ്രവേശിച്ച് നമ്മെ പാപത്തിന്റെ അടിമകളാക്കി മാറ്റുന്നു. ചിലർ അല്പകാലത്തേക്ക് പ്രലോഭനങ്ങളെ ചെറുത്തു തോല്പിച്ചേക്കാം. എങ്കിലും അവർ മനസ്സിൽ പ്രലോഭനങ്ങളെ താലോലിക്കുകയും അതിനു വഴിയൊരുക്കുകയും ചെയ്യുന്നു. പ്രലോഭനങ്ങളെ നിരാകരിക്കുന്നതിനാവശ്യമായ ഒരു മുൻകരുതലുകളും അവർ സ്വീകരിക്കാറില്ല.

ഉദാഹരണത്തിന്, നിങ്ങൾ അശ്ലീലചിത്രങ്ങൾ ടെലിവിഷനിലോ ഇന്റർനെറ്റിലോ കാണുവാൻ പ്രലോഭിപ്പിക്കപ്പെട്ടാൽ, ആ ചാനലോ, വെബ്സൈറ്റോ പെട്ടെന്ന് മാറ്റുകയാണ് ആദ്യപടി. എന്നാൽ അതു മാത്രം പോരാ. കാരണം, നിങ്ങൾക്ക് എപ്പോൾ വേണമെങ്കിലും അതിലേക്ക് മടങ്ങിവന്ന് നോക്കുവാൻ സാധ്യതകളെറെയാണ്. നിങ്ങൾ ആ കംപ്യൂട്ടറോ, ടെലിവിഷനോ ഓഫ് ചെയ്ത് ആ മുറിയിൽ നിന്നും പുറത്തുവരേണ്ടതാണ്. അത്തരം സൈറ്റുകൾ നിങ്ങളുടെ കമ്പ്യൂട്ടർ സ്ക്രീനുകളിൽ പ്രത്യക്ഷപ്പെടാതിരിക്കുവാനുള്ള സാങ്കേതിക വിദ്യകൾ മനസ്സിലാക്കി അവയെ

പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്. നാം വേഗം തന്നെ ഇത്തരം കാര്യ ങ്ങൾക്കെതിരെ പ്രതികരിച്ചില്ലെങ്കിൽ അതിന്റെ അർത്ഥം, വീണ്ടും അവയെ കാണുവാനായി നാം സ്വയം അവസരമുണ്ടാക്കികൊടുക്കുകയാണെന്നാണ്. യഥാർത്ഥമായി നാം പ്രലോഭനങ്ങളെ അതിജീവിക്കുന്നത്, അതിനെ മുഴു വാനായി തുടച്ചുമാറ്റുമ്പോഴാണ്. പ്രലോഭനത്തിന്റെ ഉറവിടത്തെ മാത്രം മാറ്റിയതുകൊണ്ട് അത് നമ്മെ പാപത്തിൽ നിന്നും അകറ്റി നിർത്തുന്നില്ല. ഒരു പാറക്കൂട്ടത്തിന്റെ ചുറ്റും വേലികെട്ടി, അതിൽ നിന്നു ചാടുന്നവരെ രക്ഷിക്കുന്നതുപോലെ പ്രലോഭനങ്ങളിൽ വീഴാതെ നാം സൂക്ഷിക്കേണ്ട താണ്. വേലികൾ നല്ലതുതന്നെ, എന്നാൽ അതിലുപരിയായി നമ്മുടെ കർത്താവുമായുള്ള നമ്മുടെ ബന്ധത്തെ ഒന്ന് അരക്കിട്ടുറപ്പിച്ച് അതിനെ പണിതെടുത്തെങ്കിൽ മാത്രമേ നാം അവന്റെ നീതിയെ പിൻതുടരുന്നതി നായി വാഞ്ചിക്കുകയുള്ളൂ.

നാം എത്രതന്നെ പ്രലോഭനങ്ങളെ തടഞ്ഞാലും അത് വീണ്ടും നമ്മെ തേടി എത്തുവാനുള്ള സാധ്യത വളരെ കൂടുതലാണ്. നമ്മുടെ പാപശരീര ത്തിന്റെ ഭോഗേഛകൾ പലപ്പോഴും നമ്മെ പാപത്തിലേക്ക് വീഴുവാൻ പ്രേരി പ്പിക്കുന്ന ഘടകങ്ങൾ ആണെന്ന് തിരിച്ചറിഞ്ഞ് അതിനെ പൂർണ്ണമായും അകറ്റി നിർത്തേണ്ടതാണ്. അത്തരം ചില സന്ദർഭങ്ങളിൽ ദൈവം നമ്മിൽ നിന്നും വളരെ വിദൂരതയിലാണെന്ന തോന്നൽ നമ്മിൽ ഉണ്ടാവുകയും നമ്മുടെ പ്രയാസങ്ങളിൽ അവൻ സഹായിക്കുന്നില്ലെന്ന് നമുക്ക് തോന്നുകയും ചെയ്യാം. ഇത്തരം വേളകളിൽ നാം നിരാശപ്പെടാതെ ധൈര്യ ത്തോടെ ക്രിസ്തുവിൽ അടിയുറച്ചു വിശ്വസിക്കേണ്ടത് അത്യാവശ്യമാണ്. ഒന്നോ രണ്ടോ വട്ടമല്ല, തുടർമാനമായി നാം പ്രലോഭനങ്ങളെ ചെറുത്തു തോല്പിക്കണം. ദൈവം നമുക്കുവേണ്ടി പ്രലോഭനങ്ങളെ ചെറുത്തു തോല്പിക്കയില്ല; നാം അവയെ ചെറുത്തു തോല്പിക്കണമെന്ന് ദൈവം നിഷ്ക്കർഷിക്കുന്നു. നിങ്ങളുടെ അടിയുറച്ച തീരുമാനവും സഹിഷ്ണു കയും അതിന് അത്യാവശ്യമാണ്. എത്ര തകർക്കപ്പെടാവുന്ന അവസ്ഥ വന്നാൽപോലും പ്രലോഭനങ്ങൾക്ക് കീഴ്പ്പെടരുത്. ദൈവം നമ്മുടെ കഷ്ട ങ്ങളിൽ ഏറ്റവും അടുത്ത തുണയാണെന്ന് തിരുവചനം നമ്മെ ധൈര്യപ്പെ ടുത്തുന്നു. പിശാചിനോട് എതിർത്തുനിൽക്ക, അവൻ നിന്നെ വിട്ട് ഓടി പ്പോകും (യാക്കോ.4:7). എന്നാൽ പിശാച് അത്ര നിസ്സാരക്കാരനായി ഓടി പ്പോവുകയില്ല. പ്രലോഭനങ്ങൾ പൂർണ്ണമായും നമ്മെ വിട്ടുമാറുന്നതുവ രെയും അതിനോട് എതിർത്തു നില്ക്കുക. ദൈവത്തിന്റെ കൂട്ടായ്മയും

സംസർഗ്ഗവും നമ്മെ ബലപ്പെടുത്തും. ആയതിനാൽ പ്രലോഭനങ്ങൾ വരുമ്പോൾ തന്നെ വേഗത്തിൽ അതിനെ നിരാകരിച്ചെങ്കിൽ മാത്രമേ നമുക്ക് പൂർണ്ണമായും അതിനെ അതിജീവിക്കുവാൻ കഴിയുകയുള്ളൂ.

❖ **പ്രലോഭനങ്ങൾക്കെതിരെ വേഗം തന്നെ പ്രതികരിക്കുവാൻ തയ്യാറാകുക. സാത്താനെതിരെ ഉറച്ചുനിന്നു പോരാടുക. അവൻ നിങ്ങളെ വിട്ട് ഓടിപ്പോകും.**

യാക്കോ.4:7; 1 പത്രോ.5:8-9

❖ **ശത്രുവിന്റെ തീയമ്പുകളെ കെടുത്തുവാൻ വിശ്വാസം എന്ന പരിച എടുക്കുക. ദൈവത്തിലും അവന്റെ വചനത്തിലും വിശ്വസിക്കുക.**

എഫെ.6:14-17; 1 പത്രോ.2:11

❖ **നിങ്ങളുടെ മനഃസാക്ഷിയുമായി വാദപ്രതിവാദം നടത്താതിരിക്കുക. നിർമ്മല മനഃസാക്ഷിയോടും വിശ്വാസത്തോടും ചെയ്യാൻ സാധിക്കുന്നില്ലെങ്കിൽ അതു ചെയ്യാതിരിക്കുക.**

റോമ.14:22-23; എബ്രാ.11:6; തീത്തോ.1:15

❖ **പ്രലോഭനങ്ങളിൽ മനസ്സുവയ്ക്കാതിരിക്കുക; നിങ്ങളുടെ ചിന്തകളെ അതു സ്വാധീനിക്കാതിരിക്കുവാൻ ശ്രദ്ധിക്കുക.**

ഉല്പ.39:10; ഇയ്യോ.31:1; സങ്കീ.101:81-8

❖ **പാപം നിങ്ങളുടെ ശരീരത്തിന്മേൽ വാഴുവാൻ അനുവദിക്കാതിരിക്കുക. പാപത്തിന് അടിമപ്പെടാതിരിക്കുക.**

യോഹ.8:34; റോമ.6:12-20

❖ **പരാജയത്തിലേക്കും, കുറ്റബോധത്തിലേക്കും, നിരാശയിലേക്കും പോകാതിരിക്കുക.**

സങ്കീ.119:80; യെഹ.16:52-54; 62-63; 36:31-32; റോമ.6:21; എബ്രാ.10:26-27

❖ **നിങ്ങളുടെ ധൈര്യം ദൈവസന്നിധിയിലാകട്ടെ.**

എബ്രാ.3:6; 10:23; 35-39; 1 യോഹ.2:28-29; 3:21-24

❖ **പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കാതിരിക്കുക.**

1 കൊരി.6:15-20; എഫെ.4:30; 1 തെസ്സ.5:19

❖ **ദൈവപുത്രനെ ചവിട്ടിക്കളഞ്ഞ് കൃപയുടെ ആത്മാവിനെ നിന്ദിക്കാതിരിക്കുക.**

എബ്രാ.10:26–29

❖ **പാപികളോട് പങ്കാളിത്തം അരുത്.**

സങ്കീ.1; സദൃ.25:26; 1 കൊരി.15:33; എഫെ.4:17–19; 5:512; 1 പത്രോ.4:3–5

❖ **വീഴാതിരിപ്പാൻ സൂക്ഷിച്ചുകൊൾക. നിങ്ങൾ പ്രലോഭിപ്പിക്കപ്പെടുകയില്ല എന്ന അമിത ആത്മവിശ്വാസം അരുത്.**

1 കൊരി.10:12; ഗലാ.6:1

❖ **നിങ്ങളുടെ സങ്കല്പങ്ങളെ പ്രലോഭനങ്ങളോട് എതിർക്കുവാനായി ഉപയോഗിക്കുക. പാപം ചെയ്യുന്നതിനേക്കാളും, ശരീരത്തിൽ ശിക്ഷാവിധി ഏല്ക്കുന്നത് ഉത്തമം എന്നു കരുതുക.**

മത്താ.5:29–30; ഗലാ.2:20

❖ **പ്രലോഭനങ്ങളോട് എപ്പോഴും എതിർത്തു നിൽക്കുക. പാപം ചെയ്യുന്നതിൽ നിന്നും ഒഴിഞ്ഞിരിക്ക വ്യക്തിപരമായി പ്രയാസങ്ങളോ നഷ്ടങ്ങളോ നേരിട്ടാൻ പോലും പാപത്തോട് എതിർത്തു നില്ക്കുക.**

ഇയ്യോ.1:22; 2:3; സങ്കീ.18:23; 119:112; എഫെ.6:10–18; 2 തിമൊ.3:12; എബ്രാ.11:25–26; 12:4; യാക്കോ.4:7; 1 പത്രോ.4:1–2; 5:9–10

**6. പ്രലോഭനങ്ങളുടെ ഉറവിടങ്ങളിൽ നിന്നും ഉടനടി പിൻവാങ്ങുക. (Retreat) : ഓടിപോവുക!**

***"യൗവനമോഹങ്ങളെ വിട്ടോടി നീതിയും വിശ്വാസവും സ്നേഹവും ശുദ്ധഹൃദയത്തോടെ കർത്താവിനെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരോടും സമാധാനവും ആചരിക്ക" (2 തിമൊ.2:22)***

നിങ്ങളെ പ്രലോഭനത്തിനിടയാക്കുന്നത് എന്തെല്ലാമാണോ, അതിന്റെ സാന്നിധ്യത്തിൽ നിന്നും വേഗം ഒഴിഞ്ഞുമാറുക. നാം എത്രമാത്രം അതിന്റെ സാന്നിധ്യത്തിൽ ആയിരിക്കുന്നുവോ, അത്രമാത്രം അത് നമ്മെ പ്രലോഭന

ത്തിനു പ്രേരിപ്പിക്കുകയും ചെയ്യും. അല്ലായെങ്കിൽ നാം അതിനു വശംവ ദരായിപോകും. നിങ്ങളുടെ മനസ്സിലേക്ക് പ്രലോഭനമുണ്ടാക്കുന്ന വസ്തു ക്കളെ പ്രവേശിപ്പിക്കുന്നതിൽ നിന്നും സാത്താനെ തടയുക. ഒരു പക്ഷേ ആ ടെലിവിഷൻ അപ്പോൾതന്നെ ഓഫ് ചെയ്യുകയോ മുറിയിൽ നിന്നും ഇറങ്ങിപ്പോവുകയോ ചെയ്യുക. ഒരു സ്ത്രീയെയോ പുരുഷനെയോ കാണു മ്പോൾ നിങ്ങൾ പ്രലോഭിപ്പിക്കപ്പെടുകയാണെങ്കിൽ അഥവാ സിഗരറ്റോ മദ്യമോ കാണുമ്പോൾ നിങ്ങൾ പ്രലോഭിപ്പിക്കപ്പെടുന്നു എങ്കിൽ, പെട്ടെ ന്നുതന്നെ നിങ്ങളുടെ നോട്ടവും ശ്രദ്ധയും ആ വ്യക്തികളിൽ നിന്നോ വസ്തുക്കളിൽ നിന്നോ മാറ്റുക. നാം അവയെ നോക്കുമ്പോൾ, നമ്മുടെ ശ്രദ്ധ അതിൽ പതിയുകയും അതിനെ ആഗ്രഹിക്കുകയും ചെയ്യും. അതിൽ നിന്നും പൂർണ്ണമായും ഒഴിഞ്ഞിരിക്കുക. നിങ്ങളെ പ്രലോഭിപ്പിക്കുന്ന വസ്തു ക്കളിൽ നിന്നും ശാരീരിക അകലം പാലിക്കുക. സദൃ. 4:23–27 മനഃപാഠ മാക്കുക. അത് നിങ്ങളുടെ ശീലമാകുന്നതുവരെ ചെയ്തുകൊണ്ടേയിരി ക്കുക. നിങ്ങളെ പ്രലോഭിപ്പിക്കുന്ന വസ്തുക്കളിലേക്ക് ശ്രദ്ധ ആകർഷി ക്കപ്പെടാതിരിക്കുവാൻ എന്തെല്ലാം മുൻകരുതലുകൾ എടുക്കുവാൻ സാധി ക്കുമോ, അതെല്ലാം ചെയ്യുക. നിങ്ങളുടെ പുറകിൽ പ്രലോഭനങ്ങളുടെ വാതിൽ കൊട്ടിയടക്കുക. നിങ്ങളെ പ്രലോഭിപ്പിക്കുന്ന വസ്തുക്കളുടെ സമീ പത്ത് ആയിരിക്കുന്നത് നിങ്ങൾ തിരഞ്ഞെടുത്താൽ നിങ്ങൾക്ക് പ്രലോഭ നങ്ങളിൽ നിന്നും ഒഴിഞ്ഞിരിക്കുവാൻ സാധ്യമല്ല.

❖ **പ്രലോഭനങ്ങളുടെ ഉറവിടങ്ങളിൽ നിന്ന് കഴിവതും ഓടിപ്പോവു ക. പ്രലോഭകന്റെ കയ്യിൽ നിന്നും അകന്നു നിൽക്കുക.**

ഉല്പ.39:12; 1 കൊരി.5:11; 6:18; 10:14; 15:33; 1 തിമൊ.6:10–11

❖ **"കീറി കളയുക", "മുറിച്ചു കളയുക", നിങ്ങളുടെ വീഴ്ചയ്ക്ക് ഇടയ്ക്കാവുന്നതെല്ലാം മാറ്റിക്കളയുക. പാപമോ പ്രലോഭനങ്ങളോ കടന്നുവന്നേക്കാവുന്ന സകല വിള്ളലുകളും അടയ്ക്കുക.**

മത്താ.5:29–30; റോമ.13:14

❖ **സകല ദുഷ്ടവഴികളിൽ നിന്നും നിങ്ങളുടെ കാലുകളെ തടുക്കുക. അവിടെ പോകരുത്. പ്രലോഭനങ്ങൾ നിങ്ങൾക്കുനേരെ വരുന്ന തുകാണുമ്പോൾ അതു തടയുവാനാവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുക.**

സങ്കീ.119:101; സദൃ.4:23-27; 5:7-8; 7:6-9; 19:16, 27:12

❖ **ദൈവാലോചനക്ക് ശ്രദ്ധകൊടുക്കുക.**

റോമ.8:12-14

❖ **നിങ്ങളെ പ്രലോഭിപ്പിക്കുന്ന കാര്യങ്ങളിലേക്ക് ഉറ്റുനോക്കാതിരിക്കുക; പ്രലോഭനങ്ങളിൽ വശംവദരാകാതെ അവയിൽ നിന്നും അകന്നു നില്ക്കുക.**

2 ശമു.11:1-4; സദൃ.6;25; 23:30-35

❖ **പ്രലോഭനങ്ങളിൽ നിന്നും രക്ഷപെടുവാനായി ദൈവം നൽകുന്ന വഴികൾ തിരഞ്ഞെടുക്കുക.**

1 കൊരി.10:13

❖ **ദൈവത്തിലേക്ക് ഓടിച്ചെല്ലുക. ക്രിസ്തുവിൽ അഭയം കണ്ടെത്തുക. അവന്റെ നാമം വിളിച്ചപേക്ഷിക്ക. അവന്റെ വചനത്തിൽ സംരക്ഷണം കണ്ടെത്തുക.**

സങ്കീ.31:1-5; 19; 61:1-4; 91:1-4; 9-16; 119:114; 121:7-8; സദൃ.6:23-25; 18:10, 30:5, മത്താ.11:28-30; യോഹ.8:31-32

❖ **പ്രലോഭനങ്ങൾ വരുന്നത് സാഹചര്യങ്ങളിൽ നിന്നും മനസ്സിലാക്കുക; പ്രലോഭനങ്ങളുടെ രീതി സസൂക്ഷ്മം നിരീക്ഷിക്കുക; എപ്രകാരം പ്രലോഭനങ്ങൾ വന്നേക്കാം എന്നത് നോക്കി ഭാവിയിൽ അവയിൽ നിന്നും ഒഴിഞ്ഞു നില്ക്കുക.**

സദൃ.22:3

## 7. പാപസംബന്ധമായി മരിച്ചവർ എന്നും ക്രിസ്തുയേശുവിൽ ദൈവത്തിനു ജീവിക്കുന്നവരായി എണ്ണുക. (Reckon)

***"അവൻ മരിച്ചതു പാപസംബന്ധമായി ഒരിക്കലായിട്ടു മരിച്ചു; അവൻ ജീവിക്കുന്നതോ ദൈവത്തിനു ജീവിക്കുന്നു. അവ്വണ്ണം നിങ്ങളും പാപസംബന്ധമായി മരിച്ചവർ എന്നും ക്രിസ്തുയേശുവിൽ ദൈവത്തിനു ജീവിക്കുന്നവർ എന്നും നിങ്ങളെത്തന്നെ എണ്ണുവിൻ." (റോമ.6:10-11)***

നമ്മുടെ വിശ്വാസത്തിന്റെ പ്രതികരണങ്ങളാണ് നമ്മുടെ സ്വഭാവം. നമ്മുടെ വിശ്വാസം നമുക്ക് അറിയാവുന്ന കാര്യങ്ങളിൽ എത്രമാത്രം ഉറപ്പുള്ളതാണ് എന്നതിനെ ആശ്രയിച്ചിരിക്കുന്നു. വേദപുസ്തകം ദൈവവചനം ആണെന്നും, മനുഷ്യരുടെ സകലപ്രവൃത്തികളും യേശു വെളിച്ചത്തുകൊണ്ടുവരികയും അവയുടെ മേൽ ന്യായവിധി നടത്തുകയും ചെയ്യും എന്ന സത്യം നാം അവിശ്വസിച്ചാൽ, പ്രലോഭനങ്ങളെ അതിജീവിക്കുവാൻ നമുക്ക് ബുദ്ധിമുട്ടായിരിക്കും. സംശയിക്കുന്നവന് ഒരിക്കലും വിജയിക്കുവാൻ കഴിയുകയില്ല, കാരണം സ്വന്തപുരോഗതിയെപ്പോലും വിലകുറച്ചു മാത്രമേ അവൻ കാണുകയുള്ളൂ (യാക്കോ.1:5–8). അവൻ ആരോടൊപ്പം പക്ഷം ചേരണം എന്നതിനെക്കുറിച്ച് വ്യക്തതയില്ലാത്തവനാണ്. ഒരു വ്യക്തി തിരുവചനത്തെ പൂർണ്ണമായും വിശ്വസിക്കുന്നില്ലെങ്കിൽ യേശുക്രിസ്തുവിനുമാത്രമേ നമ്മെ പാപത്തിൽ നിന്നുരക്ഷിക്കുവാൻ കഴിയൂ എന്നും, നാം യേശുക്രിസ്തു മുഖാന്തിരം പാപത്തോട് നമ്മുടെ അവയവങ്ങളെ മരിപ്പിക്കണം എന്നും വിശ്വസിക്കുക അസാധ്യമാണ്. അങ്ങനെയുള്ള ഒരുവന് പാപത്തിന്റെ കരാള ഹസ്തത്തിൽ നിന്നും മുക്തിനേടുക പ്രയാസമാണ്. അഥവാ പാപം ചെയ്താലും അതൊന്നും കുഴപ്പമില്ല എന്നും അത്തരം വ്യക്തികൾ ചിന്തിച്ചേക്കാം. യഥാർത്ഥസത്യം വിശ്വസിക്കാതിരുന്നാൽ പല കള്ളങ്ങളും നാം വിശ്വസിക്കേണ്ടിവരും. എന്നാൽ വേദപുസ്തകം ആണ് യഥാർത്ഥ ദൈവവചനം ( 1 തെസ്സ.2:13; 2 തിമൊ. 3:16–17) എന്നു വിശ്വസിക്കാത്ത ഒരു വ്യക്തിയോട് ഞാൻ ചോദിക്കട്ടെ, “നിങ്ങളുടെ സമാന്തരവിശ്വാസം ആണ് ശരിയായത് എന്ന് നിങ്ങൾക്ക് ഉറപ്പോടുകൂടി പറയുവാൻ സാധിക്കുമോ?”

ഞാൻ പരിണാമസിദ്ധാന്തത്തിൽ വിശ്വസിച്ചിരുന്ന ഒരു നിരീശ്വരവാദി ആയിരുന്നു. ബൈബിൾ മുഴുവനും തെറ്റുകളും അത് അവിശ്വസനീയവുമാണെന്ന് ഞാൻ പറയുമായിരുന്നു. എന്റെ അവിശ്വാസത്തിന്റെ അടിസ്ഥാനം യഥാർത്ഥ വസ്തുതകൾ കൃത്യമായി പഠിച്ചിട്ടായിരുന്നുവോ, അതോ മറ്റുള്ളവർ പറയുന്നത് ഞാൻ ആവർത്തിച്ചു കേട്ടതുകൊണ്ടാണോ? നിർഭാഗ്യവശാൽ, അറിവില്ലാത്തവർ പറയുന്നത് ഞാൻ അന്ധമായി വിശ്വസിച്ചു. എന്റെ കയ്യിൽ അതേക്കുറിച്ചുള്ള ശരിയായ വസ്തുതകൾ ഇല്ലായിരുന്നു, അഥവാ അതിനു ബദലായ മാർഗ്ഗങ്ങൾ എന്തെങ്കിലുമുണ്ടോ എന്നു കണ്ടുപിടിക്കുവാനും ഞാൻ ശ്രമിച്ചിരുന്നില്ല. മനുഷ്യരെക്കുറിച്ച്

ലഭ്യമായ ഏറ്റവും പുരാതനവും വിശ്വസനീയവുമായ ഉറവിടം തിരുവചനം തന്നെയാണെന്ന് ഞാൻ ഇപ്പോൾ മനസ്സിലാക്കുന്നു. പുരാതന ചരിത്രത്തിലെ ഏറ്റവും ശക്തമായ വസ്തുതകളിൽ ഒന്നാണ് യേശുക്രിസ്തുവിന്റെ പുന:രുത്ഥാനം. പല നിരീശ്വരവാദികളായ ശാസ്ത്രജ്ഞന്മാരും വാദിച്ചിട്ടുപോലും ഡാർവിന്റെ സിദ്ധാന്തവും പ്രകൃത്യനുസരണ സിദ്ധാന്തവും നമുക്ക് ലഭ്യമായ ശാസ്ത്രവസ്തുതകളുടെ അടിസ്ഥാനത്തിൽ ഖണ്ഡിക്കപ്പെട്ടിരിക്കുന്നു. ഞാൻ തിരുവചനത്തെ സംശയിക്കുവാൻ പ്രലോഭിപ്പിക്കപ്പെടുമ്പോൾ, ആറ്റത്തിന്റെ വിസ്ഫോടനത്താൽ ജീവൻ എങ്ങനെ ഉണ്ടായേക്കാമെന്നത് എന്നിൽ ആശയക്കുഴപ്പം സൃഷ്ടിക്കുന്നു.

പരിണാമസിദ്ധാന്തം സത്യമാണെന്നും, വേദപുസ്തകം തെറ്റാണെന്നും, ശരിയും തെറ്റും എന്നൊരു വേർതിരിവില്ലെന്നും, പാപമില്ലെന്നും, സ്വർഗ്ഗത്തിൽ ദൈവമില്ലെന്നും, വരുവാനിരിക്കുന്ന ന്യായവിധി ഇല്ലെന്നും ഒക്കെയുള്ള ചിന്തകൾ ചില മനുഷ്യഹൃദയങ്ങളെ കീഴ്പ്പെടുത്തുന്നതിനാലാണ് അധികമായി പാപവും അതിന്റെ പ്രലോഭനങ്ങളും ഈ ലോകത്തിൽ കാണപ്പെടുന്നത്. ഇത് പലപ്പോഴും ക്രിസ്ത്യാനികളെയും ക്രിസ്തീയ സഭകളെപ്പോലും ബാധിച്ചിട്ടുണ്ട്. അവിശ്വാസവും മ്ലേച്ഛതയും അതിന്റെ ഉച്ചസ്ഥായിയിലെത്തിയിരിക്കുന്നു അതുകൊണ്ടാണ് “അധർമ്മം പെരുകുന്നതുകൊണ്ട് അനേകരുടെ സ്നേഹം തണുത്തുപോകും.” എന്ന് യേശു പറഞ്ഞത് (മത്താ.24:12).

തിരുവചനത്തിലെ സത്യങ്ങളും, അതിലെ നിറവേറപ്പെട്ട പ്രവചനങ്ങളും യേശുക്രിസ്തുവിന്റെ പുനഃരുത്ഥാനവും നമ്മെ തിരുവചനത്തിൽ ഉറപ്പിക്കുവാനും, പ്രലോഭനങ്ങളെ നേരിടുവാനും സഹായിക്കും. തിരുവചനം ഉറപ്പിച്ചു പ്രഖ്യാപിക്കുന്നതുപോലെ, യേശുക്രിസ്തു വാസ്തവമായും ഉയിർത്തെഴുന്നേറ്റിട്ടുണ്ടെങ്കിൽ (1 കൊരി.15:1-20), ഒരു ക്രിസ്തീയ വിശ്വാസി, തന്റെ മർത്യശരീരത്തെ പാപത്തിനു മരിച്ചവനാക്കി ജീവിക്കുക എന്നതും വിശ്വാസയോഗ്യം തന്നെ. ആയതിനാൽ വിശ്വാസത്തോടും അനുസരണയോടും യേശുക്രിസ്തുമുഖാന്തരം പാപത്തിന്മേലുള്ള ജയവും വരുവാനിരിക്കുന്ന ന്യായവിധിയോടും നാം പ്രതികരിക്കേണ്ടത് അനിവാര്യമാണ്.

❖ യേശുക്രിസ്തുമുഖാന്തരം നിങ്ങൾക്ക് പാപത്തിന്മേൽ ജയം ഉണ്ടെന്ന് വിശ്വസിക്കുക.

1 യോഹ.5:4-5

❖ നിങ്ങളുടെ ശരീരം ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും വിശ്വസിക്കുക. ആവസിക്കുന്ന പരിശുദ്ധാത്മ സാന്നിധ്യത്താൽ പ്രലോഭനങ്ങളെ അതിജീവിക്കുവാൻ കഴിയുമെന്ന് വിശ്വസിക്കുക.

"നിങ്ങളിലുള്ളവൻ ലോകത്തിലുള്ളവനേക്കാൾ വലിയവനാണ്" എന്നു വിശ്വസിക്കുക.

യോഹ.14:16-26; റോമ.8:9-14; 1 കൊരി.3:16-17; 6:15-20; 1 യോഹ.4:4

❖ "ജീവനും ഭക്തിക്കും വേണ്ടുന്നതൊക്കെയും" ദൈവം ചെയ്യും എന്ന് ഒരു ക്രിസ്ത്യാനി എന്ന നിലയിൽ വിശ്വസിക്കുക. യേശുവിനും യേശുവിന്റെ സത്യത്തിനും നിങ്ങളെ സ്വതന്ത്രരാക്കാൻ കഴിയും എന്നു വിശ്വസിക്കുക.

യോഹ.8:31-35; 2 പത്രോ.1:3-4

❖ നിങ്ങൾ ക്രിസ്തുവിലാണെങ്കിൽ, നിങ്ങളുടെ അനുവാദമില്ലാതെ യാതൊരു പ്രലോഭനങ്ങളും നിങ്ങൾക്ക് നേരിടേണ്ടി വരികയില്ല.

1 കൊരി.10:13

❖ പ്രലോഭനങ്ങളെ അതിജീവിക്കുവാനാവശ്യമായ ദൈവകൃപ ദൈവം നിങ്ങൾക്കു നൽകുമെന്നു വിശ്വസിക്കുക.

2 കൊരി.9:8

❖ ക്രിസ്തുവിൽ നിങ്ങൾ പുതിയ സൃഷ്ടിയാണെന്നും "പഴയതെല്ലാം കഴിഞ്ഞുപോയി, സകലവും പുതിയതായി" എന്നും വിശ്വസിക്കുക.

2 കൊരി.5:17

❖ പാപത്തിന് നിങ്ങളെത്തന്നെ മരിച്ചവരായി എണ്ണുവിൻ.

റോമ.6:1-11; 7:1-6; ഗലാ.2:20; 5:24; കൊളോ.3:3

- ❖ **ഒരു ക്രിസ്ത്യാനി എന്ന നിലയിൽ, നിങ്ങളുടെമേൽ വാഴുവാൻ പാപത്തിന് അധികാരമില്ല എന്നു വിശ്വസിക്കുക. നാം അനുവദിച്ചാൽ മാത്രമേ പാപം നമ്മുടെ മേൽ വാഴുകയുള്ളൂ. നിങ്ങളുടെ സ്വഭാവത്തിന്റെ ഉത്തരവാദി നിങ്ങൾ മാത്രമാണ്.**

  യോഹ.8:31-32; 36; റോമ.6:12-18; 8:1-17

- ❖ **വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴികയില്ല എന്നു വിശ്വസിക്കുക.**

  എബ്രാ.11:6

- ❖ **ഒരു ക്രിസ്ത്യാനി എന്ന നിലയിൽ യേശുക്രിസ്തുവിന്റെ വിലയേറിയ രക്തത്താൽ നിങ്ങൾ വീണ്ടെടുക്കപ്പെട്ടവരാണെന്ന് വിശ്വസിക്കുക. നിങ്ങൾ നിങ്ങൾക്കുള്ളവരല്ല, നീതിയുടെ ദാസന്മാരാണ്. ക്രിസ്തുവിനു യോഗ്യമാംവണ്ണം നടക്കുവാൻ നാം ബാദ്ധ്യസ്ഥരാണ്.**

  റോമ.6:15-22; 8:12-13; 1 കൊരി.6:19-20; ഗലാ.2:20; 5:17; കൊലോ.1:9-14; 1 പത്രോ.1:18-19

## 8. ദൈവസഹായത്തിനായി അപേക്ഷിക്കുക (Request)

> ***"കർത്താവായ യഹോവേ, എന്റെ കണ്ണ് നിങ്കലേക്ക് ആകുന്നു; ഞാൻ നിന്നെ ശരണമാക്കുന്നു. എന്റെ പ്രാണനെ തൂകിക്കളയരുതേ. അവർ എനിക്കുവച്ചിരിക്കുന്ന കെണിയിലും ദുഷ്പ്രവൃത്തിക്കാരുടെ കുടുക്കുകളിലും അകപ്പെടാത്തവണ്ണം എന്നെ കാക്കേണമേ." (സങ്കീ.141:8-9)***

നമ്മുടെ സ്വന്തബലത്തിൽ പ്രലോഭനങ്ങളെ അതിജീവിക്കുക അസാധ്യമാണ്. ദൈവീകശക്തിയും ജ്ഞാനവും ഉണ്ടെങ്കിൽ മാത്രമേ നമുക്ക് പ്രലോഭനങ്ങളെ അതിജീവിക്കുവാൻ സാധിക്കൂ. നാം ക്രിസ്തുവിൽ വസിക്കുകയും പരിശുദ്ധാത്മാവിനാൽ നിറയുകയും വേണം. പാപത്തിന്മേൽ ജയം വേണമെങ്കിൽ തീർച്ചയായും പരിശുദ്ധാത്മാവിന്റെ സഹായം തേടാം. എന്നാൽ പലപ്പോഴും നാം ദൈവീകസഹായം തേടാറില്ല, അഥവാ നാം അത് മറന്നുപോകാറുണ്ട്. പ്രലോഭനങ്ങൾ അധികരിക്കുമ്പോൾ പ്രാർത്ഥനയിൽ സമയം ചെലവഴിക്കുക. സഹായത്തിനായി ദൈവത്തോട് കരഞ്ഞ

പേക്ഷിക്കുക. നിങ്ങളുടെ സ്വന്തവിവേകത്തിൽ ആശ്രയിക്കരുത് (സദൃ. 3:5-6). പ്രലോഭനങ്ങൾ വരുമ്പോൾ ദൈവസന്നിധിയിൽ ഇരുന്ന് അവനോട് സഹായത്തിനായി പ്രാർത്ഥിക്കുക.

❖ **പാപത്തിൽ നിന്നും പ്രലോഭനത്തിൽ നിന്നും വിടുതലിനായി ദൈവത്തോടു കരഞ്ഞപേക്ഷിക്കുക.**

സങ്കീ.18:6; 28:1-3; 31:1-5; 34:4-7; 15-18; 39:8; 57:1-6; 61:1-4; 69:13-19; 77:1-6; 116:1-11; 119:58; 94, 73, 176, 141:1-4; 8-10; 143:9-12; മത്താ.6:12

❖ **രക്ഷപെടുവാനുള്ള വഴികളെ തുറന്നുതരുവാനായി പ്രാർത്ഥിക്കുക.**

സങ്കീ.116:8; സദൃ.18:10; 1 കൊരി.10:13

❖ **പാപത്തെയും, പാപം ചെയ്യുവാനുള്ള മോഹത്തേയും ദൈവസന്നിധിയിൽ ഏറ്റുപറയുക.**

1 യോഹ.1:7-10

❖ **ജ്ഞാനവും വിവേകവും തന്ന് തെറ്റിൽ നിന്നും, പാപത്തിൽ നിന്നും നേർവഴിയിൽ നടത്തുവാനായി പ്രാർത്ഥിക്കുക.**

സങ്കീ.119:33-39; യാക്കോ.1:5-8

❖ **സകല ആകുലതകളും ഉടനടി ദൈവസന്നിധിയിൽ ഭരമേല്പിക്കുക.**

ഫിലി.4:6-7

❖ **പ്രലോഭനങ്ങളിൽ അകപ്പെടുന്നവരെ സഹായിക്കുവാനായി, നമ്മുടെ ബലഹീനതകളിൽ സഹതാപം കാട്ടുന്ന ഒരു മഹാപുരോഹിതൻ നമുക്കുണ്ടെന്ന് അറിയുക.**

എബ്രാ.2:17-18; 4:14-16; 7:23-28; 1 യോഹ.2:1-2

❖ **നിങ്ങളുടെ പ്രലോഭനങ്ങളുടെ ഉറവിടമാകുന്നവരുടെ ആത്മീക വളർച്ചയ്ക്കും നിത്യതയ്ക്കും വേണ്ടി പ്രാർത്ഥിക്കുക. സാത്താന്റെ കോട്ടകൾ തകരേണ്ടതിനായി പ്രാർത്ഥിക്കുക.**

മത്താ.5:44; ലൂക്കോ.23:34; 2 കൊരി.10:4

**9. ഏതു വിധത്തിലും അതിജീവിക്കുവാനായി ദൃഢനിശ്ചയമെടുക്കുക (Resolve)**

*"വക്രഹൃദയം എന്നോട് അകന്നിരിക്കും; ദുഷ്ടതയെ ഞാൻ അറികയില്ല" (സങ്കീ.101:4)*

ഏതൊരു ക്രിസ്ത്യാനിയും ആദ്യമായി ചെയ്യേണ്ടത് പ്രലോഭനങ്ങളെ എതിർത്തു നില്ക്കുകയും, പാപത്തോട് അകന്നു നിൽക്കുകയുമാണ്. അത് നമ്മുടെ ജീവിതത്തിന്റെ സകല മേഖലകളിലും ബാധകവുമാണ്, നമ്മുടെ പ്രാർത്ഥനയെപ്പോലും അത് സ്വാധീനിക്കും (നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു" യാക്കോ. 5:16; "നിങ്ങളുടെ പ്രാർത്ഥനയ്ക്ക് മുടക്കം വരാതിരിക്കേണ്ടതിന് .......... അവർക്കു ബഹുമാനം കൊടുപ്പിൻ" 1 പത്രോ.3:7)

ദൈവം നമ്മെ പരീക്ഷിക്കുന്നില്ല (യാക്കോ.1:13-14), അവൻ നമുക്കുവേണ്ടി പ്രലോഭനങ്ങളെ തടയുന്നുണ്ട് . നമ്മുടെ ഹൃദയത്തിൽ പാപം ചെയ്യുവാനുള്ള വ്യഗ്രത അധികരിച്ചാൽ നാം പാപം ചെയ്യുന്നതിൽ നിന്നും അവൻ നമ്മെ തടുക്കുന്നുമില്ല. ആയതിനാൽ പ്രലോഭനങ്ങളെ ചെറുത്തു നില്ക്കുന്നതും, നമ്മെത്തന്നെ പാപം ചെയ്യാതെ സൂക്ഷിക്കേണ്ടതും ഓരോ ക്രിസ്തീയ വിശ്വാസിയുടെയും പ്രഥമ ഉത്തരവാദിത്വമാണ്. നമ്മുടെ സ്വന്ത പ്രയത്നത്താൽ പ്രലോഭനങ്ങളെ അതിജീവിക്കുവാൻ നമുക്ക് സാധ്യമല്ലാത്തതിനാൽ നാം ദൈവത്തിലും അവന്റെ അമിത ബലത്തിലും ആശ്രയിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. നാം പ്രലോഭനങ്ങളെ അതിജീവിച്ച് എത്രമാത്രം വിജയശ്രീലാളിതരാകും എന്നറിയുവാൻ ദൈവം നമ്മെ പ്രലോഭനങ്ങളിലൂടെ കടത്തിവിട്ടേക്കാം. പ്രയാസമേറിയ പ്രലോഭനങ്ങളെ അതിജീവിക്കുവാൻ അതീവശ്രദ്ധയും, ഉറച്ച തീരുമാനവും, നമ്മുടെ ഭാഗത്തു നിന്നും ബോധപൂർവ്വമായ ശ്രമങ്ങളും ആവശ്യമാണ്. ഒരിക്കൽ മാത്രമല്ല, പല സമയങ്ങളിലും പ്രലോഭനങ്ങളും പാപം ചെയ്യുവാനുള്ള തീവ്രമായ പ്രേരണയും നാം അഭിമുഖീകരിച്ചേക്കാം. ഇത്തരം സന്ദർഭങ്ങളിൽ നാം തളർന്നു പോവുകയോ, മടുത്തുപോവുകയോ അരുത്. നമ്മുടെ ഹൃദയവും മനസും വിജയത്തിൽ കേന്ദ്രീകൃതമാകണം, കഴിഞ്ഞ കാലങ്ങളിൽ എന്തെല്ലാം നാം നേരിടേണ്ടിവന്നിട്ടുണ്ടെങ്കിലും അത് എത്ര ദുർഘടമായിരുന്നാലും നാം പതറാതെ മുന്നോട്ടു പോകണം. ദൈവം നമ്മുടെ സഹായകനായി എത്തുകയും പിശാച് നമ്മെ വിട്ട് ഓടിപ്പോവുകയും ചെയ്യും. (യാക്കോ.4:7). പക്ഷേ ഇതെല്ലാം നമ്മുടെ ഉറച്ച തീരുമാനത്തെയും ഇച്ഛാ

ശക്തിയേയും ആശ്രയിച്ചാണിരിക്കുന്നത്. നമ്മുടെ പാപസ്വഭാവങ്ങൾക്ക് ബദലായി ദൈവീകസ്വഭാവങ്ങളും ഇന്ദ്രിയജയവും ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. വിജയം അത്ര എളുപ്പമല്ല എന്നത് മനസ്സിലാക്കുക. പരാജയങ്ങളിൽ പതറിപ്പോകരുത്. ധൈര്യത്തോടെ നിങ്ങളെ ഭരമേല്പിച്ചത് നിവർത്തിക്കുക; ക്രിസ്തുവിൽ ജയം നേടാനാവാത്ത ഒരു പാപവും ഇല്ല.

ചില സന്ദർഭങ്ങളിൽ അത്ഭുതകരമായി നമ്മിൽ നിന്നും ദൈവം പ്രലോഭനങ്ങളെ അകറ്റാറുണ്ട്. ചില പാപങ്ങൾ നമ്മെ പ്രലോഭിപ്പിക്കാറു പോലുമില്ല. ചില സന്ദർഭങ്ങളിൽ നിങ്ങൾ ഇത് അനുഭവിച്ചിട്ടുണ്ടെങ്കിൽ ദൈവത്തിനു സ്തോത്രം കരേറ്റിക്കൊണ്ട്, അത്തരം പാപങ്ങളിലേക്ക് തിരികെ പോകാതിരിക്കേണ്ടതിന് ദൈവസന്നിധിയിൽ നിങ്ങളെ സമർപ്പിക്കുക. ക്രിസ്തുവിൽ വന്നതിനുശേഷം തന്റെ പുകവലി എന്നന്നേക്കുമായി ഉപേക്ഷിച്ചത് ഒരു വ്യക്തി സാക്ഷ്യം പറഞ്ഞു. എന്നാൽ ഈ വ്യക്തി കുറെ നാളുകൾക്കുശേഷം വീണ്ടും പ്രലോഭിപ്പിക്കപ്പെടുകയും പുകവലി ആരംഭിക്കുകയും ചെയ്തു. ഇപ്പോൾ അതിൽ നിന്നു പുറത്തുവരാൻ കഴിയാത്തവിധത്തിൽ താൻ അകപ്പെട്ടിരിക്കുന്നു. ഇപ്പോൾ വളരെയധികം കഠിന പ്രയത്നം ചെയ്തെങ്കിൽ മാത്രമേ തനിക്ക് അതിൽ നിന്നും വിടുതൽ ലഭിക്കുകയുള്ളൂ. എന്നാൽ, ദൈവത്താൽ സകലവും സാധ്യം എന്നു നാം വിസ്മരിക്കരുത് (മർ.10:27). അതിനാൽ പ്രലോഭനങ്ങളെ അതിജീവിക്കുന്നതിനുള്ള സുപ്രധാന പടികളിലൊന്ന് നാം ഒരിക്കലും നമ്മുടെ ഇച്ഛാശക്തി നഷ്ടമാക്കരുത്. നിങ്ങളുടെ മനസ്സ് വിജയത്തെ മാത്രം ലക്ഷ്യമാക്കണം. മറ്റ് യാതൊരു ഒഴിവുകഴിവും അനുവദിക്കരുത്. ദൈവത്തിന്റെ കൃപയാലും ശക്തിയാലും അവൻ നിങ്ങളെ വിടുവിക്കും.

- **പ്രലോഭനങ്ങളെ അതിജീവിക്കുവാൻ ദൃഢനിശ്ചയം ചെയ്യുക.**

  ഉല്പ.4:7; സങ്കീ.17:3-5; 57:7; 104:4; യാക്കോ.4:7-8

- **പാപത്തെ മോഹിക്കരുത്. പ്രലോഭിപ്പിക്കുന്ന യാതൊന്നിനെയും നോക്കുകയോ അവയെക്കുറിച്ച് ചിന്തിക്കുകയോ ചെയ്യരുത്. ഇരുമനസ്സുള്ളവരാകരുത്. തെറ്റായ വഴികളെ വെറുക്കുക.**

  1 രാജാ.18:21; സങ്കീ.78:8; 36-37; 119:104; 113; മത്താ.6:22-24; യാക്കോ.1:5-8; 4:8

- **ഉയരത്തിലുള്ളത് ചിന്തിക്കുക, മനസ്സ് യുദ്ധക്കളമാണെന്ന് മറക്കരുത്.**

  യെശ.26:3; ഫിലി.4:8; കൊലോ.3:1-4; എബ്രാ.12:1-2; 1 പത്രോ.1:13

❖ പ്രലോഭിപ്പിക്കപ്പെടുമ്പോഴും, പ്രയാസങ്ങൾ നേരിടുമ്പോഴും നിങ്ങളുടെ ഹൃദയം ദൈവമുമ്പാകെ കഠിനമാക്കരുത്.

ഇയ്യോ.1:22; 2:13; സങ്കീ.95:7-11

❖ പ്രലോഭനങ്ങളുടെ മധ്യത്തിലും വിശ്വസ്തതയോടെ നിന്നവരുടെ മാതൃകകൾ നിരീക്ഷിക്കുക.

1 കൊരി.11:1; എബ്രാ.11:1-12:3; 13:7;

❖ വ്യക്തിപരമായ നഷ്ടമോ, ശാരീരികപീഡനമോ ഏൽക്കേണ്ടിവന്നാലും പാപത്തോട് എതിർത്തുനില്ക്കുക.

ഇയ്യോ.13:15; സങ്കീ.119:87; 95; ഫിലി.1:29-31; 2 തിമൊ.3:12; 1 പത്രോ. 4:1; എബ്രാ.12:4.

❖ ദൈവഹിതം ചെയ്യുമ്പോൾ ദൈവത്തിൽ നിന്നും ലഭിക്കുന്ന അനുഗ്രഹങ്ങളെ വാഞ്ചിക്കുക.

മത്താ.4:11; മർ.10:29-31; റോമ.2:4-11; 2 കൊരി.5:9-10; എബ്രാ.10:36; 12:1-2; 1 പത്രോ.1:13.

❖ സകല ധാർമ്മിക വൈഭവവും, അറിവും ഇന്ദ്രിയജയവും, സഹിഷ്ണുകയും, ദൈവീകതയും, സഹോദരപ്രീതിയും സ്നേഹവും വർത്തിക്കുക. വീഴാതിരിക്കുവാൻ ഇവയെ പ്രമാണിക്കുക.

2 പത്രോ.5-11

❖ "ഈ സന്ദർഭത്തിൽ യേശു ആണെങ്കിൽ എന്തുചെയ്യും" എന്ന് ചോദിക്കുക. നിങ്ങൾക്കുപകരം ഈ സന്ദർഭത്തിൽ യേശുവിനെ സങ്കല്പിക്കുക. താൻ എപ്രകാരമായിരിക്കും പ്രതികരിക്കുക. നിങ്ങൾക്കു മുൻപേ വിജയത്തിൽ നടന്നവരുടെ സ്വഭാവവും വിശ്വാസവും അനുകരിക്കുക.

1 കൊരി.11:1; എബ്രാ.6:11-12; 13:7; 1 യോഹ.2:6

**10. ജഡീകചിന്തകൾക്കുപകരം ആത്മീകചിന്തകളെ പുനഃസ്ഥാപിക്കുക (Replace)**

*"ജഡത്തിന്റെ ചിന്ത മരണം, ആത്മാവിന്റെ ചിന്തയോ ജീവനും സമാധാനവും തന്നെ" (റോമ.8:6)*

ദൈവീക കല്പനകൾക്ക് വിരുദ്ധമായതിനെ ചിന്തിക്കുവാനും പറയുവാനും പ്രവർത്തിക്കുവാനും പ്രലോഭനങ്ങൾ നമ്മെ പ്രേരിപ്പിക്കും. നമ്മുടെ മനസ്സ് ചിന്തിക്കുന്നതിനനുസരണമായാണ് ശരീരം പ്രവർത്തിക്കുന്നത്. നമ്മുടെ ഹൃദയത്തിൽ ഗർവ്വം നിറയുമ്പോഴാണ് ചിന്തകളും അപ്രകാരമാകുന്നത്. നമ്മുടെ മനസ്സിനെ കീഴടക്കുവാൻ പ്രലോഭനങ്ങൾക്ക് സാധിച്ചാൽ നമുക്ക് പാപത്തോടു പോരാടി ജയിക്കുവാൻ സാധ്യമല്ല. ആയതിനാൽ നാം സശ്രദ്ധം നമ്മുടെ മനസ്സിനെ സൂക്ഷിക്കണം. എന്തെല്ലാമാണ് നാം ചിന്തിക്കുന്നത് എന്ന് ശ്രദ്ധിക്കണം. നാം ഒരു കാര്യത്തെക്കുറിച്ച് ചിന്തിക്കരുതെന്നു പറയുമ്പോൾ അതിനു വിപരീതഫലമാകാം ഉണ്ടാവുക. അതിൽ പ്രലോഭനങ്ങൾക്ക് വിപരീതമായ ചിന്തകളിലേക്ക് മനസ്സിനെ തിരിക്കണം. "ഉയരത്തിലുള്ളത്" നാം ചിന്തിക്കണം. ദൈവീക സത്യങ്ങളും ആത്മീകചിന്തകളും നമ്മിൽ വർദ്ധിക്കണം. സാത്താൻ നമ്മെ പ്രലോഭനങ്ങളാൽ കുടുക്കി അവന്റെ വഞ്ചനയെ വിശ്വസിപ്പിക്കുവാൻ ശ്രമിക്കുമ്പോൾ അതിനെ നിഷ്ഫലമാക്കുവാൻ നാം നമ്മെത്തന്നെ ദൈവീകചിന്തകളാൽ നിറയ്ക്കണം. നിങ്ങളുടെ ഹൃദയത്തിൽ ദൈവവചനം നിറയ്ക്കുന്നതുവഴി നിങ്ങൾക്ക് സാത്താന്റെ പ്രലോഭനങ്ങളെ അതിജീവിക്കുവാൻ സാധിക്കും. നിങ്ങളുടെ മനസ്സ് എപ്പോഴും ഉയരത്തിലുള്ളത് ചിന്തിക്കട്ടെ. ഇത് മനഃപൂർവ്വമായി തുടർമാനം നിങ്ങൾ ചെയ്യുമെങ്കിൽ പ്രലോഭനങ്ങൾക്ക് നിങ്ങളുടെ മേൽ അധികാരം സ്ഥാപിക്കുവാൻ കഴിയുകയില്ലെന്ന് നിങ്ങൾക്ക് മനസ്സിലാക്കാം. പ്രലോഭനങ്ങളെ അതിജീവിക്കുന്നതിന്റെ അടുത്തപടി എന്നത്, പാപസംബന്ധമായ ചിന്തകൾക്കുപകരം ആത്മീക ചിന്തകളാൽ നിങ്ങളുടെ ഹൃദയങ്ങളെ നിറയ്ക്കുക എന്നതാണ്.

❖ **ഭൂമിയിലുള്ളതിനെയല്ല, ഉയരത്തിലുള്ളത് ചിന്തിക്കുക. മനസ്സ് പുതുക്കി രൂപാന്തരപ്പെടുക.**

റോമ.12:1-2; എഫെ.4:23; കൊലോ.3:1-4

❖ **ദൈവവചനത്താൽ നിങ്ങളുടെ ഹൃദയം നിറയ്ക്കുക. നിങ്ങളുടെ ഹൃദയത്തിനു മുൻപിൽ ദൈവവചനത്തെ പ്രതിഷ്ഠിക്കുക.**

യോശു.1:8; സങ്കീ.1:2; 18:21-23; 119:9-11; യോഹ.8:31-32

❖ **സത്യമായത് ഒക്കെയും ഘനമായതൊക്കെയും നീതിയായത് ഒക്കെയും, നിർമ്മലമായതൊക്കെയും, രമ്യമായതൊക്കെയും,**

**സൽക്കീർത്തിയായതൊക്കെയും, സൽഗുണമോ, പുകഴ്ചയോ അതൊക്കെയും ചിന്തിച്ചുകൊൾവിൻ.**

ഫിലി.4:8

- **യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിങ്കൽ നിങ്ങൾക്കു വളരുവാനുള്ള കൃപയിൽ പൂർണ്ണപ്രത്യാശവച്ചുകൊൾവിൻ.**

  2 തിമൊ.4:8; 1 പത്രോ.1:13; എബ്രാ.11:26

- **നിങ്ങളുടെ നെഗറ്റീവായ മനോഭാവത്തിനുപകരം, വിശ്വാസം, പ്രത്യാശ, ധൈര്യം ഇവ ധരിക്കുക.**

  മത്താ.14:26–33; മർ.11:22–24; യോഹ.14:1; വെളി.21:8

- **ദൈവവചനവും അവന്റെ വാഗ്ദത്തങ്ങളും സത്യമാണെന്ന് വിശ്വസിക്കുക.**

  എബ്രാ.11:1–40

- **മടുത്തുപോകാതെ പ്രാർത്ഥിക്കുക.**

  ലൂക്കോ.18:1; കൊലോ.4:2; 1 തെസ്സ.5:17

- **പൂർണ്ണഹൃദയത്തോടെ ദൈവത്തെ അന്വേഷിക്കുക. നിങ്ങളുടെ അവയവങ്ങളെ നീതിയുടെ ആയുധങ്ങളായി സമർപ്പിക്കുക.**

  സങ്കീ.63:1; 119:2–3; 10; യെശ.26:8–9; 55:6; റോമ.6:13

- **നീതിയെ പിൻതുടരുക. ദൈവീക കല്പനകൾ അനുസരിക്കുവാൻ തിടുക്കമുള്ളവരാകുക. ദൈവീക രാജ്യ വ്യാപ്തിക്കുതകുന്ന കാര്യങ്ങൾ ചെയ്യുക.**

  സങ്കീ.119:59–60; മത്താ.6:33; റോമ.14:19; ഗലാ.6:8–9; 2 തിമൊ.2:22

**11. സകല അനുഗ്രഹങ്ങൾക്കും നന്ദിയുള്ളവരായി ദൈവത്തിൽ സന്തോഷിക്കുക (Rejoice)**

> ***"എപ്പോഴും സന്തോഷിപ്പിൻ; ഇടവിടാതെ പ്രാർത്ഥിപ്പിൻ; എല്ലാറ്റിനും സ്തോത്രം ചെയ്വിൻ, ഇതല്ലോ നിങ്ങളെക്കുറിച്ചു ക്രിസ്തുയേശുവിൽ ദൈവേഷ്ടം." (1 തെസ്സ.5:16,17)***

പല പ്രലോഭനങ്ങളും പൊട്ടിമുളയ്ക്കുന്നത്, നമ്മുടെ സാഹചര്യങ്ങളിൽ നാം തൃപ്തരല്ലാത്തതിനാലാണ്. നമുക്ക് ഇതിലും മെച്ചമായത് ലഭിക്കുന്നതിനായി നാം വാഞ്ചിക്കും. മറ്റുള്ളവരേക്കാൾ താണവരായി നമ്മെ ചിത്രീകരിക്കുവാൻ നാം ആഗ്രഹിക്കാറില്ല. അതിനാൽ മറ്റുള്ളവരേക്കാൾ എപ്രകാരം നാം ശ്രേഷ്ഠർ എന്ന് കാട്ടിക്കൊടുക്കുവാനുള്ള വ്യഗ്രതയിൽ നാം അകപ്പെട്ടു. അത് മറ്റുള്ളവരുടെ കുറ്റം കണ്ടുപിടിക്കുവാനും അകാരണമായി അവരെ വെറുക്കുവാനും നമ്മെ പ്രേരിപ്പിക്കും. നാം ആയിരിക്കുന്ന അവസ്ഥയിൽ ദൈവത്തോട് നന്ദിയുള്ളവരായിരിക്കുവാൻ പ്രാർത്ഥിക്കുക. മറ്റുള്ളവരോട് ദേഷ്യപ്പെടുവാൻ നിങ്ങൾ പ്രകോപിതരാകാറുണ്ടോ? അവരെക്കുറിച്ച് ഓർത്ത് ദൈവത്തിനു നന്ദികരേറ്റുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക. അപ്രകാരം നിങ്ങൾ ചെയ്താൽ ഒരു പക്ഷേ അവർ നിങ്ങളുടെ ശത്രുക്കൾ ആണെങ്കിൽപോലും നിങ്ങൾക്ക് അവരോട് വെറുപ്പുതോന്നുകയില്ല.  ഇല്ലാത്തതിനെ ഓർത്ത് നിങ്ങൾ ആകുലപ്പെടാറുണ്ടോ? നിങ്ങൾക്ക് ഉള്ളതിനെയോർത്ത് ദൈവത്തെ സ്തുതിക്കുക. ദൈവം നിങ്ങൾക്കുതന്നെ സകല നന്മകളെയും ഓർത്ത് അവനു നന്ദികരേറ്റുവാൻ തുടങ്ങിയാൽ നിങ്ങളുടെ ഇല്ലായ്മയെ ഓർത്ത് നിങ്ങൾ ഭാരപ്പെടുകയില്ല. മറ്റുള്ള വ്യക്തികളോ, സാഹചര്യങ്ങളോ ആണ് നമ്മുടെ പ്രശ്നങ്ങൾക്ക് കാരണം എന്നാണ് നാം പലപ്പോഴും ചിന്തിക്കുന്നത്. യഥാർത്ഥത്തിൽ, നാം തന്നെയാണ് നമ്മുടെ പ്രശ്നങ്ങൾക്ക് കാരണം. ദൈവത്തിൽ സന്തോഷിച്ച്, സ്ത്രോത്രം ചെയ്യുക അവനു സ്തുതിപാടുക. പ്രലോഭനങ്ങളെ കെടുത്തുവാൻ ദൈവം ശക്തി നൽകും. സകല ആവശ്യങ്ങൾക്കുമായി ദൈവത്തിൽ ആശ്രയിക്കുക. പാപസ്വഭാവങ്ങളെ താലോലിക്കരുത്. ഉള്ളതിൽ അലംഭാവത്തോടിരിപ്പാൻ പ്രയത്നിക്ക. പ്രലോഭനങ്ങളെ അതിജീവിക്കുന്നതിന്റെ അടുത്തപടി എപ്പോഴും സന്തോഷിക്കുക എന്നതാണ്.

❖ **യേശുക്രിസ്തുവിൽ പുകഴുക; അവൻ നിങ്ങൾക്കായി ചെയ്ത നന്മയോർത്ത് അവനെ സ്തുതിക്കുക.**

സങ്കീ.2:11-12; 35:9; 95:1-2; റോമ.8:31-39; കൊലോ.3:15-17

❖ **നന്ദിയുള്ളവരായിരിക്കുക. എല്ലാറ്റിനും സ്തോത്രം ചെയ്യുക. ഇതല്ലോ ക്രിസ്തുവേശുവിൽ നിങ്ങളെക്കുറിച്ചുള്ള ദൈവേഷ്ടം.**
എഫെ.5:20; കൊലോ.3:17; 1 തെസ്സ.5:16-18

- **ദൈവം നിങ്ങൾക്കു നൽകിയ സകല നന്മകളും ഓർക്കുക. ഇല്ലാത്തതിനെ ഓർത്ത് ആകുലപ്പെടരുത്. ദൈവം ചെയ്ത നന്മകൾ ഒന്നും മറക്കരുത്.**

  സങ്കീ.103:1-5

- **എപ്പോഴും സന്തോഷിക്കുക.**

  സങ്കീ.34:1-3; 35:28; ഫിലി.4:4; 1 തെസ്സ.5:16-18

- **നിരന്തരം ദൈവത്തിനു സ്തുതിപാടുക.**

  സങ്കീ.9:1-2; 22:22-24; 40:1-4; 63:3-5; 77:6; 108:1-6; യെശ.12:5; എഫെ. 5:19; കൊലോ.3:16

- **പ്രതിസന്ധികൾക്കും ബലഹീനതകൾക്കും ശോധനകൾക്കുമായി നന്ദികരേറ്റുക.**

  റോമ.5:3-5; 8:21; 2 കൊരി.12:7-10; യാക്കോ.1:2-4; 1 പത്രോ.1:6-9

**12. ജഡിക നിമിഷങ്ങളെ അപജയപ്പെടുത്തുക (Reverse). നിങ്ങളുടെ ജീവിതത്തെ ആത്മാവിൽ പണിയുക.**

> ***"ആകയാൽ നിങ്ങളുടെ മനസ്സ് ഉറപ്പിച്ചു നിർമ്മലരായി യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിങ്കൽ നിങ്ങൾക്കു വരുവാനുള്ള കൃപയിൽ പൂർണ്ണപ്രത്യാശ വച്ചുകൊൾവിൻ. പണ്ടു നിങ്ങളുടെ അജ്ഞാതകാലത്ത് ഉണ്ടായിരുന്ന മോഹങ്ങളെ മാതൃകയാക്കാതെ നിങ്ങളെ വിളിച്ച വിശുദ്ധന് ഒത്തവണ്ണം അനുസരണമുള്ള മക്കളായി എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ" (1 പത്രോ.1:14-16)***

നാം ക്ഷീണിതരാകുമ്പോൾ പ്രലോഭനങ്ങൾക്ക് വശംവദരാകാറുണ്ട്. ഭോഗം, ദേഷ്യം, ഈർഷ്യ, അലസത എന്നിവയെല്ലാം നാം ക്ഷീണിക്കുമ്പോഴോ, ഉറക്കക്കുറവുമൂലമോ ഉണ്ടാകാറുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ ഏറ്റവും നല്ല പരിഹാരം രാത്രിയിലെ പൂർണ്ണ വിശ്രമം ആണ്. നമുക്ക് സ്ഥിരമായി വിശ്രമം ലഭിക്കുന്നു എന്ന് ഉറപ്പാക്കണം. ചിലപ്പോൾ ചില വ്യക്തികളുടെ സാന്നിധ്യം നമ്മെ പഴയ ചില സ്വഭാവരീതികളിലേക്ക് നയിച്ചേക്കാം. ഒരുപക്ഷേ നാം എങ്ങനെയോ പാപത്തിൽ അകപ്പെട്ടു, അത് നമ്മേ വീണ്ടും കൂടുതലായി പാപം ചെയ്യുവാൻ പ്രേരിപ്പിക്കുന്നുണ്ടാകാം.

അത് നമ്മെ കൂടുതൽ അധമരാക്കുവാൻ ശ്രമിക്കും. സാഹചര്യം എന്തുതന്നെ ആയാലും നാം അതിനെ മറികടന്ന്, അതിജീവിക്കണം. പ്രലോഭനങ്ങളെ അതിജീവിക്കുന്നതിന്റെ അവസാനപടി എന്നത് അത്തരം പാപസന്ദർഭങ്ങളെ അപജയപ്പെടുത്തുകയാണ്. തിരുവചനം വായിക്കുക, നന്നായി വിശ്രമിക്കുക. പുനഃനിർമ്മിതിക്കാവശ്യമായ ചുവടുകൾ നാം ശ്രദ്ധയോടെ മുന്നേറി, ആത്മാവിനെ അനുസരിച്ചു ജീവിക്കുമ്പോൾ, ജഡീകചിന്തകളെ അതിജീവിക്കുവാൻ സാധിക്കും.

❖ **ക്രമമായി വിശ്രമം ലഭിക്കത്തക്കവിധം നിങ്ങളുടെ ജീവിതത്തെ ക്രമീകരിക്കുക. നേരത്തേതന്നെ കിടക്കുക രാവിലെ ഉണർന്ന് കർത്താവുമായി സമയം പങ്കിടുക.**

സങ്കീ.4:8; 119:147-148; 127:1-2; സദൃ.3:21-24; 8:34

❖ ജയിക്കാനായി ഓട്ടം സ്ഥിരതയോടെ ഓടുക, അനാവശ്യകാര്യങ്ങൾ ഒഴിവാക്കുക. സമയം തക്കത്തിൽ ഉപയോഗിക്കുക.

1 കൊരി.9:24-27; എഫെ.5:15-17

❖ **ഉപവാസം, തിരുവചനധ്യാനം, ദൈവത്തെ സ്തുതിക്കുക, ദൈവമക്കളുമായി കൂട്ടായ്മ ഇവയാൽ ജഡീകമോഹങ്ങളിൽ നിന്നും വിടുതൽ നേടുക. ദൈവവചനം ധ്യാനിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും സമയം കണ്ടെത്തുക.**

മർ.2:20; അ.പ്ര.6:4; കൊലോ.3:16; എബ്രാ.10:24-25

❖ **നിങ്ങളുടെ വാക്കിലും, പ്രവൃത്തിയിലും ചിന്തയിലും വിശുദ്ധിയുള്ളവരാകുക.**

മത്താ.5:48; 1 പത്രോ.1:14-16

❖ **ദൈവവുമായുള്ള ബന്ധം പുനഃസ്ഥാപിക്കുക. പുനഃനിർമ്മാണത്തിനുള്ള പടികൾ ആചരിക്കുക.**

## A ദൈവവുമായുള്ള നിങ്ങളുടെ ബന്ധത്തെ പുനർനിർമ്മിക്കുക

**പ്രലോഭനങ്ങളുടെ തീവ്രത കുറയ്ക്കുവാനാവശ്യമായ മുൻകരുതലുകൾ**

❖ **"ആകയാൽ നിങ്ങൾ ദൈവത്തിനു കീഴടങ്ങുവിൻ. പിശാചിനോട് എതിർത്തു നില്പിൻ; എന്നാൽ അവൻ നിങ്ങളെ വിട്ട് ഓടിപ്പോകും. ദൈവത്തോട് അടുത്തു ചെല്ലുവിൻ; എന്നാൽ അവൻ നിങ്ങളോട് അടുത്തുവരും." (യാക്കോ.4:7-8)**

**1. ദൈവത്തെ ബഹുമാനിക്കുക (Revere)**

❖ "യഹോവാഭക്തികൊണ്ട് മനുഷ്യർ ദോഷത്തെ വിട്ടകലുന്നു" (സദൃ.16:66)

**2. നിങ്ങളുടെ പാപങ്ങളെ ദൈവത്തോട് ഏറ്റു പറയുക (Repent)**

"തന്റെ ലംഘനങ്ങളെ മറയ്ക്കുന്നവനു ശുഭം വരികയില്ല. അവയെ ഏറ്റു പറഞ്ഞ് ഉപേക്ഷിക്കുന്നവനോ കരുണ ലഭിക്കും." (സദൃ.28:12)

**3. നിങ്ങളുടെ വീഴ്ചയ്ക്കു കാരണമായേക്കാവുന്ന എല്ലാം നിങ്ങളുടെ ചുറ്റുവട്ടത്തുനിന്നും നീക്കുക. (Remove).**

"കർത്താവായ യേശുക്രിസ്തുവിനെ തന്നെ ധരിച്ചുകൊൾവിൻ. മോഹങ്ങൾ ജനിക്കുമാറു ജഡത്തിനായി ചിന്തിക്കരുത്" (റോമ.13:14)

**4. ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ മനസ്സു പുതുക്കുക (Renew)**

"എന്റെ വചനത്തിൽ നില നില്ക്കുന്നു എങ്കിൽ നിങ്ങൾ വാസ്തവമായി എന്റെ ശിഷ്യന്മാരായി സത്യം അറികയും സത്യം നിങ്ങളെ സ്വതന്ത്രന്മാരാക്കുകയും ചെയ്യും" (യോഹ.8:31-32)

**5. ദൈവത്തോട് തീഷ്ണമായ സ്നേഹം ജ്വലിപ്പിക്കുക (Rekindle)**

"യേശു അവനോട് നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണ ഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണ മനസ്സോടുംകൂടെ സ്നേഹിക്കണം. ഇതാകുന്നു വലിയതും ഒന്നാമത്തേതുമായ കല്പന." (മത്താ. 22:37-38)

**6. ജീവനുള്ള യാഗമായി ദൈവമുമ്പാകെ പുനഃസമർപ്പിക്കുക (Rededicate)**

"സഹോദരന്മാരേ, ഞാൻ ദൈവത്തിന്റെ മനസ്സലിവ് ഓർപ്പിച്ച് നിങ്ങളെ പ്രബോധിപ്പിക്കുന്നത്, നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ" (റോമ.12:1)

**7. ആത്മാവിന്റെ പൂർണ്ണത വീണ്ടെടുക്കുക (Regain)**

"വീഞ്ഞു കുടിച്ചു മത്തരാകരുത്; അതിനാൽ ദുർന്നടപ്പ് ഉണ്ടാകുമല്ലോ" (എഫെ.5:18)

**8. ദൈവത്തെ പൂർണ്ണമായി അനുസരിക്കുന്നതിനും സേവിക്കുന്നതിനുമായി പുനഃസമർപ്പിക്കുക (Recommit)**

"നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ കല്പനകളെ കാത്തുകൊള്ളും" (യോഹ.14:15)

**9. പ്രലോനങ്ങൾക്കെതിരെ നിങ്ങളെ സജ്ജമാക്കുക (Ready)**

"മറ്റുള്ളവരോട് പ്രസംഗിച്ച ശേഷം ഞാൻ തന്നെ കൊള്ളരുതാത്തവനായി പോകാതിരിക്കേണ്ടതിന് എന്റെ ശരീരത്തെ ദണ്ഡിപ്പിച്ച് അടിമയാക്കുരയത്രേ ചെയ്യുന്നത്." (1 കൊരി.9:27)

**10. പ്രാർത്ഥനയാൽ ശക്തിയാർജ്ജിക്കുക (Reinforce)**

" ഞങ്ങളെ പരീക്ഷയിൽ കടത്താതെ ദുഷ്ടങ്കൽ നിന്നു ഞങ്ങളെ വിടുവികികേണമേ." (മത്താ.6:13)

**11. ഉത്തരവാദിത്വബോധമുള്ള ഒരു പങ്കാളിയെ തിരഞ്ഞെടുക്കുക (Recruit)**

"ഇരുമ്പ് ഇരുമ്പിനു മൂർച്ചകൂട്ടുന്നു; മനുഷ്യൻ മനുഷ്യന് മൂർച്ചകൂട്ടുന്നു" (സദൃ.27:17)

**12. ദൈവത്തിൽ വിശ്രമിക്കുക; അവനിൽ പൂർണ്ണമായി ആശ്രയിക്കുക; അവനായി ക്ഷമയോടെ കാത്തിരിക്കുക (Rest)**

"നിന്റെ വഴി യഹോവയെ ഭരമേല്പിക്കുക. അവനിൽ തന്നെ ആശ്ര

യിക്കുക. യഹോവയുടെ മുമ്പാകെ മിണ്ടാതെയിരുന്ന് അവനായി പ്രത്യാശിക്ക." (സങ്കീ.32:5,7)

### എതിർക്കുന്നതിന്റെ പടികൾ - സംക്ഷിപ്തം

### B. പ്രലോഭനങ്ങൾ വരുമ്പോൾ അതിനെ എതിർക്കുക (Resist)

പ്രലോഭനങ്ങളെയും പാപത്തെയും പരാജയപ്പെടുത്തുവാൻ പെട്ടെന്ന് പ്രതികരിക്കുക.

"ആകയാൽ നിങ്ങൾ ദൈവത്തിനു കീഴടങ്ങുവിൻ; പിശാചിനോട് എതിർത്തു നില്പിൻ; എന്നാൽ അവൻ നിങ്ങളെ വിട്ട് ഓടിപ്പോകും. ദൈവത്തോട് അടുത്തു ചെല്ലുവിൻ; എന്നാൽ അവൻ നിങ്ങളോട് അടുത്തുവരും. പാപികളേ, കൈകളെ വെടിപ്പാക്കുവിൻ; ഇരുമനസ്സുള്ളവരേ, ഹൃദയങ്ങളെ ശുദ്ധീകരിപ്പിൻ" (യാക്കോ.4:7-8)

**1. പ്രലോഭനങ്ങളെ തിരിച്ചറിയുക: (Recognize) പാപത്തെക്കുറിച്ച് നിങ്ങൾ അജ്ഞരാകരുത്.**

"വഞ്ചനപ്പെടാതിരിപ്പിൻ; ദൈവത്തെ പരിഹസിച്ചുകൂടാ. മനുഷ്യൻ വിതയ്ക്കുന്നതുതന്നെ കൊയ്യും." (ഗലാ.6:7)

**2. പ്രലോഭനങ്ങളുടെ പരിണതഫലങ്ങളും അവസരങ്ങളും മനസ്സിലാക്കുക. (Realize)**

"ജഡത്തിൽ വിതയക്കുന്നവൻ ജഡത്തിൽ നിന്നു നാശം കൊയ്യും. ആത്മാവിൽ വിതയ്ക്കുന്നവൻ ആത്മാവിൽ നിന്നും നിത്യജീവനെ കൊയ്യും" (ഗലാ.6:8)

### 3. പാപത്തിന്റെ ഫലമായുണ്ടാകുന്ന വേദനയും, നാശവും, കോപവും, ന്യായവിധിയും ഓർക്കുക (Remember)

"നിങ്ങൾക്ക് അന്ന് എന്തൊരു ഫലം ഉണ്ടായിരുന്നു? ഇപ്പോൾ നിങ്ങൾക്കു ലജ്ജ തോന്നുന്നതുതന്നെ." (റോമ.6:21)

**4. തിരുവചനം മനഃപാഠമാക്കുക (Recite). യേശുവിന്റെ നാമത്തിൽ പിശാചിനെ ശാസിക്കുക.**

"യേശു അവനോട് : സാത്താനേ, എന്നെ വിട്ടുപോ, നിന്റെ ദൈവമായ കർത്താവിനെ നമസ്ക്കരിച്ച് അവനെ മാത്രമേ ആരാധിക്കാവൂ" എന്ന്

എഴുതിയിരിക്കുന്നുവല്ലോ എന്നു പറഞ്ഞു. (മത്താ.4:10)

**5. പ്രലോഭനങ്ങളെ തുടർമാനമായി നിരാകരിക്കുക (Refuse)**

"ആകയാൽ പാപം നിങ്ങളുടെ മർത്യശരീരത്തിൽ അതിന്റെ മോഹങ്ങളെ അനുസരിക്കുമാറ് ഇനി വാഴരുത്; നിങ്ങളുടെ അവയവങ്ങളെ അനീതിയുടെ ആയുധങ്ങളായി പാപത്തിനു സമർപ്പിക്കുകയും അരുത്." (റോമ.6:12-13)

**6. പ്രലോഭനങ്ങളുടെ ഉറവിടങ്ങളിൽ നിന്നും ഉടനടി പിൻവാങ്ങുക. (Retreat) : ഓടിപോവുക!**

"യൗവനമോഹങ്ങളെ വിട്ടോടി നീതിയും വിശ്വാസവും സ്നേഹവും ശുദ്ധഹൃദയത്തോടെ കർത്താവിനെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരോടു സമാധാനവും ആചരിക്ക" (2 തിമൊ.2:22)

**7. പാപസംബന്ധമായി മരിച്ചവർ എന്നും ക്രിസ്തുയേശുവിൽ ദൈവത്തിനു ജീവിക്കുന്നവരായി എണ്ണുവിൻ (Reckon)**

"അവൻ മരിച്ചതു പാപസംബന്ധമായി ഒരിക്കലായിട്ടു മരിച്ചു; അവൻ ജീവിക്കുന്നതോ ദൈവത്തിനു ജീവിക്കുന്നു. അവ്വണ്ണം നിങ്ങളും പാപസംബന്ധമായി മരിച്ചവർ എന്നും ക്രിസ്തുയേശുവിൽ ദൈവത്തിനു ജീവിക്കുന്നവർ നിങ്ങളെത്തന്നെ എണ്ണുവിൻ."(റോമ.6:10-11)

**8. ദൈവസഹായത്തിനായി അപേക്ഷിക്കുക (Request)**

"കർത്താവായ യഹോവ, എന്റെ കണ്ണ് നിങ്കലേക്ക് ആകുന്നു; ഞാൻ നിന്നെ ശരണമാക്കുന്നു. എന്റെ പ്രാണനെ തൂകിക്കളയരുതേ. അവർ എനിക്കുവച്ചിരിക്കുന്ന കെണിയിലും ദുഷ്പ്രവൃത്തിക്കാരുടെ കുടുക്കുകളിലും അകപ്പെടാത്തവണ്ണം എന്നെ കാക്കേണമേ." (സങ്കീ. 141:8-9)

**9. ഏതു വിധത്തിലും അതിജീവിക്കുവാനായി ദൃഢനിശ്ചയമെടുക്കുക (Resolve)**

"വക്രഹൃദയം എന്നോട് അകന്നിരിക്കും; ദുഷ്ടതയെ ഞാൻ അറികയില്ല" (സങ്കീ.101:4)

**10. ജഡീകചിന്തകൾക്കുപകരം ആത്മീകചിന്തകളെ പുനഃസ്ഥാപിക്കുക (Replace)**

"ജഡത്തിന്റെ ചിന്ത മരണം, ആത്മാവിന്റെ ചിന്തയോ ജീവനും സമാധാനവും തന്നെ" (റോമ.8:6)

**11. സകല അനുഗ്രഹങ്ങൾക്കും നന്ദിയുള്ളവരായി ദൈവത്തിൽ സന്തോഷിക്കുക (Rejoice)**

"എപ്പോഴും സന്തോഷിപ്പിൻ; ഇടവിടാതെ പ്രാർത്ഥിപ്പിൻ; എല്ലാറ്റിനും സ്തോത്രം ചെയ്‌വിൻ, ഇതല്ലോ നിങ്ങളെക്കുറിച്ചു ക്രിസ്തുയേശുവിൽ ദൈവേഷ്ടം." (1 തെസ്സ.5:16,17)

**12. ജഢിക നിമിഷങ്ങളെ അപജയപ്പെടുത്തുക (Reverse) നിങ്ങളുടെ ജീവിതത്തെ ആത്മാവിൽ പണിയുക.**

"ആകയാൽ നിങ്ങളുടെ മനസ്സ് ഉറപ്പിച്ചു നിർമ്മലരായി യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിങ്കൽ നിങ്ങൾക്കു വരുവാനുള്ള കൃപയിൽ പൂർണ്ണപ്രത്യാശ വച്ചുകൊൾവിൻ. പണ്ടു നിങ്ങളുടെ അജ്ഞാതകാലത്ത് ഉണ്ടായിരുന്ന മോഹങ്ങളെ മാതൃകയാക്കാതെ നിങ്ങളെ വിളിച്ച വിശുദ്ധന് ഒത്തവണ്ണം അനുസരണമുള്ള മക്കളായി എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ" (1 പത്രോ.1:14-16)

# ഉപസംഹാരം

പ്രിയ സ്നേഹിതരേ,

ഈ ഗ്രന്ഥത്തിലെ തത്വങ്ങൾ നിങ്ങൾക്ക് വളരെയധികം പ്രയോജനപ്പെടും എന്നു ഞാൻ വിശ്വസിക്കുന്നു. ഇത് ചിലർക്കെങ്കിലും യേശുക്രിസ്തുവിലെ രക്ഷയെ സ്വായത്തമാക്കുവാൻ ഉപകരിക്കും എന്ന് ഞാൻ പ്രതീക്ഷിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു

ഞാൻ ഈ ലഘുഗ്രന്ഥം എഴുതിയതിനുശേഷമുള്ള കഴിഞ്ഞ 15 ലധികം വർഷങ്ങൾ പുറകോട്ടു നോക്കിയാൽ, പ്രലോഭനങ്ങളെ അതിജീവിക്കുവാൻ എപ്പോഴെല്ലാം എന്റെ സ്വന്ത ബലത്തിൽ ആശ്രയിച്ചുവോ, അപ്പോഴെല്ലാം അത് പരാജയമായിരുന്നു എന്ന് എനിക്ക് മനസ്സിലായി. “ജഡത്താൽ ജഡത്തെ അതിജീവിക്കുവാൻ സാധ്യമല്ല” എന്ന ചൊല്ല് അന്വർത്ഥമാണ്. എന്റെ എല്ലാ നല്ല പ്രയത്നങ്ങളാലും, എന്റെ ബലത്താലും, നിശ്ചയദാർഢ്യത്താലും, എന്റെ പദ്ധതികളുടെ വ്യക്തതയാലും എന്റെ ഉദ്ദേശശുദ്ധിയാലും പാപത്തോട് പോരാടുവാൻ എന്റെ ജഡീകബലം മതിയാകയില്ല. ഞാൻ എത്രമാത്രം കഠിനമായി പരിശ്രമിച്ചാലും, പാപത്തെയും അഹങ്കാരത്തെയും അതിജീവിക്കുവാൻ എനിക്ക് കഴിയുകയില്ല. ചില സമയങ്ങളിൽ അഹങ്കാരത്തേയും മറ്റു ചിലസമയങ്ങളിൽ നിരാശയേയും തരണം ചെയ്യുവാൻ കഴിയുന്നില്ല. പ്രലോഭനങ്ങളെ അതിജീവിക്കുവാനുള്ള ഇച്ഛാശക്തിപോലും ബലഹീനമായി പോകാറുണ്ട്, വിശേഷിച്ചും വലിയ കഷ്ടനഷ്ടങ്ങൾ നേരിടുന്ന വേളകളിൽ.

എന്നാൽ യേശുക്രിസ്തുവിന്റെ ശക്തിയാൽ – തന്റെ ജീവിതകാലം മുഴുവൻ പാപം കൂടാതെ ജീവിച്ചവൻ, അതികഠിനമായ ശോധനകളും പ്രലോഭനങ്ങളും അതിജീവിച്ചവൻ, (എബ്രാ.4:14–16) – അവന്റെ ജീവനാലും അവന്റെ അളവറ്റ ശക്തിയാലും മാത്രമേ എനിക്ക് പ്രലോഭനങ്ങളെ അതിജീവിക്കുവാൻ സാധിക്കുയുള്ളൂ. ക്രിസ്തുവിൽ നമുക്ക് നൽകപ്പെട്ടിരിക്കുന്ന അനവധിയായ വിഭവങ്ങളെ നാം എപ്രകാരം ഉപയോഗിക്കും എന്ന

തിനെ ആശ്രയിച്ചിരിക്കും നമ്മുടെ വിജയവും. സമ്പൂർണ്ണമായി നാം അവ നിലും, പരിശുദ്ധാത്മാവിലും ആശ്രയിക്കുമ്പോൾ നമുക്ക് പ്രലോഭനങ്ങളെ അതിജീവിക്കുവാനാവശ്യമായ ദൈവകൃപ ലഭ്യമാകും. നാം ദിനംതോറും തുടർമാനമായി ക്രിസ്തുവിലും പരിശുദ്ധാത്മാവിലും ആശ്രയിക്കുമ്പോൾ, അവൻ നമുക്കുവേണ്ടി കാൽവരിക്രൂശിൽ ചിന്തിയ രക്തത്തിന്റെ ശക്തി യാൽ പ്രലോഭനങ്ങളെ അതിജീവിക്കുവാൻ നമുക്ക് സാധിക്കും.

നിന്നിൽ വസിക്കുന്ന മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു ആണ് പ്രലോഭനങ്ങളെ അതിജീവിക്കുവാൻ നിന്നെ പ്രാപ്തനാക്കുന്നത്. നിങ്ങ ളുടെ ഇന്ദ്രിയജയത്തിലോ, സ്വയ തീരുമാനത്തിലോ ആശ്രയിച്ച് വഞ്ചിക്ക പ്പെടരുത്. അവ നിങ്ങളെ പരാജയത്തിലേക്ക് നയിക്കും. നിങ്ങൾ വീഴു മ്പോൾ അനാവശ്യമായി അധൈര്യപ്പെടരുത്. നിങ്ങൾക്ക് ഇടർച്ചവരുന്നത് വീണ്ടും കൂടുതൽ കഠിനമായ പാപത്തിലേക്ക് നയിക്കുവാനിടയാക്കരുത്. പാപത്തോടു പോരാടുന്നതിൽ പ്രാണത്യാഗത്തോളം എതിർത്തു നിൽക്ക ണം. നിങ്ങളുടെ പാപങ്ങളെ ദൈവത്തോട് ഏറ്റുപറഞ്ഞ് ഉപേക്ഷിച്ച് (1 യോഹ.1:8, 10), എത്രയുംവേഗം നിങ്ങൾ പാപത്തിൽ നിന്നും ശാശ്വത മായി അകന്നു നിൽക്കുവാനുള്ള ദൈവകൃപയെ ചോദിക്കുക. സാത്താൻ നിങ്ങളെ നിരുൽസാഹപ്പെടുത്തുകയും, നിങ്ങൾക്ക് ഒരിക്കലും പ്രലോഭന ങ്ങളെ അതിജീവിക്കുവാൻ കഴിയുകയില്ലെന്ന് ബോധ്യപ്പെടുത്തുവാൻ ശ്രമി ക്കുകയും ചെയ്യും. നിങ്ങൾക്ക് ഒരിക്കലും ദൈവത്തിൽ നിന്ന് കരുണ ലഭിക്കുകയില്ല, അതിനാൽ പ്രലോഭനങ്ങളെ അതിജീവിക്കേണ്ടതില്ല എന്ന് അവൻ നിങ്ങളെ തെറ്റിദ്ധരിപ്പിക്കുവാൻ ശ്രമിക്കും. ഇത്തരം പൈശാചിക ചിന്തകൾക്ക് വശംവദരാകരുത്. ക്രിസ്തുവിൽ നമുക്ക് എപ്പോഴും പ്രത്യാ ശിക്കാം. നിങ്ങളുടെ ചിന്തകൾക്കതീതമായി അവൻ നിങ്ങളോട് ക്ഷമിച്ച്, നിങ്ങളെ സൗഖ്യമാക്കി അനുഗ്രഹിക്കുവാൻ നമ്മുടെ രക്ഷകനായ കർത്താവ് നമ്മോടൊപ്പം ഉണ്ട്. അതിനാൽ പൂർണ്ണമായും ദൈവകരങ്ങ ളിൽ നിങ്ങളെ സമർപ്പിക്കുക.

ഈ ആഗോള മഹാമാരിയുടെ പശ്ചാത്തലത്തിൽ ഒരു ചിന്തകൂടി പങ്കു വയ്ക്കുവാൻ ആഗ്രഹിക്കുന്നു. യെഹെസ്ക്കേൽ 8, 9 അദ്ധ്യായങ്ങളിൽ, യിസ്രായേൽ ഗ്രഹം ദൈവത്തോട് പാപം ചെയ്യുകയും, “യഹോവ നമ്മെ

കാണുന്നില്ല യഹോവ ദേശത്തെ വിട്ടുപോയിരിക്കുന്നു" (യെഹെ. 8:12; 9:9) എന്നു പറയുകയും ചെയ്തതിനാൽ യഹോവ അവരെ ശാസിക്കുന്നു.

ഒരുപക്ഷേ ഈ കാലയളവിൽ ലോകത്തിലെ സംഭവവികാസങ്ങൾ നിങ്ങളെ ശോധനയിലൂടെ കടത്തിവിടുന്നുണ്ടാകാം. നിങ്ങളുടെ കഴിഞ്ഞ കാല ജീവിതത്തിലേക്ക് മടങ്ങിപ്പോയി, ദൈവമെന്നു തോന്നിപ്പിക്കുന്ന വിഗ്ര ഹങ്ങളെ സേവിക്കാമെന്ന് നിങ്ങൾ ചിന്തിച്ചേക്കാം. ഇത് നിങ്ങളെ പാപ ത്തിലേക്ക് വീഴ്ത്തുവാൻ സാത്താൻ പ്രയോഗിക്കുന്ന ഒരു തന്ത്രമാണ്. "ഞാൻ നിന്നെ ഒരു നാളും കൈവിടുകയില്ല, ഉപേക്ഷിക്കയുമില്ല" എന്ന് അവൻ തന്നെ അരുളി ചെയ്തിരിക്കുന്നുവല്ലോ. ആകയാൽ കർത്താവ് എനിക്ക് തുണ; ഞാൻ പേടിക്കയില്ല, മനുഷ്യൻ എന്നോട് എന്തു ചെയ്യും എന്ന് നമുക്ക് ധൈര്യത്തോടെ പറയാം (എബ്രാ. 13:5–6) ഈ പ്രയാസവേ ളകളെ അതിജീവിക്കുവാനും അധികമായി ദൈവത്തിൽ ആശ്രയിക്കു വാനും നമുക്ക് ദൈവകൃപയ്ക്കായി യാചിക്കാം. പ്രതിസന്ധികളെ തരണം ചെയ്ത് മുന്നേറുവാൻ ദൈവം നമ്മെ പ്രാപ്തരാക്കും.

അധികമായ വിശുദ്ധിക്കും, കൂട്ടായ്മക്കുമായി നമുക്ക് കൂടുതലായി ക്രിസ്തുവിൻ ആശ്രയിക്കാം. നമ്മിൽ വിശ്വാസവും സ്നേഹവും വിശു ദ്ധിയും വർദ്ധിപ്പിക്കുവാൻ അവൻ ആഗ്രഹിക്കുന്നു. സൗമ്യതയും, പരി ശുദ്ധാത്മനിറവും, സ്വന്തപാപങ്ങൾ തിരിച്ചറിഞ്ഞ് അവയെ അതിജീവിക്കു ന്നതിനാവശ്യമായ ദൈവകൃപയും ദാനം ചെയ്യുവാൻ നമ്മുടെ കർത്താവ് മതിയായവൻ തന്നെ! അവനെ പൂർണ്ണഹൃദയത്തോടെ അന്വേഷിക്കുവാനും പ്രലോഭനങ്ങളെ അതിജീവിക്കുവാനും സർവ്വ വല്ലഭനായ ദൈവം നിങ്ങൾക്ക് കൃപ നൽകി നിങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ.

ക്രിസ്തുവിൽ

റാൽഫ് ലോയ്ഡ്

നവംബർ 2020